# മണിവിളക്ക്

ലക്കം 5 | മെയ് 2024

‘വെള്ളത്തിൽ നിന്നും ഗെദഓൻ
പോരിന്നാളുകളെ ചേർത്തു
മിശിഹാ തന്നാരാധകരെ
സ്നാനത്തിൻ നീരിൽ നിന്നും‘



www.manivilaku.com

# മണിവിളക്ക്

ലക്കം 5 | മെയ് 2024 | Private Circulation

## താളുകളിലൂടെ


















01. എഡിറ്റോറിയൽ 03
02. മദ്ബഹാ 04 ,32
03. വി:മാമോദീസാ ദൈവശാസ്ത്ര വീക്ഷണത്തിൽ 08
04. The sacrament of Baptism 13
05. മഹത്വത്തിന്റെ വസ്ത്രം 22
06. ഏഴരപ്പള്ളികൾ 25
07. കുരിശിൻ നിഴലിൽ 27
08. മലങ്കര സഭാ ചരിത്രം 28
09. വി: കുർബാനയുടെ മാഹാത്മ്യം 38
10. കചടതപ 40
11. എഫാത്ത 43
12. ഹൃദയത്തിൽ ക്രിസ്തുവില്ലാത്ത ക്രിസ്ത്യാനികൾ 45
13. അർത്ഥങ്ങളിലെ പെരുന്നാൾ 47
14. കുട്ടികളിലും കൗമാരക്കാരിലും ദന്ത ആരോഗ്യവും സംരക്ഷണയും 51
15. മാലാഖമാർക്ക് കെണിയൊരുക്കുന്നവർ 56
16. ഏകീകൃത സിവിൽകോഡ് 60
17. തനിയെ ഒരാൾ 62
18. കൃപാകരം 66
19. ഓർമ്മയിൽ ആചാര്യന്മാർ 70
20. ടൈം ലൈൻ 72

A Complete Digital Magazine
Inspiration Rev.FR. ABRAHAM KADAMALA
Magazine cover photo: Adam Thomas Tojo

Copyright @ manivilaku.com | Email : editor@manivilaku.com
Ph: 9947825254

# എഡിറ്റോറിയൽ


ഹൈന്ദവ വിശ്വാസത്തിൽ കാവ് എന്നത് സർപ്പദൈവങ്ങളുടെ വാസസ്ഥലമാണ്. പണ്ടു കാലങ്ങളിൽ തറവാടുകളോട് ചേർന്ന് സർപ്പക്കാവുകൾ ഉണ്ടായിരുന്നു. പുണ്യമായി കാത്തുസൂക്ഷിച്ചിരുന്നു അവയെ. കാവുകൾ ധാരാളം മരങ്ങളും മറ്റു ജീവികളുമുള്ള ഒരു ആവാസവ്യവസ്ഥയാണ്. ഇതിലെ സസ്യങ്ങളും ജീവികളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. മരങ്ങൾ ഭൂമിയിൽ ഉള്ളതു കൊണ്ടാണ് ഭൂമിയിൽ ആർദ്രത നിലനിൽക്കുന്നത്, ഇല്ലെങ്കിൽ ഭൂമിയിലെ ഉപരിതലങ്ങളിൽ ജലക്ഷാമം ഉണ്ടാവുകയും ചെയ്യും. ഇതാണ് ഇതിന്റെ ശാസ്ത്രീയ വശം. കാലം ഏറെക്കഴിഞ്ഞപ്പോൾ വികസനവാദികൾ അത് കൈയ്യടക്കി... അങ്ങനെ ദൈവങ്ങളുടെ ഇരിപ്പിടം മനുഷ്യൻ കീഴടക്കി... കാവു കാക്കുന്നത് വിഡ്ഢിത്തമെന്ന് വികസന വാദികൾ പറഞ്ഞു. ജനം അതനുസരിച്ചു. ഫലമോ നദികൾ വറ്റിയെന്ന് നീറിക്കരഞ്ഞു കൊണ്ടാണ് പ്രകൃതിസ്നേഹിയായ എഴുത്തുകാരി സുഗതകുമാരി 'കാവുതീണ്ടല്ലേ' എന്ന ലേഖനസമാഹാരത്തിൽ വിനാശകരമായ വികസനത്തെ വിവരിക്കുന്നത്. കാവുതീണ്ടിയപ്പോൾ കുളം വറ്റി. നമ്മുടെ ആത്മീയജീവിതത്തിന്റെ നേർക്കാഴ്ച്ചയാണിത്. ദൈവാലയ സങ്കൽപ്പങ്ങൾ മനസ്സിനും ശരീരത്തിനും നഷ്ടപ്പെട്ടപ്പോൾ ദൈവത്തിനിട മില്ലാതായി. ഇനിയൊരാവർത്തി കൂടി പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഓർമ്മിക്കാം. ചിലപ്പോൾ അത് നമ്മിൽ മാറ്റങ്ങൾ സൃഷ്ടിക്കാം: നിങ്ങൾ ദൈവത്തിന്റെ ആ ലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ? 1 കോറിന്തോസ് 3 : 16

അടുത്ത ബന്ധുവിന്റെ മാമ്മോദീസ കൂടാൻ പള്ളിയിൽ പോയ ഒരു യുവതിയ്ക്ക്, പള്ളിയിൽ വൈദീകൻ മൈക്കിലൂടെ വിളിച്ചു പറഞ്ഞ നിർദ്ദേശങ്ങൾ വിചിത്രമായി തോന്നുകയും അവർ മനസ്സിലാക്കിയ അഞ്ച് കാര്യങ്ങൾ 'ഈ നാടിനിത് എന്തു പറ്റി'എന്ന തലക്കെട്ടിൽ സോഷ്യൽ മീഡിയയിൽ പങ്കിടുകയുണ്ടായി. വിശുദ്ധ മാമോദീസാ സ്വീകരണ സമയത്തും അതിനു ശേഷവുമുള്ള സുറിയാനി ക്രൈസ്തവരുടെ പൊതുവായ ക്രമങ്ങളെ കുറിച്ച് അറിവോ, ധാരണയോ ഇല്ലാതെയുണ്ടായ പ്രതികരണത്തെ പുരോഗമന ചിന്താഗതിക്കാരായ ക്രിസ്ത്യൻ നാമധാരികളും മറ്റുള്ളവരും യുവതിയെ പ്രകീർത്തിച്ചപ്പോൾ ഓർമ്മയിൽ വന്നത് അന്ധന്മാർ ആനയെ കാണാൻ പോയിവന്ന്;അവർ കൈകൊണ്ട് കണ്ട ആനയെ വിവരിച്ച കഥയാണ്. ഇത് പോലെയുള്ള തെറ്റിദ്ധാരണകൾ അകറ്റുന്നവിധമുള്ള പഠനങ്ങൾ ഉൾക്കൊള്ളിക്കണമെന്ന് 'മണിവിളക്ക്' ഇ മാഗസിന്റെ തുടക്കം മുതൽക്കേ ഉണ്ടായിരുന്നു. ലോട്ടറി വിറ്റ് ഉപജീവനം നടത്തുന്ന അന്ധയായ റോസമ്മ എന്താണ് പള്ളിയിൽ പറഞ്ഞു കൊടുക്കുന്നതെന്നും, എങ്ങനെയാകണം ക്രിസ്ത്യാനിയെന്നും പഠിപ്പിക്കുന്നു.

അകക്കണ്ണിന്റെ വെളിച്ചം കൊണ്ട് ജീവിയ്ക്കുന്ന റോസമ്മ വില്പനയ്ക്ക് വയ്ക്കുന്ന ലോട്ടറികൾ മോഷ്ടിച്ചവരോട് പ്രതികരിച്ചത് നമ്മുക്കും മാതൃകയാകട്ടെ. നിന്റെ ദൈവ വിശ്വാസം അളക്കുന്നതിനുള്ള അളവുകോൽ സ്നേഹത്തിൽ കുതിർന്ന നിന്റെ ജീവിതമാണ്. അവന്റെ രാജ്യം അവകാശപ്പെടുത്തുന്നത് 365 ദിവസവും ദൈവാലയത്തിൽ ചിലവഴിച്ച പുരോഹിതനും ലേവായനുമല്ല, സ്നേഹത്തിൽ കുതിർന്നു ജീവിച്ച ശമരിയാക്കാരനാണ്. ദൈവത്തിനുള്ള ബലിയല്ല, മനുഷ്യനോടുള്ള കാരുണ്യമാണ് സുവിശേഷം ആവശ്യപ്പെടുന്നത്.

എഡിറ്റർ
റ്റോജോ പി തോമസ്
9947825254





ܡܕܪܫܐ

# മദ്റോശോ

## മെയ് 05

### ഉയർപ്പിനുശേഷം 5ാം ഞായർ



തയാറാക്കിയത്
റെവ ഫാ . എബ്രഹാം കാടമല

## ക്രിസ്തു ശിഷ്യന്മാരുടെ ഭാവി എന്തായിത്തീരും?

"നാളയെക്കുറിച്ച് നിങ്ങൾ ആകുലരാകരുത്. നാളത്തെ ദിനം തന്നെ അതിനെക്കുറിച്ച് ആകുലപ്പെട്ടുകൊള്ളും. ഓരോ ദിവസത്തിനും അതതിൻറെ ക്ലേശം മതി" (മത്താ 6/34) ഈശോയുടെ ഈ വാക്കുകളെ ഉദ്ധരിച്ച് കൊണ്ട് ഭാവിയെ കുറിച്ച് യാതൊരു കരുതലും വേണ്ട എന്ന് ചിന്തിക്കുന്നവർ കണ്ടേക്കാം. എന്നാൽ അത് വെറും തെറ്റായ ധാരണ മാത്രമാണന്ന് ഈ സുവിശേഷ ഭാഗത്തിൽ മനസ്സിലാകും. മനുഷ്യ ജാതിയുടെ എല്ലാ പുരോഗതിക്കും കാരണം ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തികളാണെന്നു കാണാം. "സമ്പത്തു കാലത്തു തൈ പത്തു വച്ചാൽ ആപത്തു കാലത്തു കായ് പത്തു തിന്നാം" എന്ന് ബാല്യത്തിൽ ചൊല്ലി പഠിപ്പിച്ചത് നമ്മുടെ പ്രവർത്തികൾ താൽക്കാലിക ലക്ഷ്യം മാത്രം നോക്കി ആകരുതെന്നു കരുതിയാണല്ലോ. എന്തു ഭക്ഷിക്കും, എന്തു പാനം ചെയ്യും, എന്തുടുക്കും എന്നിങ്ങനെ വളരെ അപ്രധാനമായ കാര്യങ്ങളെക്കുറിച്ച് ആകൂലപ്പെടുന്നവരോട് യേശു പറയുന്നത്

ദൈവരാജ്യം പോലെ അമൂല്യവും അതി പ്രധാനവുമായ കാര്യങ്ങൾക്കാണ് ജീവിതത്തിൽ മുൻഗണന നൽകേണ്ടത് എന്നാണ്. ശോഭനമായ ഒരു ഭാവിയുടെ പ്രതീക്ഷയോടു കൂടിയാണല്ലോ നമ്മുടെ പ്രവർത്തികളെല്ലാം ആസൂത്രണം ചെയ്യുന്നത്. ഭാവിയേക്കുറിച്ച് ചിന്തയില്ലാത്തവർക്ക് ധാർമ്മിക ജീവിതമോ ആത്മീയ ജീവിതമോ നയിക്കാൻ സാധിക്കുകയില്ല.

പീഢാനുഭവം, മരണം, ഉത്ഥാനം ഇവയിൽ കൂടി കടന്ന് പിതാവിന്റെ പക്കലേക്ക് കയറിപ്പോയിക്കഴിഞ്ഞാൽ പിന്നെ തന്റെ ശിഷ്യന്മാരുടെ ഗതി എന്തായിത്തീരുമെന്ന് യേശു വ്യക്തമാക്കിയിരിക്കുന്നു. ഭാവിയെ രണ്ടായി തിരിച്ചു കാണുന്ന യേശു, സമീപ ഭാവിയിൽ എന്താണ് സംഭവിക്കാൻ പോകുന്നതെന്നും വിദൂരഭാവി എങ്ങനെയായിത്തീരുമെന്നും അർത്ഥശങ്കക്ക് ഇടമില്ലാത്ത രീതിയിൽ ശിഷ്യന്മാർക്ക് വെളിപ്പെടുത്തി കൊടുത്തു. ക്രിസ്തുശിഷ്യന്റെയും ക്രിസ്തീയ സഭയുടെ യും തൽക്കാല അവസ്ഥ ഗർഭിണിയായ സ്ത്രീയുടെ അവസ്ഥപോലെയാ ണെന്നും അവിടെ ഈറ്റുനോവും പ്രസവാരിഷ്ടതകളും മറ്റും ന്യായമായും പ്രതീക്ഷിക്കാവുന്നതുമാണെന്ന് പറയുമ്പോൾ അത് വെറും അലങ്കാരിക പ്രയോഗം മാത്രമാണെന്നു കരുതേണ്ടതില്ല. തിരുസഭാ മാതാവ് തന്റെ ഗർഭത്തിൽ പേറുന്നത് സ്വർഗ്ഗരാജ്യമെന്ന ഓമന മോഹന സങ്കല്പമാണ്. അത് യാഥാർത്ഥ്യമാക്കുവാൻ വലിയ ത്യാഗവും സഹനവും വേണ്ടി വരും. "അങ്ങയുടെ നാമം എന്ന് പ്രാർത്ഥിക്കുന്ന നാം അതിനായി ആത്മാർത്ഥമായി പണി ചെയ്യുക തന്നെ വേണം. ഈ ലോക രാജ്യം സ്ഥാപിക്കാനാണ് മനുഷ്യർ രാപകലില്ലാതെ പണിയെടുക്കുന്നതും പരിശ്രമിക്കുന്നതും. അതിനായി ഏതെല്ലാം തരത്തിലുള്ള അദ്ധ്വാനങ്ങളും അപകട സാധ്യതകളും നാം അഭിമുഖീകരിക്കാറുണ്ടല്ലോ. അപ്പോൾ നമ്മുടെ ഭാവനകൾക്ക് ആതീതമായ നന്മയായ ദൈവ രാജ്യത്തിനുവേണ്ടി എന്തെന്തു ത്യാഗവും സഹനവും ഏറ്റെടുത്താലാണ് അധികമാവുക?

കാലങ്ങളെ നാം ഭൂതം, വർത്തമാനം, ഭാവി എന്നിങ്ങനെ വേർതിരിച്ചു പറയാറുണ്ടെങ്കിലും അവ പരസ്പരം ബന്ധപ്പെട്ടതാണ്. ക്രിസ്തീയ വെളിപാടിന്റെ വെളിച്ചത്തിൽ ഭാവികാലം കല്ലറക്കപ്പുറവും ഇപ്പുറവും എന്ന രണ്ട് ഭാഗമായി തിരിച്ചറിയണം. അല്പകാലം എന്നത് കല്ലറക്കിപ്പുറമുള്ളതും അവസാനിക്കാത്ത നിത്യത കല്ലറക്കപ്പുറവും ആകുന്നു. വാസ്തവത്തിൽ ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പോടെ നിത്യതയുടെ പുതുയുഗം ആരംഭിച്ചു കഴിഞ്ഞു. ഉയർത്തെഴുന്നേറ്റ യേശുവിന്റെ അത്മാവോട് ഒട്ടി നിൽക്കുന്നവർ തങ്ങൾ നിൽക്കുന്നത് പരിശുദ്ധമായ ദൈവിക മേഖലയിലാണെന്നു തിരിച്ചറിയണം. ദൈവാത്മാവ് വിലമതിക്കുന്നതും നിത്യജീവിതത്തിലെ സന്തോഷത്തിന് പ്രയോജനം ചെയ്യുന്നതും മരണം വഴി നമ്മെ വിട്ടുപിരിയാത്തതുമായ സമ്പാദ്യങ്ങൾ നേടിയെടുക്കാനും സ്വർഗ്ഗത്തിൽ (സ്വിസ് ബാങ്കിലല്ല) നി ക്ഷേപങ്ങൾ കരുതി വയ്ക്കാനും അനുകൂലമായ സാഹചര്യമായിട്ടു വേണം ക്രിസ്തുശിഷ്യനും ക്രൈസ്തവസഭയും ഈ വർത്തമാനകാലത്തെ കാണുവാൻ. കഠിനമായ പുറംതോടിനുള്ളിൽ നിറഞ്ഞു നിൽക്കുന്ന അതീവ ഹൃദ്യമായ പോ ഷക പദാർത്ഥത്തേക്കുറിച്ച് ബോദ്ധ്യമുള്ളവർ അങ്ങോട്ടെത്തി ചേരാൻ സഹിക്കേണ്ടിവരുന്ന ക്ലേശങ്ങൾ പോലും ആനന്ദകരമായി കാണുമല്ലോ. 'അങ്ങയുടെ രാജ്യം വരണം.' എന്നു പ്രാർത്ഥിക്കുന്ന നാം അതിനായി ആത്മാർത്ഥമായി പണി ചെയ്യുക തന്നെ വേണം. ഈ ലോകരാജ്യം സ്ഥാപിക്കാനാണ് മനുഷ്യർ രാപകലില്ലാതെ

പണിയെടുക്കുന്നതും പരിശ്രമിക്കുന്നതും. അതിനായി ഏതെല്ലാം തരത്തിലുള്ള അദ്ധ്വാനങ്ങളും അപകട സാധ്യതകളും നാം അഭിമുഖീകരിക്കാറുണ്ടല്ലോ. അപ്പോൾ നമ്മുടെ ഭാവനകൾക്ക് ആതീതമായ നന്മയായ ദൈവ രാജ്യത്തിനു വേണ്ടി എന്തെന്തു ത്യാഗവും സഹനവും ഏറ്റെടുത്താലാണ് അധികമാവുക?

അല്പകാലം മാത്രം ഈ ഭൂമിലെ വാസം; ഇക്കാര്യം ഓർമ്മയിൽ സൂക്ഷിക്കുന്നവർക്കേ, കഷ്ടങ്ങൾ സാരമില്ല നഷ്ടങ്ങൾ സാരമില്ല എന്ന് പാടുവാൻ കഴിയൂ. നിത്യതയുമായി തട്ടിച്ചു നോക്കുമ്പോൾ ഈ വർത്തമാനകാലത്തെ ദുരിതങ്ങൾ തുലോം നിസാരമത്രേ.

# മദ്റോശോ

**മെയ് 9**

**യേശുവിന്റെ സ്വർഗ്ഗാരോഹണം**

**ലൂക്കാ 24/50:53**

**യേ**ശുവിന്റെ സ്വർഗ്ഗാരോഹണ വിവരണങ്ങൾ സുവിശേഷകനായ ലൂക്കോയുടെ മാത്രം പ്രത്യേകതയാണ്. സുവിശേഷത്തിൽ വെറും രണ്ടു വാക്യങ്ങളിൽ ചുരുക്കി പറഞ്ഞിരിക്കുന്ന ഇക്കാര്യം കുറച്ചു കൂടി വിശദമായി അപ്പസ്തോല പ്രവർത്തനങ്ങളിൽ വിവരിച്ചിരിക്കുന്നു (1/111) വസ്തുതാപരമായി പറഞ്ഞാൽ യേശുവിന്റെ മരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവുമെല്ലാം ഒറ്റ നിമിഷം സംഭവിക്കാം. ദൈവത്തിനു സ്വീകാര്യവും മനുഷ്യന്റെ കടങ്ങൾക്ക് പരിഹാരവുമായ ക്രിസ്തുവിന്റെ ആത്മബലിയുടെ പൂർത്തീകരണവും സ്വീകരണവുമാണവിടെ സംഭവിച്ചത്. “ഇന്നു നീ എന്നോടു കൂടെ പറുദീസയിലായിരിക്കു“മെന്നുള്ള യേശുവിന്റെ വാഗ്ദാനം ശ്രദ്ധിക്കുക. (ലൂക്കാ 23/43) പ്രവർത്തിയുടെ പുസ്തകത്തിൽ ലൂക്കാ തന്നെ വിവരിച്ചു പറയുന്നത് ഉയർപ്പിനു ശേഷം 40 നാൾ കഴിഞ്ഞിട്ട് സ്വർഗ്ഗാരോഹണം ചെയ്തു എന്നാണ്. അതായത് ക്രിസ്തീയ വിശ്വാസത്തിന്റെ മർമ്മ പ്രധാനമായ ഒരു രഹസ്യം വിശ്വാസികളുടെ ബോധമണ്ഡലത്തിൽ അരക്കിട്ടുറപ്പിക്കുവാൻ വേണ്ട സാവകാശം നൽകുകയാണ്.

യേശുവിന്റെ സ്വർഗ്ഗാരോഹണം നമ്മെ സംബന്ധിക്കുന്നിടത്തോളം വലിയ പ്രത്യാശ നൽകുന്നതാണ്. അനാദിയിലേ താൻ എവിടെ ആയിരുന്നുവോ അവിടേക്ക് മടങ്ങിയെത്തുമ്പോൾ,താൻ ആയിരിക്കുന്നിടത്ത് നമുക്കും വസിക്കാൻ പാർപ്പിടം ഒരുക്കുമെന്നുള്ള വാഗ്ദാനം സഫലമാകുകയാണ്. വിശ്വാസപരമായ കാര്യങ്ങളിൽ നാം സ്വയം പര്യാപ്തത നേടണമെന്നും പൂർണ്ണത പ്രാപിക്കണമെന്നും കരുതി യേശു അപ്രത്യക്ഷനാകുകയാണ്. അടവുകളെല്ലാം പഠിപ്പിച്ചു കഴിഞ്ഞാൽ അരങ്ങേറ്റത്തിനായി ശിഷ്യരെ തനിയെ വിടുന്ന ആശാനേപ്പോലെ, സുവിശേഷത്തിന്റെ നല്ല സാക്ഷികളാകാൻ അപ്പസ്തോലന്മാരെ ആശിർവദിച്ച് അയയ്ക്കുന്ന സന്ദർഭമാണത്. യേശു നമുക്കായി സജ്ജമാക്കുന്ന വാസസ്ഥലത്ത് വസിക്കാൻ യോഗ്യതയുള്ളവരെ ഒരുക്കാൻ നമ്മെ ചുമതലപ്പെടുത്തിയിട്ടാണ് അപ്രത്യക്ഷമായത്. കാണാ മറത്തായതിനാൽ യേശു വിദൂരത്താണെന്ന്

ധരിക്കേണ്ടതില്ല. നമ്മോട് അടുപ്പവും സ്നേഹവും സഹവാസവും നിലനിർത്താനാണല്ലോ അവിടുന്ന് പരിശുദ്ധാ രൂപിയുടെയും ദിവ്യവചനങ്ങളുടെയും പരിശുദ്ധ കൂദാശകളുടെയും രൂപത്തിൽ നമ്മുടെ അടുത്തേക്ക് മടങ്ങി വരുന്നത്. പിതാവിന്റെ മഹത്വമാകുന്ന മേഘത്തിലേക്ക് യേശു ഉൾചേരുകയാണ് ചെയ്തത്. മരുഭൂമിയിലെ കൂടാരത്തിൽ നിറഞ്ഞു നിന്ന ദൈവതേജസ്സാകുന്ന മേഘം, ശലോമോൻ പണിത ദൈവാലയത്തിൽ വന്നു നിറഞ്ഞ വെൺമേഘം, യേശു മറുരൂപപ്പെട്ടപ്പോൾ കാണപ്പെട്ട മേഘം, മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്ത യേശുവിനെ ഉൾചേർത്തുകൊണ്ട് സ്വർഗ്ഗത്തിലേക്കു സംവഹിച്ചു. പിതാവിന്റെ മഹത്വത്തിലേക്ക് ചേർന്നു എന്നു പറഞ്ഞതുകൊണ്ട് യേശു നമ്മുടെ നോക്കെത്താത്ത അകലങ്ങളിലേക്ക് പോയി എന്നർത്ഥമാക്കേണ്ടതില്ല. പാലസ്തീനായുടെ പരിധി വിട്ട് താൻ




വിശ്വമാകെ വ്യാപിച്ചു നിൽക്കുന്ന പിതാവിന്റെ മഹത്വ ത്തിൽ ഒന്നായിത്തീർന്നു എന്നു ഗ്രഹിച്ചാൽ മതി.

യേശു തന്റെ പ്രിയ ശിഷ്യരും അപ്പസ്തോലന്മാരുമായവരിൽ നിന്ന് അപ്രത്യക്ഷമാകുന്ന ആ രംഗം തികച്ചും വികാരസാന്ദ്രമായിരുന്നിരിക്കണം. ദൈവീകമായ ഒരു ആശീർവ്വാദത്തോടെയാണ് അവിടുന്ന് അപ്രത്യക്ഷനാകുന്നത്. ദൈവത്തിന് അനു യോജ്യമായ ആരാധനയും സ്തുതിയും സ്തോത്രവും നൽകികൊണ്ട് നിറഞ്ഞ സംതൃപ്തിയോടെയാണ് ശിഷ്യന്മാർ മടങ്ങിപ്പോരുന്നത്. ഇനി അങ്ങോട്ടുള്ള ഓരോ നിമിഷവും ഓരോ ചലനവും ഓരോ ശബ്ദവും ഓരോ ചിന്തയും ഓരോ സ്ഥലവും ദൈവാരാധനയായി മാറ്റുവാൻ പ്രതിജ്ഞാബദ്ധരായി അവർ "ദൈവത്തെ സ്തുതിച്ചുകൊണ്ട് നിരന്തരം ദൈവാലയത്തിൽ കഴിഞ്ഞു കൂടി" (24/53) അഥവാ അവർ കഴിഞ്ഞു കൂടിയ സ്ഥലം ഏതു തന്നെ ആയിരുന്നാലും അത് ദൈവാരാധനാസ്ഥലമായി മാറി. മാറ്റി.



# വി:മാമോദീസാ ദൈവശാസ്ത്ര വീക്ഷണത്തിൽ


Rev Fr Mathew Pottukulathil
St. Joseph's Malankara Catholic church, Thachamom
St. Mary's Malankara Catholic Church Puramattom




**കൂദാശകളിൽ പ്രഥമവും സഭയിൽ പ്രവേഷക കൂദാശകളിൽ ഒന്നുമായ വിശുദ്ധ മാമ്മോദീസയെ കുറിച്ചാണ് ഈ ലക്കം പ്രതിബാധിക്കുന്നത്.**

“മാമോദീസാ“ എന്ന വാക്കിന്റെ അർത്ഥം ജ്ഞാനസ്നാനം എന്നാണ്. അദ്യകാലത്ത് ജ്ഞാനസ്നാനം കൊടുത്തിരുന്നത് വെള്ളത്തിൽ മുക്കിയായിരുന്നു. അതിൽ നിന്നാണ് മാമോദീസാ മുക്കുക എന്ന പ്രയോഗം വന്നത്. നോഹായുടെ കാലത്തെ ജലപ്രളയം , നോഹായുടെ പേടകം, ഇസ്രായേൽ ജനം ചെങ്കടൽ കടന്നത്, ഇവയെല്ലാം പുതിയ നിയമത്തിലെ മാമ്മോദീസായുടെ പ്രതിരൂപങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു (1 പത്രോസ് 3:20).

പഴയ നിയമത്തിലെ രക്ഷാ പേടകം പോലെ പുതിയ നിയമത്തിലെ രക്ഷാ പേടകം ആണ് മാമോദീസാ.

യേശു പ്രതിവചിച്ചു: സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല. യോഹന്നാൻ 3 : 5 (യോഹന്നാൻ 3:6) യേശുവിന്റെ അവസാന ദൗത്യവും മാമോദീസായുടേത് ആയിരുന്നു. നിങ്ങൾ പോയി സകല ജനതയെയും ശിക്ഷ്യപ്പെടുത്തി പിതാവിന്റെയും

പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ. (മത്തായി 28:18 20). യേശുവിന്റെ കല്പന അനുസരിച്ചു അപ്പോസ്തോലന്മാർ സുവിശേഷം പ്രഘോഷിക്കുകയും വിശ്വസിച്ചവർക്ക് ജ്ഞാനസ്നാനം നൽകുകയും ചെയ്തു. (അപ്പ.പ്ര:2,38,41,16,31,38) അങ്ങനെ ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ടതും അപ്പോസ്തോലന്മാരിൽകൂടി സഭയിൽ ആരംഭിച്ചതുമാണ് ഈ കൂദാശ. ഈ കൂദാശയെകദൈവശാസ്ത്ര ചിന്തകളാണ് ഈ ലേഖനത്തിൽ പ്രതിബാധിക്കുന്നത്.

## 1, വിശുദ്ധ മാമോദീസ ദൈവാത്മാവിനെ സ്വീകരിക്കുന്ന കൂദാശ.

ദൈവവുമായി അഭേദ്യബന്ധത്തിൽ ആകുന്ന ഒന്നാമത്തെ കൂദാശയാണ് വിശുദ്ധ മാമോദീസ. മാമോദീസായിലൂടെ ജന്മപാപം മായിക്കപ്പെടുന്നു എന്നു നാം പറയുന്നുണ്ടല്ലോ; സത്യത്തിൽ ജന്മപാപം എന്നു പറയുന്നത് ഒരു വ്യക്തിയിൽ പരിശുദ്ധാത്മാവ് ഇല്ലാത്ത അവസ്ഥയാണ്. ഒരു കുട്ടിയിൽ ജന്മപാപം എന്നു പറയുമ്പോൾ ആ കുട്ടി എന്തെങ്കിലും പാപം ചെയ്തു എന്നല്ല.
പിന്നെയോ, കുട്ടിയിൽ പരിശുദ്ധാത്മാവ് ഇല്ല എന്നാണ് അർത്ഥമാക്കുന്നത്. പരിശുദ്ധാത്മാവ് ഇല്ലാത്തതാണെങ്കിൽ വെറും ജഡം മാത്രമാണ്. ജഡം മാത്രമെങ്കിൽ അവിടെ ദൈവത്തിന്റെ ശത്രുവായ സാത്താൻ വസിക്കുന്നു. ഈ പശ്ചാത്തലത്തിൽ വേണം മാമോദീസായെപ്പറ്റി മനസിലാക്കുവാൻ. ജഡത്തിൽനിന്നും ജനിക്കുന്നത് ജഡമാണ് ആത്മാവിൽ നിന്ന് ജനിക്കുന്നത് ആത്മാവാണ്. മനുഷ്യനായി ജനിക്കുന്ന ഒരോ വ്യക്തിയും ജഡം മാത്രമാണ് യേശുക്രിസ്തു മനുഷ്യവംശത്തിന് നൽകിയ പരിശുദ്ധാത്മാവിനെ ഓരോ വ്യക്തിയും വ്യക്തിപരമായി സ്വീകരിക്കുമ്പോഴാണ് മനുഷ്യൻ ദൈവാത്മാവ് വസിക്കുന്ന ദൈവത്തിന്റെ ആലയമായി തീരുന്നത് അതിനാലാണ് വിശുദ്ധ മാമോദീസാ ശുശ്രൂഷയിൽ കുട്ടിയിൽനിന്നും സാത്താനെ ബഹിഷ്കരിക്കുന്നത്.

ഒരു വ്യക്തിയെ ജലത്താലും ആത്മാവിനാലും ശുദ്ധീകരിച്ചു ദൈവത്തിന്റെ ആത്മാവിനെ നൽകുന്ന അടിസ്ഥാന കൂദാശയാണ് മാമോദീസ. ദൈവമായ കർത്താവേ നിന്റെ ഏകജാതൻ ശ്ലീഹന്മാരിൽ ഊതിയ ദൈവീക ശ്വാസം ഇവന്/ഇവൾക്ക് നൽകണമേ. പറുദീസായിൽ വെച്ചു അദ്യ മനുഷ്യനിൽ ദൈവീക ശ്വാസം ഊതി നൽകിയപോലെ, ശ്ലീഹാന്മാരിൽ ഊതിയ ദൈവീക ശ്വാസം പോലെ, മാമോദീസാ സമയത്തു യേശുവിന്റെ പ്രതിനിധിയായ വൈദീകൻ ദൈവീക ശ്വാസം ഊതുന്നത് വഴിയായി പരിശുദ്ധാത്മാവിനെ നൽകുന്നു. ഓരോ വ്യക്തിയും മാമോദീസാ വ്യക്തിപരമായി സ്വീകരിക്കുന്നു എങ്കിലും മാമോദീസാ വ്യക്തിപരമായ ഒരു കൂദാശ അല്ല. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമോദീസാ സ്വീകരിക്കുന്ന വ്യക്തി വിശുദ്ധ ത്രിത്വത്തിന്റെയും സഭയുടെയും മഹത്തായ രഹസ്യത്തിലേക്ക് പ്രവേശിക്കുന്നു. പരിശുദ്ധാത്മാവിനെ സ്വീകരിച്ച സമൂഹത്തിലെ അംഗമായി തീരുകയും ചെയുന്നു. അതിനാലാണ് വി. മാമോദീസായിലൂടെ നാം പരിശുദ്ധാത്മാവിൽ പുതിയ സൃഷ്ടിയായി തീരുന്നു എന്ന് ആദിമ സഭ പഠിപ്പിച്ചത്.

## 2, വിശുദ്ധ മാമ്മോദീസ വിശ്വാസത്തിന്റെ കൂദാശ.

വിശ്വാസത്തിന്റെ കൂദാശ എന്നാണ് സഭാപിതാക്കന്മാർ വി. മാമ്മോദീസായെ വിളിക്കുന്നത്. ഇത് കൂദാശയുടെ അനുഷ്ഠാന നിർവ്വഹണത്തിൽ നിന്ന് തന്നെ വ്യക്തമാണ്. വിശുദ്ധ മാമ്മോദീസായിലെ പ്രധാന ഘടകങ്ങൾ വിശ്വാസപ്രഖ്യാപനവും വെള്ളത്തിലുള്ള മുക്കലുമാണ് വിശ്വാസ പ്രഖ്യാപനത്തിനു ശേഷമാണ്സ്നാപകകർമ്മം നടത്തുന്നത്. മിശിഹാ തമ്പുരാനായ നിന്നിലും പരിശുദ്ധന്മാരായ പ്രവാചകന്മാർ ശ്ലീഹന്മാർ പിതാക്കന്മാർ എന്നിവരിൽകൂടി ദൈവീകമായി നീ ഭരമേല്പിച്ചിട്ടുള്ള സകല ഉപ

ദേശങ്ങളിലും പൂർണ്ണമായി ഞാൻ വിശ്വസിക്കുന്നു. സ്നാനാർഥിയുടെ തലതൊട്ടപ്പൻ / തലതൊട്ടമ്മയിലൂടെ ഈ വിശ്വാസ പ്രഖ്യാപനം വഴി ഇവ അത്യാത്മീക രംഗത്ത് അയാളും കൂദാശയിൽ ക്രിസ്തുവും തമ്മിൽ ഒരു സമാഗമമാണ് നടക്കുന്നത്. വിശ്വാസവും മാമ്മോദീസായും രക്ഷയുടെ രണ്ടു വിധങ്ങളാണ് അവ രണ്ടും അടിസ്ഥാനപരമായി ബന്ധപ്പെട്ടിരിക്കുന്നു; ഇവയെ ഒരിക്കലും വേർപെടുത്താൻ ആകില്ല.

## 3, വിശുദ്ധ മാമോദീസാ ഏറ്റുപറച്ചിലിന്റെ കൂദാശ

ഒരുവൻ മാമോദീസാ സ്വീകരിക്കുന്നത് വഴി അവന്റെ വിശ്വാസത്തിന്റെ കേന്ദ്രമായ ക്രിസ്തുവിനെ ഏറ്റുപറയുന്നു. ക്രിസ്തുവിലുള്ള പരിപൂർണ്ണ സമർപ്പണവും ക്രിസ്തുവിന്റെ വിളിക്കുള്ള മറുപടിയുമാണ് മാമോദീസായിലൂടെ സംഭവിക്കുക. ക്രിസ്തുവിന് തന്നെത്തന്നെ സമർപ്പിക്കുന്നതിന്റെ ഭാഗമായാണ് സ്ഥാനാർത്ഥി മാമോദീസാ വേളയിൽ വിശ്വാസ പ്രഖ്യാപനം നടത്തുന്നതും തുടർന്ന് വിശ്വാസ പ്രമാണം ചൊല്ലുന്നതും. കാർമികൻ സ്നാനാർഥിയുടെ മേൽ വിശുദ്ധ കുരിശിന്റെ അടയാളം വരക്കുന്നത് ക്രിസ്തുവുമായി സ്ഥാനാർഥി ബന്ധപ്പെട്ടിരിക്കുന്നതിനെ സൂചിപ്പിക്കുന്നതിന് വേണ്ടിയിട്ടാണ്. സ്ഥാനാർഥി ക്രിസ്തുവിന്റെ സഹവർത്തിത്വത്തിലേക്ക് പ്രവേശിച്ചിരിക്കുന്നതിന്റെ ബാഹ്യപ്രകടനമാണ് അതുവഴി അയാളും വിശുദ്ധ മാർതോമാ ശ്ലീഹായെപോലെ എന്റെ കർത്താവേ എന്റെ ദൈവവുമേ എന്ന് ക്രിസ്തുവിനെ ഏറ്റുപറയുകയാണ് ചെയ്യുന്നത്.

> ഹാലേലുയ്യാ -ഉ -ഹാലേലുയ്യാ
> സോപ്പായാൽ തളിക്കുക നിർമ്മലനാവാൻ
> തൂമഞ്ഞതിലും വെണ്മയണിഞ്ഞീടും
> ഞാൻ ഹാലേലുയ്യാ.

## 4, വിശുദ്ധ മാമോദീസാ പെസഹാ രഹസ്യത്തിലുള്ള പങ്കുകൊള്ളൽ.

ക്രിസ്തുവിനെ അനുധാവനം ചെയ്യുന്നതിന് താൻ സന്നദ്ധനാണെന്ന പ്രതിജ്ഞയാണ് മാമ്മോദീസാവഴി ഒരുവൻ സ്വീകരിക്കുന്നത്. അതുവഴി ക്രിസ്തുവിന്റെ ജീവിതത്തിലെ കേന്ദ്ര സംഭവങ്ങളായ പെസഹാ രഹസ്യത്തോട് അതായത് പീഡാസഹനം, മരണം, ഉയിർപ്പ് വന്നിവയോട് അനുരൂപപ്പെടുന്നു. ക്രിസ്തുവിന്റെ പെസഹാ രഹസ്യത്തിൽ പ്രധാനമായി രണ്ടു ഘട്ടങ്ങൾ കാണുവാൻ സാധിക്കും

അ. ക്രൂശിക്കൽ, മരണം, സംസ്കാരം

ആ. ഉത്ഥാനം. ക്രൈസ്തവീകരണത്തിലും ഈ രണ്ടു ഘട്ടങ്ങൾ കാണാം അ. പാപത്തിനു അടിമയായ പഴയ മനുഷ്യന്റെ ക്രൂശിക്കപെടലും മരണവും സംസ്കാരവും. ആ. ജീവനിലേക്കുള്ള ഉയർപ്പും.

പാപം നിറഞ്ഞ പഴയ മനുഷ്യന്റെ സംസ്കാരവും ക്രിസ്തുവിന്റെ പുതിയ വ്യക്തിത്വത്തെ ധരിക്കലുമാണ് മാമ്മോദീസായിൽ പ്രധാനമായിട്ടും നടക്കുക. വിശുദ്ധ പൗലോസ് നമ്മളെ ഓർമ്മപെടുത്തുന്നു മിശിഹായിൽ മാമോദീസാ സ്വീകരിച്ച നിങ്ങൾ മിശിഹായെ ധരിച്ചിരിക്കുന്നു.

പുറപ്പാടിന്റെ പൂർത്തീകരണമായിട്ടാണ് വിശുദ്ധ അംബ്രോസ് മാമ്മോദീസായെ കാണുന്നത്. 'ചെങ്കടലിൽ കൂടെ കടന്നുപോയ ഇസ്രായേൽ ജനം മരുഭൂമിയിൽ വച്ചു മരിച്ചു , എന്നാൽ മാമോദീസാ തൊട്ടിയിൽ കൂടി കടന്നുവരുന്ന, അതായത് ലൗകീകതയിൽ നിന്ന് സ്വർഗീയതയിൽ കടക്കുന്ന , പാപത്തിൽ നിന്ന് പ്രസാദവരത്തിലേക്ക് കടക്കുന്ന, മരണത്തിൽനിന്ന് ജീവനിലേക്ക് കടക്കുന്ന, ആശുദ്ധിയിൽനിന്ന് വിശുദ്ധിയിലേക്ക് കടക്കുന്ന മനുഷ്യർ മരിക്കുന്നില്ല പ്രത്യുത ഉയർക്കുന്നു'.



## 5, വിശുദ്ധ മാമ്മോദീസായും പുനർ ജനനവും.

മിശിഹായിൽ പുതിയ സൃഷ്ടിയായി തീരുന്ന മനുഷ്യൻ പഴയ സൃഷ്ടിയെ ഉരിഞ്ഞുകളഞ്ഞു പുതിയ മനുഷ്യനെ ധരിക്കുന്നു. ഇതാണെല്ലോ വിശുദ്ധ മാമോദീസായിൽ പ്രധാനമായും സംഭവിക്കുന്നത്. അവൻ ഇരുട്ടിൽനിന്ന് പ്രകാശത്തിലേക്കും അടിമത്വത്തിൽ നിന്ന് സ്വാതന്ത്രത്തിലേക്കും സാത്താന്റെ സാമ്രാജ്യത്തിൽനിന്ന് ക്രിസ്തുവിന്റെ സാമ്രാജ്യത്വത്തിലേക്കും കടക്കുന്നു. എന്നാൽ മാമ്മോദീസായിൽ പുതിയ സൃഷ്ടിയായി ജനിക്കുന്നതെയുള്ളൂ എന്നാൽ ഈ പുതിയ സൃഷ്ടി വളരേണ്ടിയിരിക്കുന്നു. പ്രസാദവര ജീവനിൽ അനുസ്യൂതം വളർന്നു വരണം.

പുനരുദ്ധാരണത്തിൽ നമുക്ക് കൈവ

രുന്ന നവീനവും യാഥാർഥ്യവുമായ ജന്മത്തിന്റെ പ്രതീകവുമാണ് മാമോദീസാ എന്ന് വിശുദ്ധ തിയഡോർ അഭിപ്രായപ്പെടുന്നു.

മാമോദീസാ ജലമാകട്ടെ ക്രിസ്തുവിൽ ജനിക്കുന്ന പുതിയ മനുഷ്യന്റെ ശവകുടീരവും ഗർഭ പാത്രവുമാണ്. ഇപ്രകാരം പുതിയ ക്രിസ്ത്യാനി ക്രിസ്തുവിൽ പുതിയ വ്യക്തിത്വവും അസ്തിത്വവും പ്രാപിച്ചു പുതിയ സൃഷ്ടിയായി തീരുന്നു.

യേശുക്രിസ്തുവിനോടും അവന്റെ രക്ഷാകര രഹസ്യങ്ങളോടും അവന്റെ ശരീരമാകുന്ന സഭയോടും സംസർഗ്ഗത്തിലാകുന്ന ഒന്നാമത്തെ കൂദാശയായ വിശുദ്ധ മാമോദീസാ സ്വീകരിച്ചു ക്രിസ്തുവിൽ പുതിയ സൃഷ്ടികളായ നമുക്ക് ഈ മാമ്മോദീസായുടെ നൽഫലങ്ങൾ നഷ്ടപ്പെടുത്താതെ ക്രിസ്തുവിൽ മുന്നോട്ട് ജീവിക്കാം.

പാടേയെൻ തിന്മകളെ കഴുകുക
നാഥാ എൻ പാപം നിർമ്മലമാക്കാൻ
സോപ്പായേതും മതിയാകാ നിയമജല
ത്തിന്നെളുതല്ലേതും ശുദ്ധിവരുത്താൻ
ദൈവികമാമോദീസായിൻ സേചനമതിനും,
നിന്നുടെ നിരുപമ കരുണയ്ക്കും-സാ-ദ്ധ്യം





കേസറിയായിലെ മാർ യൗസേബിയൂസ്

# അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് തിരുമേനിയുടെ

## നാമഹേതുക തിരുന്നാൾ

# ആശംസകൾ

# The Sacrament of Baptism: A Divine Initiation





**Rev. Fr Aji Varghese**
St.Paul &St. Peter Syro Malankara
Catholic Church, Niagara Region

The sacrament of Baptism is a profound and meaningful rite of passage that signifies the beginning of a believer's Christian life. This holy sacrament is rooted in sacred scriptures and Church traditions and represents a profound spiritual journey that brings the faithful in alignment with the life, death, and resurrection of Jesus Christ, encapsulating the very essence of Christian existence.

Through the act of Baptism, one is cleansed of original sin and reborn into a new life in Christ. This transformation is more than just symbolic; it represents a powerful and significant change that brings believers closer to our Lord and strengthens their connection with Him. As such, Baptism is a source of hope and renewal, providing



the faithful with a fresh start and a renewed sense of purpose. Moreover, Baptism is not just a one-time event, but a journey that lasts a lifetime. It is the first step on a transformative path that leads to a deeper understanding of faith and a more profound connection with our Lord. As believers grow in their faith, they are empowered to make a positive impact on the world and to live a life that reflects God's love and compassion.

**Baptism is a sacrament of great significance.**

Baptism was instituted by Christ and is essential for salvation. It confers sanctifying grace, cleansing the baptized of original and personal sins and uniting them with the Church as part of the Body of Christ. This grace is viewed as a transformative force that aligns the baptized with the life, death, and resurrection of Jesus Christ (CCC 1213, 1279). Baptism is a sacrament that carries immense spiritual significance and grace. It serves as a gateway to other sacraments and is essential for salvation, as it frees individuals from their sins and grants them rebirth as children of God. With an indelible character, believers are incorporated into the Church, becoming part of the body of Christ and heirs to divine promise. Beyond personal transformation, baptism also integrates individuals into the communal life of the faithful, allowing them to share in sacraments and communal prayer. The waters of baptism not only cleanse, but also regenerate and sanctify, creating new creations in Christ.

## Infant baptism

With the aim of freeing newborns from original sin and introducing them to the Christian way of life from an early stage, Catholic church continues the practice of infant baptism. The Church emphasizes the significance of baptism taking place soon after birth, as it ensures that children are welcomed as members of the Church and are bestowed with divine grace from the very start (CCC 1250).

## The Significance and Nature of Baptism

Baptism is a sacred sacrament that leaves an enduring spiritual imprint on the soul of the recipient, dedicating them for Christian worship. It transforms the individual into a new being, a beloved child of God, who shares in the divine essence and is destined for eternal life. This spiritual character symbolizes an everlasting bond with Jesus and the Church (CCC 1272-1274).

## The Importance of Baptism

In the Catholic faith, baptism is not merely a personal preference, but a crucial step towards salvation. As directed by Christ and taught by the Church, baptism is viewed as the means by which the grace of salvation is bestowed upon us. It represents the sacramental initiation into the Christian way of life, and is deemed an integral component of our salvation journey. This highlights the pressing need and significance of this sacrament in our spiritual growth (CCC 1257).

## The faith and Baptism

The Catholic Church recognizes the importance of both faith and baptism, with the latter being a sacrament that is embraced for infants as well as adults. The community of believers, including parents and godparents, play a crucial role in professing their faith on behalf of the child, which is essential to the validity of the sacrament. This commitment to nurturing the spiritual journey of the baptized underscores the integral role of the community in the Catholic Church (CCC 1253-1255).

## Baptism and Old Testament

The Old Testament contains several narratives that foreshadow the importance of baptism. These stories represent purification and new beginnings, such as the crossing of the Red Sea by the Israelites under Moses' leadership. This event symbolizes the liberating power of baptism,

just as the Israelites were freed from Egyptian bondage. Baptism also marks the transition from slavery to freedom, from death to life. In addition, the passage through the Jordan River by Joshua and the Israelites prefigures baptism and represents entry into the promised land and eternal life for Christians.

## Baptism in the New Testament

In the New Testament, Jesus Christ directly instituted and commanded baptism as a crucial aspect of the faith journey. After His own baptism in the River Jordan by John the Baptist, Jesus emphasized the importance of baptism to His disciples. In Matthew 28:19, He instructed them to "Go therefore and make disciples of all nations, baptizing them in the name of the Father and of the Son and of the Holy Spirit," underlining the pivotal role baptism plays in the Christian mission.

The apostle Paul further expounds on the profound theological significance of baptism in Romans 6:3-4, explaining that through baptism, believers are "baptized into Christ Jesus" and "buried with him...so that, just as Christ was raised from the dead...we too might walk in newness of life." This passage underscores the essence of baptism as a symbol of spiritual rebirth and renewal, representing a death to sin and a resurrection to a new life in Christ.

## Baptism and the word of God

The significance of Baptism and its connection to the Word of God cannot be understated, as it serves a vital role in the enlightenment and transformation of its candidates. As stated in the Catholic Church's Catechism, the proclamation of the Word of God is essential in the celebration of Baptism. It serves to illuminate the candidates and congregation with the revealed truth, eliciting a response of faith that is inseparable from the sacrament itself. Additionally, Baptism is referred to as a "bath of water," in which the "imperishable seed" of the Word of God has a lifegiving effect. This emphasizes the sacrament's ability to regenerate through the divine Word. The transformation that occurs during Baptism is further described as an "enlightenment," as those who receive catechetical instruction become "enlightened" in their understanding. The person being baptized becomes a "child of light," and in fact, becomes "light" itself. These passages underscore the profound connection between the Word and water in Baptism, mak-

ing it a moment of both spiritual purification and profound enlightenment.

## The Role of the Holy Spirit in Baptism

During the sacrament of Baptism, the anointing with the Holy Spirit is a significant moment that represents the conferral of the Holy Spirit's sanctifying grace upon the baptized. The anointing with sacred chrism, which is perfumed oil consecrated by the bishop, symbolizes the gift of the Holy Spirit to the newly baptized. As stated in the Catechism of the Catholic Church, this anointing marks the baptized as a Christian, one who is "anointed" by the Holy Spirit and incorporated into Christ as an anointed priest, prophet, and king (CCC 1241). This ritual is an essential part of the baptismal rite, signifying that the Christian belongs to Christ and has been endowed with the Holy Spirit to fulfill their calling as a member of the priestly, prophetic, and royal people of God.

## The Role of Parents & God parents

The sacrament of Baptism is a significant event in the life of a Christian, and the roles of parents and godparents are crucial. They are not merely ceremonial participants, but rather are entrusted with the responsibility of guiding the spiritual development of the baptized, particularly infants. The Catechism of the Catholic Church emphasizes the importance of this role, stating that the help of parents and the godfather and godmother is vital for the grace of Baptism to unfold (CCC 1255).





This is not just a privilege, but a serious ecclesial function that places godparents at the forefront of nurturing the sacramental life initiated at Baptism. They are entrusted with ensuring that the baptized are raised in the faith, which is central to the Church's mission. In today's Church, one of the challenges we face is the presence of non-evangelized baptized Christians in our communities. This highlights the critical role that parents, godparents, and the wider community play in shaping the faith life of the baptized. The Catechism of the Catholic Church emphasizes the responsibility of parents and godparents in ensuring that the baptized are brought up in the faith (CCC 1255). This task is essential in helping those who have been baptized but not fully evangelized to grow in their understanding of Christianity and actively participate in the life and mission of the Church. The involvement of the community is equally important in providing support and opportunities for deeper engagement with the faith, creating a robust spiritual environment that encourages continual growth and participation.

## The liturgy of the Baptism

The Liturgical Celebration of Baptism is a rich and symbolic rite, designed to deepen the faithful's understanding of the profound spiritual realities of this first sacrament of initiation. From the renunciation of sin and the profession of faith to the invocation of the Holy Spirit over the baptismal waters to each element of the baptismal liturgy is carefully crafted to convey the transformative power of this sacred ritual. As described in the CCC, through baptism, we are freed from sin and reborn as sons of God, becoming members of Christ and sharing in the Church's mission. This powerful statement highlights the transformative nature of this sacrament, welcoming believers into the

fullness of the Church's life.
To summarize, Baptism is a fundamental aspect of the Christian faith and serves as the primary initiation into the Church. It spiritually renews believers, marking them



as followers of Christ and welcoming them into the communal life of the faithful. This sacred rite not only washes away sins but also empowers the baptized to walk in the light of Christ. The Church, including parents, godparents, and the wider community, have a significant role in nurturing this new life, ensuring that the seeds of faith planted at Baptism flourish into a robust and dynamic Christian witness. Baptism is not just an individual declaration of faith but a communal celebration of rebirth and a reaffirmation of the Church's commitment to evangelize, sanctify, and guide the faithful towards eternal life with God. Through this profound sacrament, the Church renews its dedication to the teachings of Christ, echoing His call to make disciples of all nations and bring the light of the Gospel to every corner of the world



**മേരിമക്കൾ സന്യാസിനി സമൂഹത്തിലെ പുതിയ നോവിഷ്യേറ്റ് അർത്ഥിനികൾ അത്യഭിവന്ദ്യ മോറാൻ മോർ ബസ്സേലിയോസ് ക്ലിമ്മീസ് കാതോലിക്ക ബാവാ തിരുമേനിയോടൊപ്പം.**



**കാരുണ്യത്തിന്റെ ഒരു നൂറ്റാണ്ട്: തിരുവല്ല അതിഭദ്രാസനത്തിൽ വിപുലമായ ആഘോഷങ്ങളും ജീവകാരുണ്യ സംരംഭങ്ങളുമായി ആർച്ച് ബിഷപ്സ്ഡേ ദിനം ആഘോഷിച്ചു .**

പൂനെ ഖഡ്കി
സെന്റ് എഫ്രേം ഭദ്രാസനത്തിന്റെ
മുഖ്യ വികാരി ജനറാൾ ആയി
നിയമിതനായ
**ബഹു. ഷാജി മാത്യൂസ്**
**വാഴയിൽ അച്ചന്**
എല്ലാവിധ പ്രാർത്ഥന
ആശംസകളും







“മാർഗ്ഗദീപം“
വിശ്വാസപരിശീലന കാര്യാലയം, പാറശാല ഭദ്രാസനം“, മതബോധന അദ്ധ്യാപകർക്ക് വേണ്ടി സംഘടിപ്പിച്ച “റബ്ബോനി 2024“ അദ്ധ്യാപക സംഗമത്തിൽ ചങ്ങനാശ്ശേരി അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് തറയിൽ ക്ലാസെടുത്തു.



# മഹത്വത്തിന്റെ വസ്ത്രം



ജോസഫ് ജോർജ്,
ബഹ്റൈൻ

“എന്നിട്ടും അവിടുന്ന് അവനെ ദൈവദൂതന്മാരെക്കാൾ അല്പം മാത്രം താഴ്ത്തി. മഹത്വവും ബഹുമാനവും കൊണ്ട് അവനെ മകുടമണിയിച്ചു“ (സങ്കീർത്തനങ്ങൾ 8:5). ദൈവമായ കർത്താവ് തന്റെ ഛായയിലും സദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചപ്പോൾ നഗ്നതയ്ക്കു മേലേ ദൈവം ആദത്തിനെ ധരിപ്പിച്ച വസ്ത്രമാണ് മഹത്വത്തിന്റെ വസ്ത്രം. പരിശുദ്ധ മാമോദീസ എന്ന കൂദാശയിലൂടെ ഓരോരുത്തരെയും ദൈവ രാജ്യത്തിലേക്ക് പ്രവേശിപ്പിക്കുമ്പോൾ അണിയിച്ചൊരുക്കുന്നതും മഹത്വത്തിന്റെ വസ്ത്രമാണ്. പരിശുദ്ധ മൂറോനിൽ കൂടി ദൈവം നമ്മളെ പ്രകാശത്തിന്റെയും മഹത്വത്തിൻെറയും വസ്ത്രം ധരിപ്പിക്കുകയാണ് ചെയ്യുന്നത്.

പഴയ നിയമത്തിൽ ആദാമിന് ദൈവം കൽപ്പിച്ചനുഗ്രഹിച്ചു നൽകിയ മഹത്വത്തിന്റെയും പ്രകാശത്തിന്റെയും വസ്ത്രം അധികാരത്തിന്റെ വസ്ത്രമായിരുന്നു. ദൈവം സൃഷ്ടിച്ച സകല ജീവജാലങ്ങൾക്കും പേരിട്ട് വിളിക്കുവാനും അവയ്ക്ക് മേൽ അധീശത്വം സ്ഥാപിക്കാനും നൽകിയ അധികാര വസ്ത്രം. പക്ഷേ അവൻ ദൈവ കല്പന ലംഘിച്ചപ്പോൾ നഗ്നനായി എന്ന തിരിച്ചറിവിനാൽ മരത്തിനു പുറകിലേക്ക്

ഒളിച്ചപ്പോൾ പുതിയ നിയമത്തിൽ പുത്രൻ തമ്പുരാനായ യേശു ക്രിസ്തു ആദാമിന്റെ പാപം പോക്കുവാനായി രക്ഷയുടെ വസ്ത്രം ധരിച്ച് കൊണ്ട് മരത്തിന് മുമ്പിലായി ക്രൂശിക്കപ്പെട്ടു. മലങ്കര സുറിയാനി സഭകളുടെ കൃംതാ സന്ധ്യാ നമസ്കാരത്തിൽ ഇപ്രകാരം ഒരു ഗാനം ഉണ്ട്. “നിൻ മുറിവുകളിൽ നിന്നേറ്റോൻ മൂറോൻ മണമെൻ നാഥാ...“ യേശുവിന്റെ കുരിശിലെ തിരു മുറിവുകളിൽ നിന്നൊഴുകിയ മൂറോനാണ് പരിശുദ്ധ മാമ്മോദീസ സമയത്ത് നാം ഓരോരുത്തരെയും ധരിപ്പിച്ച് മഹത്വത്തിന്റെ ജീവിതത്തിലേക്ക് നമ്മെ കൈപിടിച്ചുയർത്തുന്നത്.പക്ഷേ ആദത്തെപ്പോലെ പ്രസ്തുത വസ്ത്രം നമ്മിൽ പലരും ധരിച്ചിട്ടില്ല, അല്ലെങ്കിൽ സാത്താന്റെ പ്രലോഭനത്തിൽ മിക്കപ്പോഴും അത് ഉരിഞ്ഞു കളയുന്നുവെന്ന് നമ്മുടെ അനുദിന ജീവിതത്തിലെ പാപാവസ്ഥയിൽ കൂടി നാം തന്നെ വെളിവാക്കുന്നു.

വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം പത്താം അധ്യായത്തിൽ നല്ല സമരിയാക്കാരന്റെ ഉപമയിൽ യേശു പരാമർശിക്കുന്ന ഒരാൾ ജറുസലേമിൽ നിന്നും ജറീക്കോയിലേക്കുള്ള വഴി മധ്യേ കവർച്ചക്കാരുടെ കയ്യിൽ അകപ്പെട്ടു, അവന്റെ വസ്ത്രങ്ങൾ ഉരിഞ്ഞെടുത്ത് അവനെ അർധ പ്രാണനാക്കിയിട്ട് പോകുന്ന ഒരു രംഗമുണ്ട്. ദൈവ സാന്നിധ്യത്തിന്റെ ഇരിപ്പിടമായ ജെറുസലേം വിട്ട് പാപത്തിന്റെയും രോഗപീഡകളുടെയും ഇടമായ ജറീക്കോയിലേക്ക് പോകുമ്പോൾ മഹത്വത്തിന്റെ വസ്ത്രം നഷ്ടമാകുന്ന അവസ്ഥ നമ്മുടെ പലരുടെയും ജീവിതത്തിൽ പലപ്പോഴും സംഭവിക്കാറുണ്ട്; അപ്പോൾ ആദം ചെയ്തത് പോലെനാം ഓരോരുത്തരും താൽകാലിക സുഖത്തിന്റെ വസ്ത്രമായ അത്തി ഇലകൾ അഥവാ ചില മുഖം മൂടികൾ എടുത്ത് അണിയാറുണ്ട്. ഫലമോ വെയിലുദിക്കുമ്പോൾ അത്തി ഇലയാകുന്ന വസ്ത്രം ഉണങ്ങിക്കരിഞ്ഞ് നമ്മുടെ നഗ്നത നാം തന്നെ ലോകത്തിന് മുന്നിൽ അനാവരണം ചെയ്യാറുണ്ട്.

ദൈവ സങ്കേതം വിട്ടിറങ്ങുന്ന ഓരോ വിശ്വാസിയുടെയും വഴിവിട്ട ഒരു യാത്രയാണ് ജെറീക്കോ യാത്ര. ആ യാത്രയിൽ ജറുസലേം അവന് നല്കിയതെ




ല്ലാം ശത്രു അവനിൽ നിന്ന് അപഹരിച്ചു. പ്രാണനൊഴികെ. പ്രസാദവരങ്ങളുടെ ആത്മീയതിളക്കം നഷ്ടപ്പെടുത്തി അർദ്ധ പ്രാണനായി കഴിയുന്ന നിന്നെ രക്ഷിക്കാൻ അടുത്തെത്തി, എണ്ണയും വീഞ്ഞുമൊഴിച്ച് മുറിവുകൾ വച്ചുകെട്ടിയവനാണ് ക്രിസ്തു. പിതാവായ ദൈവവും ആദമിനെ ഏദൻ പറുദീസയിൽ നിന്ന് പുറത്താക്കിയപ്പോൾ ഔദാര്യത്തിന്റെ ഒരു വസ്ത്രം ധരിപ്പിക്കുന്നുണ്ട്. 'ദൈവമായ കർത്താവ് തോലു കൊണ്ട് ഉടയാട



യുണ്ടാക്കി ആദത്തെയും അവന്റെ ഭാര്യയെയും ധരിപ്പിച്ചു' (ഉല്പത്തി 3:21). അർഹതയില്ലാത്ത സ്ഥാനത്ത് ഒരുവന്റെ മേൽ പകരപ്പെടുന്ന ദൈവസ്നേഹത്തിന്റെ ആഴമാണ് ആ കരുണയുടെ വസ്ത്രം ധരിപ്പിക്കൽ. നമ്മുടെ സഭയുടെ ശവ സംസ്കാര ശുശ്രൂഷയിൽ വിലാപ യാത്രയിൽ

പാടുന്ന ഒരു ഗാനമുണ്ട്. ആദാം മക്കൾക്കായി റൂഹ്കുദിശ നെയ്ത വസ്ത്രമുയിർപ്പിൽ ചാർത്തീടും പുണ്യാത്മക്കൾ. ഉയിർപ്പിന്റെ അവസാന നാളിൽ ആദാമിന്റെ മക്കൾക്ക് വേണ്ടി പരിശുദ്ധാത്മാവ് തുന്നിയ മഹത്വത്തിന്റെ വസ്ത്രം നാം ധരിക്കും. ഇതാണ് ഓരോ വിശ്വാസിയുടെയും പ്രത്യാശ. അവന്റെ തിരു രക്തമാകുന്ന വീഞ്ഞും സഭയുടെ വിശുദ്ധ കൂദാശകളായ എണ്ണയും നല്കി വീണ്ടെടുത്ത് സഭാ ഗാത്രത്തിന്റെ സംരക്ഷണത്തിനായി ഭരമേല്പിച്ച ക്രിസ്തു. അവന്റെ രണ്ടാമത്തെ ആഗമനം വരെയും നമ്മെയോരോരുത്തരെയും ക്രിസ്തു ഇങ്ങനെ വീണ്ടെടുത്തു കൊണ്ടിരിക്കുന്നു.

ഹാശാ ആഴ്ചയിൽ രാത്രി നമസ്കാരത്തിന്റെ മൂന്നാം കൗമ്മായിൽ 'ബോത്തേദ്ഹാശോ' യിലെ ഒരു പ്രാർത്ഥന നമുക്ക് ഉണർത്ത് പാട്ടാകട്ടെ എന്ന് ആഗ്രഹിക്കുന്നു, ആശംസിക്കുന്നു. 'തന്റെ ഗുരുവിനെയും കൂട്ടു ശ്ലീഹന്മാരെയും വിട്ട് പോയവനാരോ അവന് ഹാ കഷ്ടം. സഹോദരങ്ങളേ, ദ്രവ്യാഗ്രഹം ദൈവത്തിൽ നിന്ന് മനുഷ്യനെ അകറ്റുന്നതാകുന്നുവെന്ന് ധരിച്ച് കൊള്ളുവീൻ. കർത്താവിന്റെ സന്നിധിയിൽ വഞ്ചന കൂടാതെ പെരുമാറിക്കൊള്ളുക. വിശുദ്ധ മാമ്മോദീസായുടെ സന്താനങ്ങളേ, നമ്മുടെ രക്ഷകന്റെ തിരുവിഷ്ടത്തിന് വിരോധമായി, സാത്തനോടും അവന്റെ സ!!ൈ!!ന്യേത്താടും ചേരാതിരിക്കുവാൻ സൂക്ഷിച്ചു കൊള്ളുവീൻ...'






**ഫാ. ജോർജ് തേക്കടയിൽ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
എക്യുമെനിക്കൽ കമ്മീഷൻ സെക്രട്ടറി
രാഷ്ട്രദീപിക എക്സിക്യൂട്ടിവ് ഡയറക്ടർ


# ഏഴരപ്പള്ളികൾ

## നസ്രാണി സഭകളുടെ പൊതു പൈതൃകം

2024 മാർച്ച് ( പേജ് 32 ),
ഏപ്രിൽ (പേജ് 17), ന്റെ തുടർച്ച

### കൊക്കമംഗലം

നിലയ്ക്കലെ സഭാ കൂട്ടായ്മ സ്ഥാപിച്ചതിന് ശേഷം ശ്ലീഹാ കൊക്കമംഗലത്തേക്ക് പോയി എന്ന് പറയപ്പെടുന്നു. ഇപ്പോൾ ആലപ്പുഴ ജില്ലയിലുള്ള വേമ്പനാട്ട് കായലിന്റെ തീരത്ത് ചേർത്തല തണ്ണീർമുക്കം റോഡിന് സമീപത്തായിട്ടാണ് കൊക്കമംഗലം പള്ളി സ്ഥിതി ചെയ്യുന്നത്. നമ്പൂതിരി ഇല്ലങ്ങളായിരുന്നു ഈ പ്രദേശത്ത് കൂടുതലായി ഉണ്ടായിരുന്നത് അക്കാലങ്ങളിൽ എന്നും പൊതുവെ പറഞ്ഞ് പോരുന്നു. 1600 ഓളം പേരെ ശ്ലീഹാ ക്രൈസ്തവ വിശ്വാസത്തിൽ സ്വീകരിച്ചു എന്ന് റമ്പാൻ പാട്ടിൽ പരാമർശമുണ്ട്. ഏകദേശം ഒരു വർഷക്കാലം ശ്ലീഹാ കൊക്കമംഗലം പ്രദേശത്തു സുവിശേഷം പ്രസംഗിക്കുകയും, അവിടെ ഒരു കുരിശ് സ്ഥാപിക്കുകയും ചെയ്തു. ശ്ലീഹാ സ്ഥാപിച്ച കുരിശ് ശത്രുക്കൾ എടുത്ത് കായലിൽ എറിയുകയും, പിന്നീട് ആ കുരിശ് പള്ളിപ്പുറം എന്ന സ്ഥലത്ത് കരയ്ക്ക് അടിയുകയും, പ്രസ്തുത കുരിശെടുത്ത് പള്ളിപ്പുറത്തു ഒരു പള്ളി സ്ഥാപിക്കുകയും ചെയ്തത്രേ. അങ്ങനെ സ്ഥാപിതമായ പള്ളിയാണ് പള്ളിപ്പുറത്തെ പരി. ദൈവമാതാവിന്റെ നാമത്തിലുള്ള പള്ളി മാർത്തോമ്മ നസ്രാണികളുടെ ഏറ്റവും പുരാതനമായ പള്ളികളിൽ ഒന്നാണ്.



പിന്നീട് എറണാകുളം ജില്ലയിലെ വൈപ്പിൻ ദ്വീപിൽ പള്ളിപ്പുറം എന്ന സ്ഥലത്ത് സ്ഥാപിതമായിട്ടുള്ള മറ്റൊരു പള്ളിയിൽ നിന്നും തിരിച്ചറിയുവാൻ, തെക്കൻ പള്ളിപ്പുറം പള്ളി എന്നാണ് ഈ പള്ളി പൊതുവെ അറിയപ്പെടുന്നത്. കൊക്കമംഗലത്ത് നിലവിൽ ഉള്ള പള്ളി മാർത്തോമാ ശ്ലീഹായുടെ നാമത്തിൽ സ്ഥാപിതമായിട്ടുള്ളതാണ്. മാത്രമല്ല, ഏഴര പള്ളികളിൽ ഒരെണ്ണം നിലനിന്നു എന്ന് വിശ്വസിക്കപ്പെട്ട സ്ഥലത്തായതിനാൽ നിരവധി തീർത്ഥാടകർ കൊക്കമംഗലം പള്ളിയിലേക്ക് വരാറുണ്ട്.

## കോട്ടക്കാവ്

ഇന്നത്തെ എറണാകുളം ജില്ലയിൽ വടക്കൻ പറവൂരിലാണ് കോട്ടക്കാവ് എന്ന സ്ഥലം സ്ഥിതി ചെയ്യുന്നത്. കോട്ടക്കായൽ എന്നും പട്ടമന പറവൂർ എന്നും ഈ സ്ഥലം അറിയപ്പെട്ടിരുന്നു. ഇതൊരു ബ്രാഹ്മണ പ്രദേശമായിരുന്നുവെന്ന് പറയപ്പെടുന്നു. പറവൂർ അമ്പലത്തിലെ ഉത്സവദിനത്തിന്റെ അന്ന് ആദ്യമായി അവിടെയെത്തിയ മാർത്തോമാ ശ്ലീഹായെ അവിടെയുള്ളവർ അപമാനിച്ചുവെങ്കിലും, പിന്നീട് തെറ്റ് തിരുത്തിയ അവരിൽ പലരും ക്രിസ്തീയ വിശ്വാസം സ്വീകരിച്ചുവെന്നും ആണ് ചരിത്രം. കോട്ടയ്ക്കാലി, ചെത്തിയാടൻ, മാനവശ്ശേരി, വാഴപ്പള്ളി, വേഴപ്പള്ളി, നെടുന്തള്ളി, ഈരാളി, മാളിയേക്കൽ തുടങ്ങിയ ഇല്ലങ്ങളെ ശ്ലീഹാ ക്രൈസ്തവ വിശ്വാസത്തിലേക്ക് സ്വീകരിച്ചു. അവിടെയുണ്ടായിരുന്ന ഒരു ക്ഷേത്രം ക്രിസ്തീയ പള്ളിയായി പിന്നീട് രൂപപ്പെട്ടു. വലിയൊരു സംഘം യഹൂദന്മാരും കോട്ടക്കാവ് പ്രദേശത്ത് താമസമുണ്ടായിരുന്നതിനാൽ, യഹൂദവംശജരും ക്രിസ്തീയ വിശ്വാസത്തിലേക്ക് കടന്നു വന്ന് കാണണം. ഇപ്പോൾ സിറോ മലബാർ സഭയുടെ, എറണാകുളം അങ്കമാലി അതിഭദ്രാസനത്തിലെ ഒരു ഫോറോന പള്ളിയും മാർത്തോമ്മ തീർത്ഥാടന കേന്ദ്രവുമാണ് കോട്ടക്കാവ് സെന്റ്. തോമസ് പള്ളി. വടക്കൻ പറവൂർ ചെറിയ പള്ളി എന്ന് വിളിക്കപ്പെടുന്ന സെന്റ്. തോമസ് യാക്കോബായ പള്ളിയാണ് പറവൂർ പ്രദേശത്ത് സ്ഥാപിതമായ മറ്റൊരു പ്രധാന ദൈവാലയം. (തുടരും....)





റോയി പൂച്ചേരിൽ
ബഹ്റൈൻ

# കുരിശിന്റെ നിഴലിൽ

മരുഭൂവിൽ പ്രവാസിയായ് മരുവുന്നു ഞാൻ,
നിന്നാശ്ലേഷണത്താൽ
കരുതലോടെ

നുകരുന്നു നാഥാ കാസായിൽ നിൻ,
പകർന്നൊരാ ചങ്കിലെ ശോണിതം ഞാൻ

പുത്തൻ മനുജനായ് മാറ്റിയില്ലേ,
അലിവേറും അനന്തമാം
കാരുണ്യത്താൽ

പാപക്കുഴിയിൽ പരതിയെന്നെ,
പാതിമയക്കത്തിൽ പേർ വിളിച്ചു

സീയോനിലേക്കായ് കരം പിടിച്ചു,
ഉന്നത മനുജനായ് നേടിയില്ലേ

എൻ കുടുംബവും ജോലിയും കാത്തതല്ലേ,
നാഥാ നിൻ അൻപിനാൽ പോറ്റിയില്ലേ

നിൻ കുരിശെടുക്കാൻ വേണമിനി,
ആത്മീയ ചൈതന്യം എൻ ബലമായ്

ആത്മാവേ നേടുവാൻ കൂട്ടാകണേ,
നിന്നിൽ വസിക്കുവാൻ കാത്തീടണേ

എൻ രക്ഷക്കായ് പീഡകൾ ഏറ്റതല്ലേ,
കുരിശിൻ നിഴലിൽ ചേർത്തീടണേ ....



# മലങ്കര സഭാ ചരിത്രം

(ഭാഗം 5)



ബിനു തോമസ്

**പോർട്ടുഗീസ് ആഗമനം വരെയുള്ള കേരള സഭാ ചരിത്രം നാം വളരെ സംക്ഷിപ്തമായി ചർച്ച ചെയ്തു. ഇതെല്ലാം തന്നെ ചരിത്രാന്വേഷികൾക്ക് വിശദമായി പഠിക്കുന്നതിനും പല പക്ഷക്കാരുടെ രചനകളിലും തെളിവുകളിൽ നിന്നും നിഷ്പക്ഷ ഗവേഷണത്വരയോടെ ഏറ്റവും സാധ്യതയേറിയ നിഗമനത്തിലെത്തുന്നതിനും ഇന്ന് സാധിക്കും.**

പോർട്ടുഗീസ് ആഗമനത്തിന് മുമ്പുള്ള ചില പ്രധാന ക്രൈസ്തവ കുടിയേറ്റങ്ങളും ചരിത്രരേഖകളുമാണ് നാം ഇവിടെ പരാമർശിക്കുന്നത്. പാശ്ചാത്യ ക്രൈസ്തവരുടെ ആഗമനത്തിന് മുമ്പ് ഇവിടെ ക്രൈസ്തവ സമൂഹം നിലനിന്നിരുന്നതിന്റെ ചരിത്ര തെളിവുകളാണ് ഇവ.

## കുടിയേറ്റങ്ങൾ

### 1. കൊല്ലം കുടിയേറ്റം

മൂന്നാം നൂറ്റാണ്ടിൽ ചോള രാജ്യതലസ്ഥാനമായിരുന്ന കവേരി പൂംവട്ടിനത്തിൽ ( പൂംവുഹാർ ) നിന്നും 72 കുടുംബങ്ങൾകൊല്ലത്തേക്ക്കുടിയേറി

യതായും, ഇവരിൽ മാണിക്ക വാചകർ എന്ന ശൈവസിദ്ധൻ തദ്ദേശീയ ക്രിസ്ത്യാനികളെ ശൈവമതത്തിലേക്ക് ആകർഷിച്ചതായും ചരിത്രമുണ്ട്.

മാണിക്ക വാചകരാൽ സ്ഥാപിതമായ മാണിഗ്രാമക്കാർക്ക് തരിസാപ്പള്ളി ചെപ്പേടിൽ ഒട്ടനവധി അധികാരം നൽകുന്നതായ പരാമർശമുണ്ട് എന്നതാണ് ഇതിന്റെ ചരിത്ര പ്രസക്തി.

## 2. ക്നായിത്തോമ്മന്റെ കുടിയേറ്റം

മെസോപ്പോട്ടോമിയൻ പ്രദേശത്തെ സാസ്നിയൻ പേർഷ്യൻ സാമ്രാജ്യത്തിൽ നിന്നും മതപീഡനത്തെ കടന്ന് വ്യാപാര മാർഗ്ഗത്തിലൂടെ ( Sea Route ) കേരള തീരത്തെത്തിയ യഹൂദ സുറിയാനി പശ്ചാത്തലമുള്ള ക്രിസ്ത്യൻ സമൂഹവും അതിന്റെ നേതാവുമായിരുന്ന ക്നായി തോമായും ആണ് ഈ കുടിയേറ്റം നടത്തിയത്.
സാസിനാഡ് പേർഷ്യായിലെ രാജാവായിരുന്ന ഷാപ്പൂർ രണ്ടാമന്റെ കാലത്തെ മതപീഡനമാണ് ക്രിസ്ത്യാനികളെ പേർഷ്യായിൽ നിന്നും കുടിയേറാൻകാരണമാക്കിയത്. കേരള സുറിയാനിക്കാരിൽ തെക്കുംഭാഗർ, ക്നാനായക്കാർ എന്ന പേരിലായി സുറിയാനി കത്തോലിക്കാ, സുറിയാനി ഓർത്തോഡോക്സ് വിഭാഗങ്ങളിൽ പ്രേത്യേക ഭരണ, സമുദായ വ്യക്തിത്വത്തോടെ ഇവർ ഇന്നും നില കൊള്ളുന്നു.

## 3. മാർ സബറീശോയുടെ കുടിയേറ്റം

AD 823 ൽ മാർ സാബോർ ( സാപ്പിർ ) മാർ പ്രോത്ത് എന്നീ മെത്രാന്മാരും സിറിയൻ കച്ചവട കുടുംബങ്ങളും കേരള തീരത്തേക്ക് കുടിയേറി. ഈ മെത്രാന്മാരുടെ നേതൃത്വത്തിൽ ധാരാളം പള്ളികൾ പുനർനിർമ്മിക്കയും പുതിയ സമൂഹങ്ങൾ സ്ഥാപിക്കപ്പെടുകയും ചെയ്തതായി പറയപ്പെടുന്നു. മാർ സബറീശോയാണ് തരിസാപ്പള്ളി ചെപ്പേട് എന്ന ചെമ്പ് ശാസനത്തിൽ കൊല്ലത്തെ ഭരണാധികാരിയായിരുന്ന അയ്യനാദ്രികളിൽ നിന്നും അധികാരങ്ങൾ പ്രധാനമായും സ്വീകരിക്കുന്നത്. വട്ടെഴുത്ത് ലിപിയിൽ 6 ഫലകങ്ങളിലായാണ് ഈ
ശാസനം. കൊല്ലം എന്ന വാണിജ്യ നഗരത്തിന്റെ സ്ഥാപകൻ ആയാണ് മാർ സബറീശോയെ പ്രസ്തുത ചെപ്പേട് വിശേഷിപ്പിച്ചിരിക്കുന്നത്. കൊല്ല വർഷം എന്ന നമ്മുടെ മലയാള കലണ്ടർ ആരംഭിക്കുന്നതും AD 825 ൽ ആണെന്നതും ശ്രെദ്ധിക്കുമല്ലോ മരണാനന്തരം മാർ സാബോറും മാർ പ്രോത്തും കന്ദീശങ്ങൾ(വിശുദ്ധർ ) എന്ന് സുറിയാനി ക്രിസ്ത്യാനികളാൽ വാഴ്ത്തപ്പെടുകയും അവരുടെ നാമത്തിൽ പള്ളികൾ പണിയിക്കപ്പെടുകയും ചെയ്തു. എന്നാൽ, പിന്നീടുണ്ടായ ഉദയംപേരൂർ അധിനിവേശത്തിൽ ദോം മെനെസിസ് ഇവരുടെ നാമത്തിൽ ഉള്ള പള്ളികളെ തന്ത്രപരമായി റോമൻ
ഇരട്ട സഹോദരൻമാരായ ( വിശുദ്ധർ ) ഗർവ്വാസീസിന്റെയും പ്രോത്താസീസിന്റെയും നമ്മത്തിലേക്ക് മാറ്റുകയും ചെയ്തു.

## ചെപ്പേടുകൾ

തരിസാപ്പള്ളിചെപ്പേട്,ഇരവിക്കോർത്തൻ ചെപ്പേട്, പേർഷ്യൻ മെത്രാനായിരുന്ന മാർ യാക്കോബിന്റെ കൈവശമുണ്ടായിരുന്ന ഒൻപതാം നൂറ്റാണ്ടിലേതെന്ന് കരുതുന്ന മറ്റൊരു ചെപ്പേട്. ( ബ്രിട്ടീഷ് മ്യൂസിയത്തിൽ ഇതിന്റെ പോർത്തുഗീസ് പരിഭാഷയുണ്ട് ). ഇവയാണ് പത്താം നൂറ്റാണ്ടിന് മുമ്പുള്ള ഇന്നും നിലവിലുള്ള പ്രധാന ചരിത്ര തെളിവുകൾ. ഇന്ന് നാം കേരളത്തിൽ കാണുന്ന പല സമുദായങ്ങൾക്കും തങ്ങളുടെ കേരളത്തിലെ പത്താം നൂറ്റാണ്ടിന് മുമ്പുള്ള കാലത്തെ ലിഖിത ചരിത്ര രേഖകൾ ഇല്ലായെന്നതും നാം മനസ്സിലാക്കണം.

## മാർത്തോമ്മാ നസ്രാണികൾ അഥവാ എണങ്ങർ

ഉദയംപേരൂർ സുന്നഹദോസ് രേഖകളിൽ വൈദീകരല്ലാത്ത ജനങ്ങളെ " എണങ്ങർ " എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. " പട്ടക്കാരെയും എണങ്ങരെയും യോഗം കൂട്ടി " എന്നാണ് സുന്നഹദോസ് കാനോനകളിൽ പറയുന്നത്. ചരിത്രക്കാരനായ സക്കറിയായുടെ അഭിപ്രായത്തിൽ മാർത്തോമ്മാ നസ്രാണികൾ സാഹോദര്യത്തിലും സമഭാവനയിലും വർത്തിച്ചിരുന്നു. ഇണക്കമായിരുന്നു അവരുടെ കെട്ടുപാട്.

ക്രിസ്തുമതം യൂറോപ്പിൽ ഔദ്യോഗികമതമായി അംഗീകരിക്കപ്പെടുകയോ, പാശ്ചാത്യ പൌരസ്ത്യ റോമാ സാമ്രാജ്യങ്ങളിൽ പ്രതിഷ്ഠ നേടുകയോ ചെയ്യുന്നതിന് മുമ്പ് തന്നെ കേരളത്തിൽ അത് പ്രചരിച്ചിരുന്നുവെന്ന് " കേരള ചരിത്രത്തിൽ " എ. ശ്രീധര മേനോൻ രേഖപ്പെടുത്തുന്നുണ്ട്. എന്തായാലും അഉ 1 മുതൽ 5 വരെയുള്ള കാലത്ത് കേരളമോ, മലബാർ, കൊച്ചി, വേണാട് എന്നീ രാജ്യങ്ങളോ ഇല്ല. പുരാതന തമിഴകത്തിന്റെ ഭാഗമാണ് അന്ന് നമ്മുടെ ഈ ഭൂവിഭാഗം. സംഘകാലം എന്നറിയപ്പെടുന്ന ചേര രാജാക്കൻമാരുടെ കാലമായിരുന്നു അത്. അതിൽ ആദ്യ പത്തു രാജാക്കന്മാരുടെ ഭരണകേന്ദ്രവും സ്മൃതികളും ഇന്നത്തെ വടക്കൻ കേരളത്തിലും പിന്നീടുള്ള 10 രാജാക്കൻമാർ ഇന്നത്തെ മധ്യ കേരളത്തിലും ഭരിച്ചു പോന്നു എന്ന് ചരിത്രവും സാക്ഷിക്കുന്നു. അന്ന് തമിഴകമായിരുന്നുവെങ്കിലും ചേരചോളപാണ്ട്യ, ഏത് രാജ ഭരണക്കാലത്തും ക്രിസ്ത്യാനികൾക്ക് അവകാശവും പ്രേത്യേക അധികാരവും ഭരണത്തിലിരുന്നവർ നൽകിപോന്നിരുന്നതും പല രേഖകളിലും കാണാം. അന്നത്തെ പ്രബല ജാതികളോ മതമോ ഇന്ന് കേരളത്തിൽ പ്രബല ജാതികളോ മതമോ അല്ല. ജൂതർ, യവനർ ( ഗ്രീക്കുക്കാർ ) ഒക്കെ കുടിയേറിയിരുന്ന സംഘകാല കേരള പ്രദേശത്ത് ആര്യൻമാരും തീർച്ചയായും എത്തിയിരുന്നിരിക്കും. പക്ഷേ, അവർ പ്രബല ശക്തിയായത് എട്ടാം നൂറ്റാണ്ടിന് ശേഷമാണ് എന്നതാണ് ചരിത്രവും.

AD 190 ൽ, അലക്സാഡ്രിയൻ ദൈവശാസ്ത്രജ്ഞനും സഞ്ചാരിയുമായ പന്തേനൂസ് ഇവിടെ വരികയുണ്ടായി. ഇവിടെ ക്രിസ്ത്യാനികൾ ഉണ്ടെന്നും അവരുടെ പക്കൽ ഹെബ്രായ ഭാഷയിലുള്ള മത്തായിയുടെ സുവിശേഷം താൻ കണ്ടുവെന്നും അദ്ദേഹം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

## വില്ലാർവട്ടം രാജവംശം

AD 9 മുതൽ 14 വരെ കേരള നസ്രാണികൾക്ക് ഒരു രാജവംശം ഉണ്ടായിരുന്നു. വില്ലാർവട്ടം എന്ന പേരിൽ കേരളീയ നസ്രാണികളെ ചുരുങ്ങിയപക്ഷം ഇന്നത്തെ കൊച്ചിക്ക് സമീപപ്രദേശങ്ങളിലെ നസ്രാണികളെ ഭരിച്ചിരുന്നത് ഇവരായിരുന്നു. കൊച്ചി രാജ്യ തലസ്ഥാനത്തിനടുത്ത് " ദേശം " എന്ന സ്ഥലത്തായിരുന്നു ഇവരുടെ ആസ്ഥാനം.

## പുരാതന ദൈവാലയങ്ങൾ, കുരിശുകൾ, ലിഖിതങ്ങൾ

പോർത്തുഗീസ് ആഗമനത്തിന് മുൻപ് സ്ഥാപിക്കപ്പെട്ട കോട്ടയം വലിയ പള്ളിയിലെ ( AD 8 ) പേർഷ്യൻ കുരിശിൽ പേർഷ്യൻ ഭാഷയായ പഹ് ലവിയിലും, പത്താം നൂറ്റാണ്ടിലെ മറ്റൊരു കുരിശിൽ പുരാതന സുറിയാനി ലിഖിത രൂപമായ " എസ്ത്രാങ്കെലോ " ലിപിയുമാണ് കാണപ്പെടുന്നത്.
കടമറ്റം, മുട്ടുചിറ, കോതനല്ലൂർ, പള്ളിപ്പുറം, ആലങ്ങാട്, നിരണം എന്നീ ദേശങ്ങളിലും മാർത്തോമ്മാ സ്ലീബാ / പേർഷ്യൻ കുരിശ് / നസ്രാണി സ്തംഭം എന്നീ പേരുകളിൽ അറിയപ്പെടുന്ന പുരാതന കുരിശുകളും അവയിൽ ലിഖിതങ്ങളും കാണാം. സമാനമായ കുരിശുകൾ ഗോവയിലും, മൈലാപ്പൂരും, ശ്രീലങ്കയിലെ അനുരാധപുരിയിലും, പാകിസ്ഥാനിലെ തക്ഷശിലയിലും, ബാൾട്ടിസ്ഥാനിലും കണ്ടെത്തിയിട്ടുണ്ട്. ഇവയെല്ലാം മാർ തോമാ ശ്ലീഹായുടെ പൈതൃകത്തിൽ പേർഷ്യൻ സഭയുമായുള്ള സംസർഗ്ഗത്തിൽ വളർന്ന് വികസിച്ച ഒരു സമൂഹത്തിന്റെ സെക്കുലർ ചരിത്രക്കാരൻമാർക്ക് പോലും നിഷേധിക്കാനാകാത്ത വ്യക്തമായ അടയാളങ്ങളാണ്...

(തുടരും....)

മണിവിളക്ക്

WhatsApp group

Scan or upload this QR code using the WhatsApp camera to join this group


https://chat.whatsapp.com/FtE0473QF0eHCGvPPni3qO

മണിവിളക്കിന്റെ വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ ജോയിൻ ചെയ്യാൻ മുകളിൽ കാണുന്ന ലിങ്കിലോ QR കോഡ് പ്രയോജനപ്പെടുത്തുക .

മെയ് 12

# ഉയർപ്പിനുശേഷം 6-ാം ഞായർ

യോഹ. 16/5-11



## കാത്തിരിപ്പിന്റെ കാലം :

സ്വർഗ്ഗാരോഹണ പെരുന്നാളിനു ശേഷം പത്തുദിവസം സഭ ഒന്നാകെ പരിശുദ്ധാത്മാവിന്റെ നിറവിനായി കാത്തിരുന്നു പ്രാർത്ഥിക്കുന്ന സമയമാണിത്. ഈ പത്തു ദിവസം വിവാഹ ആഘോഷങ്ങൾ വിലക്കപ്പെട്ടിരിക്കുന്നു. "ഉന്നതത്തിൽ നിന്നുള്ള ശക്തി ധരിക്കുന്നതുവരെ നഗരത്തിൽ തന്നെ നിങ്ങൾ വസിക്കുവീൻ" (ലൂക്കാ 24/49) എന്ന് തന്റെ ശിഷ്യന്മാർക്ക് നിർദ്ദേശം നൽകിയ യേശു വാഗ്ദാനം ചെയ്തിരുന്നതുപോലെ പരിശുദ്ധാത്മാവിന്റെ അതിശക്തമായ ആവാസത്താൽ സംഭവിച്ചതുപോലെയുള്ള ഒരു രൂപാന്തരം നാം ഓരോരുത്തരിലും നടക്കേണ്ടിയിരിക്കുന്നു. യേശു തന്നെ പറഞ്ഞിരിക്കുന്നത് പരിശുദ്ധാത്മാവ് വന്നു കഴിയുമ്പോൾ പാപം, നീതി, ന്യായവിധി എന്നിവയെക്കുറിച്ച് ലോകത്തെ ബോദ്ധ്യ പ്പെടുത്തുമെന്നാണ് (16/8).

സുവിശേഷങ്ങൾ മൊത്തം നോക്കിയാൽ ഒരു കുറ്റവിചാരണയുടെയോ ന്യായവിസ്താരത്തിന്റെയോ ശൈലി വ്യാപിച്ചു കിടക്കുന്നതായി കാണാം. ലോകത്തിൽ നിലവിലിരിക്കുന്ന പല ധാരണകളും തിരുത്തപ്പെടേണ്ടതാണെന്ന് ബോധ്യപ്പെടുത്തുവാൻ (തന്റെ ശിഷ്യന്മാരെ) പരിശ്രമിക്കുന്ന ക്രിസ്തുവിനെ നാം ഫലപ്പോഴുക്കണ്ടു മുട്ടുന്നു. അവിടെയെല്ലാം അവസാനവാക്ക് യേശുവിന്റെ തന്നെ. ക്രിസ്തുവാകുന്ന ചീഫ് ജസ്റ്റീസിന്റെ സ്ഥാനമാണ് താൻ പോയ് മറഞ്ഞപ്പോൾ പരിശുദ്ധാത്മാവിന് നൽകപ്പെട്ടിരിക്കുന്നത്. യേശുവിന്റെ രക്ഷാകര പ്രവർത്തനം ലോകത്തിൽ തുടരുന്നത് പരിശുദ്ധാത്മാവാണല്ലോ. വ്യത്യസ്ത കക്ഷികളും അഭിപ്രായങ്ങളും ഉണ്ടാകുമ്പോഴാണല്ലോ വിസ്താരത്തിന്റെയും ന്യായവിധിയുടെയും ന്യായാധിപന്റെയും ആവശ്യം ഉണ്ടാകുന്നത്. ഈ വിസ്താരത്തിൽ ഒരു കക്ഷി ലോകമാണ്. യേശുവിൽ കൂടി വെളിപ്പെടുത്തപ്പെട്ട ദൈവീകതയെ എതിർക്കുന്ന എല്ലാറ്റിനേ

യും ചേർത്തു പറയുന്ന വാക്കാണ് ലോകം എന്നത്. യോഹന്നാന്റെ 17/3 ൽ പറഞ്ഞിരിക്കുന്നതുപോലെ 'ഏക സത്യദൈവമായ അങ്ങയേയും അങ്ങ് അയച്ച യേശുക്രിസ്തുവിനെയും അറിയുക (തിരിച്ചറിയുക, അംഗീ കരിക്കുക, അനുസരിക്കുക) എന്നതാണ് നിത്യജീവൻ'. യുഗങ്ങളായി മറഞ്ഞിരുന്ന ഈ രഹസ്യം കൺമുൻപിൽ എത്തിയിട്ടും അത് അംഗീകരിക്കാൻ വിസമ്മതിച്ച് ആ ജീവവൃക്ഷത്തിൻരെ കനി വലിച്ചെറിഞ്ഞു കൊണ്ടിരിക്കുന്നു എന്നതാണ് ലോകത്തിന്റെ പാപമെന്ന് പരിശുദ്ധാത്മാവ് വിശ്വാസികൾക്ക് ബോധ്യപ്പെടുത്തി കൊണ്ടിരിക്കുന്നു. 'പ്രകാശം ലോകത്തിലേക്കു വന്നിട്ടും മനുഷ്യർ പ്രകാശത്തെക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു. കാരണം അവരുടെ പ്രവർത്തികൾ തിന്മ നിറഞ്ഞതായിരുന്നു' (3/19).

യേശു, താൻ ദൈവപുത്ര നാണെന്നും പിതാവാം ദൈവത്തോട് ഒന്നായിരിക്കുന്നു എന്നും മറ്റുമുള്ള അവകാശവാദത്തെയാണല്ലോ യഹൂദർ കുറ്റകരമായി കണ്ടതും വധശിക്ഷയ്ക്കു വിധേയനാക്കിയതും. എന്നാൽ പരിശുദ്ധാത്മാവിന്റെ വരവോടെ ആ അവകാശവാദം ശരിയാണെന്നു തെളിയുകയാണുണ്ടായത്. തന്റെ മരണത്തോടെ യേശു പിതാവിങ്കലേക്ക് മടങ്ങിയെത്തിയെന്നതിന്റെ പ്രത്യക്ഷ അനുഭവമാണല്ലോ പരിശുദ്ധാത്മാവിന്റെ ആഗമനം. അതോടെ താൻ പറഞ്ഞതെല്ലാം സത്യമാണെന്നും തന്റെ ഭാഗത്താണ് നീതിയെന്നും അ നീതിയോടു പക്ഷം ചേരുന്നവരാണ് ഈശോയെ ഉപേക്ഷിക്കുന്നതെന്നും വ്യക്തമായി. നീതി എന്ന പദത്തിന്റെ അർത്ഥം അതിന്റെ പശ്ചാത്തലം മാറുന്നതനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. കോടതി ഭാഷയും വ്യാപാര രംഗവും ധാർമ്മിക രംഗവും കുടുംബ പഞ്ചാത്തലവും ധ്വനിപ്പിക്കുന്നത് നീതിയുടെ വ്യത്യസ്ഥമായ അർത്ഥമാണല്ലോ. സുവിശേഷത്തിൽ യേശുവിന്റെ രക്ഷാകര പ്രവർത്തനത്തിന്റെ പൂർത്തീകരണത്തെ തന്നെയാണ് നീതിയായി പരിശുദ്ധാത്മാവ് വെളിപ്പെടുത്തുന്നത്.

മരിച്ച് ശൂന്യതയിലേക്കല്ല പിതാവിങ്കലേക്കാണ് യേശു എത്തി ചേർന്നത്. ലോകം പ്രതീക്ഷിച്ചതുപോലെ മരണത്തോടെ സമാപിക്കുകയല്ല പൂർവ്വാധികം ശക്തിയോടെ ലക്ഷ്യത്തിലെ ത്തിച്ചേരുകയാണുണ്ടായത്.

നന്മ മാത്രം പ്രവർത്തിക്കുകയും സകല മനുഷ്യരുടെയും നന്മ ആഗ്രഹിച്ചു കൊണ്ടുള്ള രക്ഷയുടെ മാർഗ്ഗം തെളിച്ചു കൊടുക്കുകയും ചെയ്ത നിഷ്കളങ്കനായ ദൈവ പുത്രനെ വിസ്തരിക്കാനും വിധി കല്പ്പിക്കാനുമായി അന്നും ഇന്നും ലോകത്തിന്റെ അധികാരികൾ (പിശാച്) കോടതി കൂടുന്നു. പക്ഷേ അവരുടെ വിധി തീർപ്പുകൾ തങ്ങളുടെ അജ്ഞതയും അനീതിയും ദുർബുദ്ധിയും വെളിപ്പെടുത്താനേ ഉപകരിക്കുന്നുള്ളു എന്ന് പരിശുദ്ധാത്മാവ് വിശ്വാസികളെ ബോധ്യപ്പെടുത്തുകയും നന്മയിലും നീതിയിലും ദൈവത്തിലും ഉറച്ചു നിൽക്കുവാൻ ബലപ്പെടുത്തുകയും ചെയ്യുന്നു.

## മെയ് 19

# പെന്തിക്കോസ്തി പെരുന്നാൾ

**യോഹ. 14/15:24**

ശാസ്ത്ര സാങ്കേതിക രംഗത്ത് മനുഷ്യർ കൈവരിച്ച നേട്ടങ്ങൾ അത്ഭുതകരം തന്നെ. ലോകത്തിന്റെ പലഭാഗങ്ങളിലും ഉയർന്നു നിൽക്കുന്ന ആകാശഗോപുരങ്ങൾ മനുഷ്യൻ നേടിയെടുത്ത സാങ്കേതിക വിദ്യകളുടെ സ്മാരക സ്തംഭങ്ങൾ ആണല്ലോ. നമ്മുടെ നേട്ടങ്ങളെക്കുറിച്ച് അഭിമാനിക്കുമ്പോഴും ഇനിയും സാക്ഷാത്ക്കരിക്കപ്പെടാത്ത ഒരു ഗോപുരത്തിന്റെ കഥ ഉല്പത്തി പുസ്തകം 11ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു. ബാബേലിൽ പണിയാൻ



ആഗ്രഹിച്ച പട്ടണവും ഗോപുരവും മാനവ ഐക്യത്തിന്റെയും കൂട്ടായ്മയുടെയും സ്മാരകമായിട്ടാരുന്നു. അത് ഇനിയും സാധിതമായിട്ടില്ല. പരസ്പര മാത്സര്യത്തിന്റെയും ശത്രുതാ മനോഭാവത്തിന്റെയും അഹങ്കാരത്തിന്റെയും ദുരഭിമാനത്തിന്റെയും സ്മാരകങ്ങൾ ഉയർത്താനേ

നാം പ്രാപ്ത മായിട്ടുള്ളു. പരസ്പര മാത്സര്യമാണ് ശാസ്ത്രപുരോഗതിയുടെ പിന്നിലെ ചേതോവികാരം. അതുകൊണ്ടാണ് ഒരു ഭാഗത്ത് നിർമ്മാണ പ്രവർത്തന ങ്ങൾ പുരോഗമിക്കുമ്പോൾ മറുഭാഗത്ത് അവയെല്ലാം നിലം പരിശാക്കാനുള്ള സാങ്കേതിക വിദ്യയ്ക്ക് മനുഷ്യ മസ്തിഷ്ക്കം രൂപം നൽകുന്നത്. ലോകരാ ഷ്ട്രങ്ങളെല്ലാം തന്നെ അവരുടെ വരുമാനത്തിന്റെ സിംഹഭാഗവും മാറ്റിവ യ്ക്കുന്നത് യുദ്ധസന്നാഹങ്ങൾക്കുവേണ്ടിയാണല്ലോ. അതിരാവിലെ എഴു ന്നേറ്റ് ഭാരമേറിയ കല്ലുരുട്ടി മലമുകളിൽ എത്തിച്ചിട്ട് സന്ധ്യയാകുമ്പോൾ ആ കല്ല് താഴേക്കുരുട്ടി അതിന്റെ പാച്ചിലുകണ്ട് കൈകൊട്ടി ആഹ്ലാദം പ്രകടിപ്പിക്കുന്ന നാറാണത്തു ഭ്രാന്തന്റെ മാതൃകയാണ് മനുഷ്യർ സ്വന്തം

അദ്ധ്വാനങ്ങളിൽ പകർത്തിയിരിക്കുന്നത്. പരിശുദ്ധമായ പ്രാണവായു ആവുന്നത്. മലിനമാക്കിയതിനുശേഷം അത് ശുദ്ധീകരിച്ച് ശ്വസനത്തിനുപയുക്തമാക്കു ന്നതെങ്ങനെ എന്നാലോചിക്കുന്നു. ശുദ്ധജലത്തിൻറെ കഥയും മറ്റൊന്നല്ല. ആഹാര പദാർത്ഥങ്ങളെല്ലാം മാരകമായ വിഷം കലർത്തി ഭക്ഷിച്ചതിനു ശേഷം വിദഗ്ദ ചികിത്സക്കായി ആശുപത്രിയിൽ അഭയം തേടുന്നു. കൈയ്യിലെ കാശും ഉള്ളിലെ

ജീവനും തീരുമ്പോൾ മണ്ണിലേക്കു മട ങ്ങുന്നു. മനുഷ്യന്റെ ക്ലേശങ്ങൾക്കും രോഗങ്ങൾക്കും മരണത്തിനും സമാധാനം ഇല്ലായ്മക്കും എല്ലാം കാരണം അവന്റിലെ ദൈവാത്മാവ് നഷ്ടപ്പെട്ടതാണ്. ഈ പരിശു ദ്ധാത്മാവിനെ വീണ്ടും നൽകാനാണ് ദൈവ പുത്രൻ മനുഷ്യാവതാരമെടു ത്തതും കഷ്ടതകളെല്ലാം സഹിച്ച് മരിച്ച് ഉത്ഥാനം ചെയ്തത് ദൈവപിതാ വിന്റെ സന്നിധിയിലേക്കു മടങ്ങിപ്പോയതും. മനുഷ്യന്റെ ഉള്ളിലും പുറത്തും അഭിപ്രായ ഐക്യവും സ്നേഹവും സമാധാനവും ഇല്ലാത്തതാണല്ലോ യുദ്ധ ങ്ങൾക്കും തകർച്ചയ്ക്കുമെല്ലാം കാരണം. ആന്തരികവും ബാഹ്യവുമായ സമാധാനം നൽകുന്നതിനാണ് ഈശോ തന്റെ ദൈവികതയുടെ പരിശുദ്ധാ ത്മാവിനെ നമുക്കായി അയച്ചു തരുന്നത്.

പിതാവും പുത്രനും പരിശുദ്ധാത്മാവും അവരുടെ വ്യത്യസ്തതയിലല്ല ഐക്യത്തിലാണ് മഹത്വപ്പെട്ടിരിക്കുന്നത്. അപ്രകാരമുള്ള ഒരു വേർതിരിവി ല്ലാത്ത ഐക്യമാണ് ദൈവം, മനുഷ്യരിലും പ്രതീക്ഷിക്കുന്നത്. പുരുഷനും സ്ത്രീയും ഒന്നായി, ഒരു ശരീരമായി, ഒരു മനസ്സായി ജീവിക്കാനാണല്ലോ വിവാഹിതരാകുന്നത്. എല്ലാ മനുഷ്യരും ക്രിസ്തുവി നോട് ഒട്ടിച്ചു ചേർക്കപ്പെടാനാണല്ലോ മാമോദീസ സ്വീകരിക്കുന്നത്. ദൈവത്തിൽ നിന്ന് അകന്നു പോയ മനുഷ്യനെ രമ്യതപ്പെടുത്തുന്നതിനാണല്ലോ വിശുദ്ധ കുമ്പ സാരം നടത്തുന്നത്. സഭയെന്നു പറയുന്നത് തന്നെ ഐക്യവും സ്നേഹവും കൂട്ടായ്മയും വളർത്തുന്ന പ്രസ്ഥാനമാണ്. എന്നാൽ വാസ്തവത്തിൽ സഭ തന്നെ ഭിന്നാഭി പ്രായങ്ങളുടെ വിളനിലമാണെന്ന് ആർക്കാണറിഞ്ഞുകൂടാ ത്തത്? വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ ആയിരക്കണക്കിനുണ്ടാകാം;. ഉണ്ടായിക്കൊള്ളട്ടെ. പക്ഷേ അതൊന്നും നാം ഏറ്റവും വിലമതിക്കുന്ന ഐക്യ ത്തിനും സ്നേഹത്തിനും കൂട്ടായ്മയ്ക്കും കേടു വരുത്താൻ അനുവദിച്ചു കൂടാ.

ക്രൈസ്തവരെന്നറിയപ്പെടുന്നവർക്കെല്ലാം പൊതുവായിട്ടുള്ള ഒരു മന്ത്ര മാണ് പരിശുദ്ധത്രിത്വത്തിന്റെ ദിവ്യമന്ത്രം. മലങ്കര സഭയിൽ 'ശുബഹോലാ ബാല ദ്ബ്രോ വൽ റൂഹോ കാദീശോ' എന്നുച്ചരിക്കാൻ വൈദീകർക്കു മാത്രമേ അനുവാദമുള്ളു. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി എന്നാണല്ലോ അതിനർത്ഥം. ദൈവത്തിൽ മൂന്ന് ആളത്വങ്ങളുണ്ടന്നാലും ഓരൊറ്റ ദൈവമേയുള്ളു മൂന്നിന്റെ സ്ഥാനത്ത് മുപ്പത്തിമുക്കോടി ആയാലും ഒരൊറ്റ ദൈവമേ ഉണ്ടാകൂ. ദൈവത്തിന്റെ പരിശുദ്ധാത്മാവ് ആവ സിച്ചു കഴിഞ്ഞാൽ കോടിക്കണക്കിനു

**മെയ് 26**

**പെന്തിക്കോസ്തിക്കുശേഷം 1ാം ഞായർ**

**യോഹ. 6/25:33**

"നശ്വരമായ അപ്പത്തിനു വേണ്ടി അദ്ധ്വാനിക്കാതെ മനുഷ്യ പുത്രൻ തരുന്ന നിത്യ ജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കുവീൻ" (യോഹ. 6/27). വിജനമായൊരു മരുഭൂപ്രദേശത്തു വച്ച് വലിയ ഒരു ജനസമൂഹത്തെ ഭക്ഷണം കൊടുത്ത് തൃപ്തിപ്പെടുത്തണമെങ്കിൽഎത്രത്തോളം

അദ്ധ്വാന ഭാരവും പണചെലവും വരുമെന്ന് ആലോചിച്ചു നോക്കുക. അങ്ങനെയൊരു സന്ദർഭത്തെ വളരെ അനായാസം കൈകാര്യം ചെയ്ത ഈ പ്രവാചകന് തങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന രാഷ്ട്രീയ അടിമത്വത്തിൽ നിന്ന് വിമോചിപ്പിക്കാൻസാധിക്കുമെന്ന് ഉറച്ച വിശ്വാസമുള്ളതുകൊണ്ടാണ് യേശുവിനെ ബലമായി പിടിച്ചുകൊണ്ടു പോയി രാജാവാക്കാൻ അവർ പരിശ്രമിച്ചത്. എന്നാൽ ഭൗതിക നേട്ടങ്ങളോ അധികാരമോ ഭക്ഷണപാനിയ ങ്ങളോ ഒന്നുമല്ല ദൈവരാജ്യത്തിൽ പ്രാധാന്യവും വിലയുമുള്ളത് എന്ന് പഠിപ്പിക്കാനുള്ള അവസരമായിട്ടാണ് യേശു ആ സന്ദർഭത്തെ പ്രയോജനപ്പെടുത്തിയത്. പൗലോസ് അപ്പസ്തോലൻ പറയുന്നതു പോലെ **ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമത്രേ (റോമ. 14/17).**

ലോകത്തിന് അതിൻറേതായ മൂല്യക്രമവും ഭരണസമ്പ്രദായങ്ങളുമുണ്ട്. നമുക്കു ചുറ്റും വസിക്കുന്നവരുടെ രീതികളും ആവശ്യങ്ങളും അറിഞ്ഞും അറിയാതെയും നമ്മെ സ്വാധീനിക്കുന്നുണ്ട്. യഹോവയുടെ പ്രവാചകന്മാർ ഇസ്രായേലിനെ നയിച്ചിരുന്ന കാലത്ത് തങ്ങൾക്ക് ഒരു രാജാവിനെ ലഭിക്കാനായി അവർ മുറവിളി കൂട്ടി.



ആകുമ്പോൾ ചുറ്റു പാടും ഉള്ള രാജ്യങ്ങൾക്കെല്ലാം രാജഭരണമാണുള്ളത്. ആ ശൈലിയിൽ നിന്ന് വേറിട്ട് ചിന്തിക്കാൻ അവർ അശക്തരായിരുന്നു. ഇന്നും മനുഷ്യർ ചെയ്യുന്നത് അതു തന്നെയാണ്. രാജാക്കന്മാരുടെ കാലം കഴിഞ്ഞ് ജനാധിപത്യത്തിന്റെ പേരു പറഞ്ഞ്അഭിമാനം കൊണ്ടു നടക്കുകയാണിപ്പോൾ. രാജാക്കന്മാരുടെ ഏകാധിപത്യത്തെക്കാൾ ഭീകരമായ ദുർഭരണം നടത്തുമ്പോഴും ജനാധിപത്യമെന്ന് വിളിച്ചു കൂകി ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു മാറാൻ എളുപ്പം കഴിയും.

ഇപ്രകാരമുള്ള പൊതു ജനാഭിപ്രായത്തിന് വിധേയനാകാതെ എന്നും വേറിട്ടു നിൽക്കുന്ന ഒരു വ്യക്തിത്വം നിലനിർത്തിയിരുന്ന ആളാ

ണ് യേശുനാഥൻ. ചുറ്റുപാടുകളുടെ സ്വാധീനത്തിലും പ്രലോഭനത്തിലും പെട്ടുപോകാതിരിക്കുക മാത്രമല്ല, തന്റെ സവിശേഷമായ സ്വർഗ്ഗീയ സ്വാധീനം ചുറ്റുപാടുകളെ പരിവർത്തനം ചെയ്യുന്നതിന് ആത്മത്യാഗം ചെയ്ത വ്യക്തിയാണെവിടുന്ന്. ഞാനാണ് വഴിയും സത്യവും ജീവ
നുമെന്ന് ലോകത്തെ ബോദ്ധ്യപ്പെടുത്താനാണ് യേശു പരിശ്രമിച്ചത്.

മനുഷ്യർ രാവെന്നോ പകലെന്നോ നോക്കാതെ കഷ്ടപ്പെട്ടു പണിയെടുക്കുന്നതും അപകട സാദ്ധ്യതകളെ അഭിമുഖീകരിക്കാൻ തയ്യാറാകുന്നതും പലരും വളഞ്ഞ വഴികളിൽ കൂടെ സഞ്ചരിക്കുന്നതും, ദിനംപ്രതി മൂല്യശോഷണം സംഭവിച്ചു കൊണ്ടിരിക്കുന്ന പണം സമ്പാദിക്കാനാണല്ലോ. അതൊക്കെ പെട്ടെന്നു നശിച്ചു
പോകുന്നതോ, നഷ്ടപ്പെട്ടു പോകുന്നതോ, പഴകിപ്പോകുന്നതോ ആയ വസ്തുക്കൾ കരസ്ഥമാക്കാനേ ഉപകരിക്കുന്നുള്ളു. അവയൊന്നും തന്നെ മനുഷ്യ ജീവിതം ധന്യമാക്കാനോ ആനന്ദം നൽകാനോ ഉപകരിക്കുകയില്ല. ഒരു മഹാൻ പറഞ്ഞിരിക്കുന്നത് നോക്കുക It is an illusion to think that more comfort means more happiness. Happi- ness comes of the capacity to think freely, to feel deeply, to enjoy simply and to be needed. ഇതിൽ ആദ്യം പറഞ്ഞിരിക്കുന്ന comfort മാത്രമേ പണം കൊടുത്തു വാങ്ങാൻ കഴിയൂ. ബാക്കിയെല്ലാം നമ്മുടെ വ്യക്തിത്വത്തിൽ നാം തന്നെ വളർത്തിയെടുക്കേണ്ടവയാണ്.

യേശുവിന്റെ ദൈവിക ശക്തി കൊണ്ട് ഭൗതീക നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയുമോ എന്നു മാത്രം ആലോചിച്ചു കൊണ്ടിരുന്ന യഹൂദ ജനതയുടെ ബോധവും മനസ്സും ഹൃദയവും അത്യുന്നതങ്ങളിലേക്കുയർത്തുവാനുള്ള ശ്രമമാണ് യേശു നടത്തിക്കൊണ്ടിരുന്നത്.തന്റെ ശരീരരക്തങ്ങൾ വിഭജിച്ച് അവർക്ക് നിത്യ ജിവന്റെ അപ്പമായി നൽകിയതും ഉപദേശവും സഹനവും സ്നേഹവും നൽകി അവരെ തന്നിലേക്കാകർഷിച്ചതും പരിശുദ്ധാത്മാവായി അവരിൽ വാസമുറപ്പിച്ചതുമെല്ലാം നമ്മെ നിത്യജിവന് അവകാശികളാക്കാനായിരുന്നല്ലോ. യേശുവിന്റെ പ്രവർത്തനങ്ങൾ വയറിന്റെ വിശപ്പു മാറ്റാനോ ഭൗതിക സമ്പത്തും സൗകര്യങ്ങളും വർദ്ധിപ്പിച്ചു തരുന്നതിനോ ആയിരുന്നില്ല. അവയെ കുറേക്കൂടെ ഉന്നതമായ നന്മകളുടെ അടയാളമായി വേണം കാണുവാൻ. വെള്ളത്തെ വീഞ്ഞാക്കിയത് മനുഷ്യരെല്ലാം കള്ളു കുടിയന്മാരാകാനോ, അപ്പം കൊടുത്തു തൃപ്തിപ്പെടുത്തിയത് നമ്മേ തീറ്റപ്രിയരാക്കാനോ ആണെന്ന് സാമാന്യ ബുദ്ധിയുള്ളവരാരും ചിന്തിക്കുകയില്ല. 40 ദിവസത്തെ ഉപവാസത്തിനു ശേഷം ഒരു കല്ലെടുത്ത് കടിച്ചു തിന്നാനുള്ള പരവേശമുണ്ടായിരുന്നപ്പോൾ പോലും തന്റെ ജഡരാഗ്നിയെ കീഴ്പ്പെടുത്തുവാൻ ശ്രമിച്ചവനാണീശോ. നമ്മുടെ മനസ്സ് കൊച്ചു കൊച്ച് ഭൗതിക നേട്ടങ്ങളുടെ പിന്നാലെ പായുമ്പോൾ, യേശുവിന്റെ നിത്യ സത്യങ്ങളെ ഗ്രഹിക്കാനോ നിത്യ ജീവന്റെ അപ്പം അന്വേഷിക്കാനോ കഴിയാതെ പോകും. അതല്ലേ ബഹു ഭൂരിപക്ഷം ക്രൈസ്തവർക്കും സംഭവിച്ചിട്ടുള്ളത്.



# വി. കുർബാനയുടെ മാഹാത്മ്യം



സിസ്റ്റർ മെർലിൻ വാലത്ത് (SABS)
Jaymatha province Idukki

**വി. കുർബാന** പരമോന്നതമായ ആരാധനയാണ്. ക്രിസ്തുനാഥന്റെ മനുഷ്യാവതാര രഹസ്യങ്ങൾ അനുസ്മരിക്കുന്ന കൃതജ്ഞതയുടെ ബലി.


പിതാവിന്റെ ഹിതത്തിന് കീഴ്വഴങ്ങി മരണം വരെ അനുസരണമുള്ളവനായി, ദൈവമായിരുന്നിട്ടും ദൈവവുമായുള്ള സമാനത നിലനിർത്തേണ്ടത് കാര്യമായി പരിഗണിക്കാതെ ജീവിച്ച ക്രിസ്തുനാഥൻ, ലോകാവസാനത്തോളം നമ്മോടൊപ്പമായിരിക്കാൻ അപ്പത്തോളം ചെറുതായ ദിവ്യ കൂദാശയാണത്.

" വിശുദ്ധ കുർബാനയിൽ നിന്നും ഒരു ഉറവയിൽ നിന്നെന്ന പോലെ പ്രസാദവരം നമ്മിലേക്ക് പ്രവഹിക്കുന്നു " എന്ന് ദിവ്യകാരുണ്യത്തിന്റെ മെത്രാൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പറയുന്നു. അതോരൊറ്റ വി. കുർബാനയിൽ നിന്നും നാമറിയാതെ തന്നെ ധാരാളം കൃപാവരങ്ങൾ നമ്മിലേക്ക് ചൊരിയപ്പെടുന്നു. ജീവിച്ചിരിക്കുമ്പോൾ നാം പങ്കുകാരാ

കുന്ന ഒരു ദിവ്യബലി, മരണശേഷം നമു ക്ക് വേണ്ടി അർപ്പിക്കപ്പെടുന്ന ആയിരം ദിവ്യബലിയെക്കാൾ ഫലം ചെയ്യും. സ്വർഗ്ഗ രാജ്യത്തിന് അത് നമ്മെ അവകാശികളാക്കും. പുതിയ സൃഷ്ടിയായി നമ്മെ രൂപാന്തരപ്പെടു ത്തും. എന്നാൽ, എന്ത്കൊണ്ടാണ് എന്നും വി. കുർബാനയിൽ സം ബന്ധിച്ചിട്ടും ജീവിതത്തിൽ മാറ്റ ങ്ങൾ ഉണ്ടാകാതെ പഴയ വ്യക്തി കളായി നാം നിലകൊള്ളുന്നത്? ബലിയർപ്പണം അർത്ഥവത്താകാത്ത ത് കൊണ്ട് തന്നെ.

വി. കുർബാന സ്വീകരണത്തിനുള്ള ഏറ്റവും അടുത്ത ഒരുക്കം ബലിയി ലുള്ള സജ്ജീവ ഭാഗഭാഗത്വമാണ്. കാഴ്ച്ചക്കാരായി നാം മാറുമ്പോൾ ബലിയർപ്പണത്തിന്റെ ഫലങ്ങൾ നമ്മു ക്ക് ലഭിക്കാതെ പോകുന്നു. " തന്മൂ ലം ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്ന് പാനം ചെയ്യുകയും ചെയ്താൽ, അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതി രെ തെറ്റ് ചെയ്യുന്നു " (1 കൊറി 11 ; 27 ) എന്ന് വി. പൗലോസ് ശ്ലീഹായും ന മ്മെ ഓർമ്മിപ്പിക്കുന്നു. " നീ ബലിപീഠ ത്തിൽ കാഴ്ച്ച അർപ്പിക്കുമ്പോൾ, നി ന്റെ സഹോദരന് നിന്നോട് എന്തെങ്കി ലും വിരോധം ഉണ്ടെന്ന് അവിടെ വെച്ച് ഓർത്താൽ, കാഴ്ച്ചവസ്തു അവിടെ ബലിപീഠത്തിന് മുമ്പിൽ വെച്ചിട്ട് പോയി സഹോദരനോട് രമ്യതപ്പെടുക. പിന്നെ വന്നു കാഴ്ച്ചയർപ്പിക്കുക " ( മത്തായി 5 : 23 24 ) എന്ന മത്തായി ശ്ലീഹായുടെ ആഹ്വാനവും ഇതിനോട് ചേർന്ന് പോകുന്നു.

ഒരു ബഹുമാന്യനായ വ്യക്തി നമ്മുടെ ഭവനത്തിൽ വരുമ്പോൾ, ആ വ്യക്തിയെ സ്വീകരിക്കാൻ എന്തുമാത്രം നാം ഒരുങ്ങും ? എത്ര ഭംഗിയായി വീട് അലങ്കരിക്കും ? എങ്കിൽ നമ്മുടെ സൃഷ്ടാവും പരിപാലകനുമായവൻ, അത്ഭുതങ്ങളും അടയാളങ്ങളും പ്രവർ ത്തിച്ചവൻ,എന്റെ ഹൃദയത്തിൽ വസി ക്കാൻ വരുമ്പോൾ സക്കേവൂസിനെ പ്പോലെ തിടുക്കത്തിൽ അവിടുത്തെ സ്വീകരിക്കാൻ, ഉള്ളതെല്ലാം അവിടുത്തെ പാദത്തിൽ അർപ്പിക്കാൻ നാം തയ്യാ റാകേണ്ടതല്ലേ ? എല്ലാവിധ അശുദ്ധിക ളിൽ നിന്നും നമ്മെത്തന്നെ ശുദ്ധീകരിച്ച് മറ്റുള്ളവരോട് അനുരഞ്ജനപ്പെട്ട് കൊണ്ട് ഓരോ വിശുദ്ധ ബലിയിലും അവിടുത്തെ തിരുശരീരവും തിരുരക്തവുമാകുന്ന " തീക്കട്ട " സ്വീകരിക്കാൻ നമ്മെതന്നെ ഒരുക്കാം. സ്വർഗ്ഗീയവൃന്ദങ്ങളോട് ചേർ ന്ന് ഭക്തിയോടും ശ്രദ്ധയോടും വിശു ദ്ധിയോടും കൂടെ ദിവ്യബലിയിൽ പങ്ക് ചേരാം... അങ്ങനെ വി. കുർബാന ന മ്മെ വിശുദ്ധിയിലേക്ക് രൂപാന്തരപ്പെടു ത്തട്ടെ...!!





# GOD' S TEACHING



Serah Ann Riju
Grade : 5
Sacred Heart Syro-Malankara Catholic Mission Nottingham
Region of the United Kingdom

GOD TAUGHT US TO GIVE AND FORGIVE,
GOD TAUGHT US TO LOVE AS HE LOVE'S US FROM ABOVE,
GOD TAUGHT US TO CARE AND PLAY FAIR,
GOD TAUGHT US TO PRAY EVERY DAY,
THE DISCIPLES CALLED HIM TEACHER SO WHY DON'T WE TOO?
LET'S FOLLOW HIS TEACHINGS RATHER THAN DOING OTHER THINGS .

FOLLOW THEM AND MAKE A VOW TO GROW CLOSER TO GOD,
THIS MOMENT WILL NOT ONLY BE THE SUCCESS FOR HUMANKINDS,
BUT ALSO, THE MOMENTS THAT MAKE US HUMANS KIND.
SO DON'T GO LOW AND SAY NO , BUT FOLLOW GOD'S TEACHINGS
AND IT WILL TEACH YOU EVERYTHING YOU NEED TO KNOW .

## കവിത



### നീതി തൻ നറുസൂനം

സ്നേഹത്തിൻ താതാ ,
ത്യാഗത്തിൻ നാതാ
പാരിൽ നറു സുഗന്ധം
പരത്തിയ താതാ

തിരുക്കുടുംബത്തിൻ തലവനാം താതാ
പ്രാർത്ഥനയർത്ഥിച്ചീടുക ഞങ്ങൾക്കായ്

ദാരിദ്ര്യത്താൽ  വിൺമുടിചൂടി
പാരിൽ അനുഗ്രഹമായെന്നും
ലോകത്തിൽ പ്രിയ സുതനെ
വഹിച്ചു കരങ്ങളോ അനുഗ്രഹീതം


**Abel Reji**
St joseph syro Malankara
catholic church, Valakuzhy







വര

**Johanna Laiju John**

Grade:7

Sacred Heart Syro-Malankara Catholic Mission, Nottingham



# എഫാത്ത


ജെയ്മോൻ അയ്യനേത്ത്
സെന്റ് മേരീസ് മലങ്കര സുറിയാനി .
കത്തോലിക്കാ പള്ളി, അഞ്ചൽ


## വൈദീകർ എന്തിന് ബ്രഹ്മചര്യം പാലിക്കുന്നു?

സാമൂഹജീവിയായ മുഷ്യൻ യൗവനത്തിലേക്ക് കടക്കുമ്പോൾ പലരും അവനോട് ചോദിച്ചേക്കാം നീ എന്താണ് കല്യാണം കഴിക്കാത്തത്, പ്രായം ആയല്ലോ എന്നൊക്കെ. ഇനി നേരെ പരിശുദ്ധ കത്തോലിക്കാ സഭയിലേക്ക് നോക്കാം. അതെ ഏവർക്കും അറിയാവുന്നതു പോലെ പരിശുദ്ധ കത്തോലിക്ക സഭയിലെ വൈദികർക്കും സന്യസ്തർക്കും ബ്രഹ്മചര്യം ആചരിക്കേണ്ടതാണല്ലോ?

പലപ്പോഴും മനുഷ്യൻ എന്ന ഒരു സാമൂഹ്യ ജീവിയുടെ കണ്ണിൽ നിന്നും നോക്കുമ്പോൾ ഇത് അവന് ഒരിക്കലും അംഗീകരിക്കാൻ സാധിക്കാത്തതും ചോദ്യം ചെയ്യാൻ പ്രേരിപ്പിക്കുന്നതുമാണ്.

എ.ഡി 1053 മുതലാണ് കത്തോലിക്കാ സഭയിലെ വൈദികർ ബ്രഹ്മചര്യം ആചരിച്ചു തുടങ്ങുന്നത് അന്ന് മാർപാപ്പയായിരുന്ന ഗ്രിഗറി ഏഴാമനാണ് ഈ തീരുമാനം എടുത്തത്. അങ്ങനെ തീരുമാനിക്കാൻ അദ്ദേഹത്തെ പ്രധാനമായും പ്രേരിപ്പിച്ചത് രണ്ടു കാര്യങ്ങളാണ്.

* പുരോഹിതർ അവിവാഹിതരായി ജീവിക്കുമ്പോൾ സ്വന്തം കർമ്മ രംഗത്ത് മുഴുവൻ സമയലഭ്യത ഉറപ്പാക്കാൻ സാധിക്കുകയും വിവാഹം കഴിച്ചു കുടുംബമായി ജീവിച്ചാൽ കർമ്മരംഗത്ത് പൂർണ്ണമായ ശ്രദ്ധ നൽകാതിരിക്കുകയും ചെയ്യും.

* സഭയുടെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ സുതാര്യതയോടെയും കാര്യക്ഷമതയോടെയും പ്രവർത്തിക്കാൻ ബ്രഹ്മചര്യം സഹായിക്കും എന്നുള്ള ഒരു വീക്ഷണമായിരുന്നു. കൂടാതെ സഭയുടെ ശിരസായ ക്രിസ്തുവും വിവാഹിതനായിരുന്നില്ല .

വൈദിക ബ്രഹ്മചര്യം എന്നുള്ളത് ഒരിക്കലും മാറ്റാൻ പറ്റാത്ത ഒരു നിയമമല്ല; മറിച്ച് കാലോചിതമായി കാലത്തിനനുസരിച്ച് മാറ്റുവാനും തിരികെ കൊണ്ടുവരുവാനും സാധിക്കുന്നതാണ്. ഫ്രാൻസിസ് മാർപാപ്പ ഒരു ഇൻറർവ്യൂവിൽ പറഞ്ഞ വാക്കുകൾ വളച്ചൊടിച്ചു കൊണ്ട് ചില നവീ മാധ്യമങ്ങളും വാർത്താചാനലുകളും സഭയുടെ നിലപാടുകളെയും ബോധ്യങ്ങളെയും ചോദ്യം ചെയ്തത് നാം കാണുകയുണ്ടായി. കത്തോലിക്കാ സഭയുടെ കാഴ്ചപ്പാടിൽ ബ്രഹ്മചര്യം എന്നത് അച്ചടക്കമായും ജീവിതശൈലി ആയിട്ടുമാണ് കണക്കാക്കുന്നത്. പൗരസ്ത്യ സഭകളിലെ പല വൈദികരും ബ്രഹ്മചര്യം പാലിക്കുന്നവരല്ല. അസീറിയയിലെ കത്തോലിക്കാ സഭാ വൈദികർ വിവാഹം കഴിച്ചവരാണ്. കാലക്രമേണ മാറ്റം വന്നു കഴിഞ്ഞാലും സി.എം.ഐ സഭ , ഈശോ സഭ, തുടങ്ങിയ സന്യാസി സമൂഹങ്ങളിലെ വൈദികർ അവിവാഹിതരായി തുടരും കാരണം അവരുടെ വ്രത വാഗ്ദാനങ്ങളിൽ ഒന്നാണ് ബ്രഹ്മചര്യം.

ക്രിസ്തുവിനോടുള്ള സ്നേഹം ഹൃദയത്തിൽ നിന്ന് വരുമ്പോൾ അവന്റെ വിളി സ്വീകരിച്ച് മറ്റെല്ലാത്തിനെയും ത്യജിച്ച ഒരു കഴുത കുട്ടിയെപ്പോലെ അവൻറെ പിന്നാലെ പോകുന്നവരുടെ പേരാണ് പുരോഹിതൻ. അതെ! ഒരു പുരോഹിതൻ ലോകത്തെ ത്യജിച്ച് ക്രിസ്തുവിനെ മുറുകെപ്പിടിക്കുന്നവനാണ്. ആയതിനാൽ അവൻ വിവാഹിതനോ അവിവാഹിതനോ എന്നതിൽ പ്രസക്തിയില്ല. അന്ത്യോക്യൻ ആരാധന ക്രമത്തിൽ പറയുന്നത് പോലെ "ഭൂമിയതിങ്കൽ തന്നാലൊരുവൻ കെട്ടപ്പെട്ടാൽ ആ മനുജൻ താൻ ഉലകം തന്നിൽ കർത്താവാലും..." ഭൂമിയിൽ തന്റെ നാമത്തിൽ ബന്ധിക്കുവാനും അഴിക്കുവാനും നിയോഗിക്കപ്പെട്ടവർ ആണ് വൈദികർ. "എത്ര സമുന്നതമിന്നു പുരോഹിതാ നീ ഭരമേറ്റ വിശിഷ്ട സ്ഥാനം". സ്വർഗ്ഗത്തിൽ ഔന്നിത്യമുള്ള കർത്തൃവേല ചെയ്യപ്പെടുവാൻ തിരഞ്ഞെടുക്കപ്പെട്ടവരാണ് വൈദികർ. ഈ അവബോധം നമുക്കെല്ലാവർക്കും ഉണ്ടാവട്ടെ !!!

## ശ്രദ്ധിക്കാം...

**പൗലൊസു ശ്ലീഹാ**
**ധന്യൻ ചൊൽ കേട്ടേൻ ഇതേവം...**

(വി. കുർബാനയിൽ വി. പൗലോസ് ശ്ലീഹായുടെ ലേഖനം വായിക്കുന്നതിന് മുമ്പ് ആലപിക്കുന്ന ഗീതം)

ഗലാത്തിയക്കാർക്കെഴുതിയ ലേഖനത്തിലെ വി. പൗലോസ് ശ്ലീഹായുടെ ആഹ്വാനമാണ് ഈ ഗീതത്തിനാധാരം. (ഗലാ. 1:8) സത്യവിശ്വാസത്തിനും സത്യപ്രബോധനങ്ങൾക്കും എതിരായ ആശയങ്ങൾ പിൻചെല്ലരുത് എന്ന ആശയം പങ്കുവയ്ക്കുന്ന ഈ ഗീതത്തിന്റെ തുടക്കത്തിലെ **ചൊൽ കേട്ടേനിതേവം** (വി. പൗലോസ് ശ്ലീഹാ പറയുന്നത് ഞാൻ ഇപ്രകാരം കേട്ടു) എന്നതിനെ **ചൊൽകട്ടേനിതേവം** എന്ന് തെറ്റിപ്പാടാറുണ്ട്.



# ഹൃദയത്തിൽ ക്രിസ്തുവില്ലാത്ത ക്രിസ്ത്യാനികൾ...

**അലൻ തോമസ് മണിയംപ്രായിൽ**
നിത്യസഹായമാതാ ചർച്ച് പാലക്കാട്ടുമല

**മതപരമായ** വ്യക്തിത്വത്തിന്റെ വിശാലമായ അർത്ഥത്തിൽ, "ക്രിസ്ത്യാനി" എന്ന പദം ചരിത്രപരമായി യേശുക്രിസ്തുവിലുള്ള ആഴമേറിയതും, നിലനിൽക്കുന്നതുമായ വിശ്വാസത്തിന്റെ പര്യായമാണ്. എന്നിരുന്നാലും, സമകാലിക സമൂഹത്തിൽ, തങ്ങളുടെ ഹൃദയങ്ങളിൽ ക്രിസ്തുവിന്റെ പരിവർത്തനാത്മക സാന്നിധ്യം ഉൾക്കൊള്ളാതെ ക്രിസ്ത്യാനികളായി ജീവിക്കുന്ന വ്യക്തികളുടെ ആശയക്കുഴപ്പം സൃഷ്ടിക്കുന്ന ഒരു പ്രതിഭാസമുണ്ട്. ക്രിസ്തീയ സാരാംശം പ്രകടമായി ഇല്ലാത്ത ഈ ആത്മീയ ശൂന്യത, വിശ്വാസത്തിന്റെ ആധികാരികതയെയും ക്രിസ്ത്യൻ വ്യക്തിത്വത്തിന്റെ അർത്ഥത്തെയും കുറിച്ച് അഗാധമായ ചോദ്യങ്ങൾ ഉയർത്തുന്നു.

വിശ്വാസികളുടെ ഹൃദയത്തിലും ജീവിതത്തിലും ക്രിസ്തുവിന്റെ വസിക്കുന്ന സാന്നിധ്യത്തിലുള്ള അഗാധമായ വിശ്വാസമാണ് ക്രിസ്തുമതത്തിന്റെ കാതൽ. "നിങ്ങളിൽ ക്രിസ്തു, മഹത്വത്തിന്റെ പ്രത്യാശ" എന്ന് പലപ്പോഴും വിശേഷിപ്പിക്കപ്പെടുന്ന ഈ ആത്മീയ യാഥാർത്ഥ്യം ക്രിസ്തീയ അനുഭവത്തിന്റെ കേന്ദ്രവും ഊർജ്ജസ്വലവും ആധികാരികവുമായ വിശ്വാസത്തിന്റെ അടിത്തറയാണ്. എന്നിരുന്നാലും, ക്രിസ്ത്യാനികളായി തിരിച്ചറിയുന്ന ചില വ്യക്തികൾക്ക്, ക്രിസ്തുവിന്റെ ഈ പരിവർത്തന സാന്നിധ്യം പ്രകടമായി കാണിക്കുന്നില്ല.

ക്രിസ്തുഹൃദയത്തിൽ ഇല്ലാത്ത. ക്രിസ്ത്യാനികൾ എന്ന പ്രതിഭാസം നാമം മാത്രമായി മാറുന്ന ക്രിസ്തുമതത്തിന്റെ അപകടത്തെ അടിവരയിടുന്നുഅതിൽ വ്യക്തികൾ തങ്ങളുടെ വിശ്വാസത്തിന്റെ ആഴത്തിലുള്ള

പ്രത്യാഘാതങ്ങൾ മനസ്സിലാക്കാതെ , അല്ലെങ്കിൽ ഉൾക്കൊള്ളാതെ ക്രിസ്ത്യാനി എന്ന തലക്കെട്ട് അവകാശപ്പെടുന്നു. ഈ നാമം മാത്രമായ ക്രിസ്തുമതം ആധികാരിക ശിഷ്യത്വത്തിന്റെ സവിശേഷതയായ സമൂലമായ സ്നേഹവും, കൃപയും, പരിവർത്തനവും ഇല്ലാത്തതാണ്.

മാത്രമല്ല, സ്വയം പ്രഖ്യാപിത ക്രിസ്ത്യാനികളുടെ ഹൃദയത്തിൽ ക്രിസ്തുവിന്റെ അഭാവം വിശ്വാസവും പെരുമാറ്റവും തമ്മിലുള്ള ബന്ധം വിച്ഛേദിക്കുന്നു. അത് ധാർമ്മികവും ആത്മീയവുമായ ഒരു ശൂന്യത സൃഷ്ടിക്കുന്നു, അതിൽ വിശ്വാസങ്ങൾ അനുകമ്പയുടെയും, ദയയുടെയും, സമഗ്രതയുടെയും, ജീവിതാനുഭവങ്ങളിലേക്ക് വിവർത്തനം ചെയ്യുന്നതിൽ പരാജയപ്പെടുന്നു. വിശ്വാസവും പെരുമാറ്റവും തമ്മിലുള്ള ഈ അസമത്വം ക്രിസ്തുമതത്തിന്റെ വിശ്വാസ്യതയെ തകർക്കുക മാത്രമല്ല, കാപട്യത്തെയും, ധാർമ്മിക ആപേക്ഷികതയെയും, ശാശ്വതമാക്കുന്നു

ക്രിസ്ത്യാനികളുടെ ഹൃദയത്തിൽ ക്രിസ്തു ഇല്ലാത്ത പ്രതിഭാസം, മതപരമായ സ്വത്വവും ആത്മീയ ആധികാരികതയും തമ്മിലുള്ള അന്തർലീനമായ പിരിമുറുക്കത്തിന്റെ ഒരു ഓർമ്മപ്പെടുത്തലായി വർത്തിക്കുന്നു. വിശ്വാസികളെ അവരുടെ വിശ്വാസത്തിന്റെ ആത്മാർത്ഥത പരിശോധിക്കാനും, ജീവനുള്ള ക്രിസ്തുവുമായി ആഴത്തിലുള്ള ബന്ധം വളർത്തിയെടു ക്കാനും, അവന്റെ സ്നേഹത്തിന്റെയും കൃപയുടെയും പരിവർത്തന ശക്തിയെ അവരുടെ ദൈനംദിന ജീവിതത്തിൽ ഉൾക്കൊള്ളാനും, ഇത് വെല്ലുവിളിക്കുന്നു. സത്യക്രിസ്ത്യാനിത്വം കേവലം ഒരു തലക്കെട്ടോ, വിശ്വാസങ്ങളുടെ ഒരു കൂട്ടമോ അല്ല, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവുമായുള്ള സജീവവും ചലനാത്മകവുമായ ബന്ധമാണ്ഹൃദയങ്ങളെ രൂപാന്തരപ്പെടുത്തുകയും മനസ്സുകളെ നവീകരിക്കുകയും ലോകത്തെ ദൈവസ്നേഹത്തിന്റെ പരിവർത്തന ശക്തിക്ക് സാക്ഷ്യം വഹിക്കാൻ ജീവിതങ്ങളെ പ്രാപ്തരാക്കുകയും ചെയ്യുന്ന ഒരു സ്നേഹബന്ധം.

## ഓർക്കാം



മാമോദീസാത്തൊട്ടി യോർദാൻ നദിയെ സൂചിപ്പിക്കുന്നു. യോർദാൻ നദിയുടെ തെക്കേ അറ്റത്തുള്ള യോർദാൻ, യാർമ്മോക്ക്, യാബ്ബൂക്ക് എന്നീ പോഷക നദികളുടെ ത്രിവേണി സംഗമസ്ഥാന ത്തുവച്ചാണ് നമ്മുടെ കർത്താവിന്റെ മാമോദീസാ നടന്നത്. ഹെർമോൻ മലയിൽനിന്നു വരുന്ന യോർദാനിൽ തണുത്ത ജലം ആയിരുന്നു (സങ്കീ 133:3). ദാൻ മരുഭൂമിയിൽക്കൂടി ഒഴുകുന്ന യാർമ്മോക്ക് നദിയിൽ ഉഷ്ണ ജലവും ഗലയാദ് താഴ്വരയിൽക്കൂടി ഒഴുകുന്ന യാബ്ബൂക്ക് നദിയിൽ സുഗന്ധഇല വീണുകലങ്ങിയ ജലവുമായിരുന്നു. ഇവ മൂന്നും ഒരുമിച്ച് ചേരുന്ന യോർദാനിലെ സംഗമസ്ഥാനത്താണ് യേശു സ്നാനം സ്വീക രിച്ചത്. അതുപോലെ മാമോദീസാത്തൊട്ടിയിലെ ജലവും തണുത്തജ ലവും ചൂടുജലവും വി.മൂറോനും ഒരുമിച്ച്ചേർത്ത് വാഴ്ത്തിയതാണ്.


മണിവിളക്ക് | മെയ് 2024



# അർത്ഥങ്ങളിലെ പെരുന്നാൾ



**അഭിലാഷ് ലാസർ ജോർജ് തേരകത്ത്**
സെൻറ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ ചർച്ച് ഇളമണ്ണൂർ

**സഭയുടെ** പൊതുവായതും പ്രാദേശികമായ ആത്മീയ ഉത്സവമാണ് പെരുന്നാളുകൾ. ക്രിസ്തുവിന്റെ ജീവിത പ്രവർത്തനത്തിലെ നിർണായക സംഭവങ്ങളുടെയും വിശുദ്ധരുടെ മരണദിനങ്ങളുടെയും, ഇടവക പള്ളിയുടെയും ഒക്കെ ഓർമ്മ പുതുക്കുന്ന ദിവസങ്ങളെയാണ് പെരുന്നാളുകളായി ആഘോഷിക്കുന്നത്. പെരുന്നാളുകളെ സഭയുടെ ആരാധനാക്രമത്തിൽ പൊതുവേ രണ്ടു തരത്തിൽ വേർതിരിച്ചിരിക്കുന്നു. മാറാനായ പെരുന്നാളുകളും മാറാനായ പെരുന്നാളുകളെ പോലെ തന്നെ ആചരിക്കേണ്ട മറ്റു പെരുന്നാളുകളും.

## ഇടവകകളിലെ വിശുദ്ധരുടെ പെരുന്നാളുകൾ

ഇടവകകളിൽ വിശുദ്ധരുടെ പെരുന്നാളുകൾ എന്ന് അർത്ഥമാക്കുന്നത് ഇപ്രകാരമാണല്ലോ വിശുദ്ധരുടെ രക്തസാക്ഷിത്വം അല്ലെങ്കിൽ സ്വർഗ്ഗാരോഹണം, ജനനം പോലുള്ള കാര്യങ്ങളാണ്. പ്രിയമുള്ളവരെ പെരുന്നാളുകൾ അതിൻറെ ആത്മീയ അനുഭൂതിയിൽ നാം ആഘോഷിക്കുമ്പോഴും മറ്റൊരുഭാഗത്ത് അത് വെറും ആഡംബരവും, ആർഭാടവും,



നേട്ടങ്ങൾക്ക് വേണ്ടിയുള്ള മനുഷ്യ ൻറെ ഭൗതികമായ ഓട്ടങ്ങളെയുമാണ് കാണാൻ കാണാൻ സാധിക്കുന്നത്.

ക്രിസ്തുവിന്റെയും ക്രിസ്തീയ ജീവിതത്തിന്റെ ഉന്നമനങ്ങളെയും ആശയങ്ങളെയും ലോക ജനതയ്ക്ക് മുമ്പിൽ സമർപ്പിച്ചവരാണല്ലോ നമ്മുടെ വിശുദ്ധന്മാർ. തങ്ങളുടെ ആർഭാടങ്ങളും ആഘോഷങ്ങളും വേണ്ട എന്ന് വെച്ച് ക്രിസ്തുവിന് വേണ്ടി സ്വന്തം കുരിശ് എടുത്ത് യാത്ര ചെയ്തവരാണല്ലോ നമ്മുടെ സഹദേന്മാർ. ആയിരിക്കെ ആ വിശുദ്ധരുടെ പെരുന്നാളുകൾ നമ്മൾ കൊണ്ടാടുമ്പോൾ എത്രത്തോളം ആത്മീയത നമ്മിൽ ഉണ്ടെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. വിശക്കുന്നവന് അപ്പം കൊടുക്കുവാനും രണ്ട് ഉടുപ്പ് ഉള്ളവൻ അത് ഇല്ലാത്തവന് കൊടുക്കുവാനും ആണല്ലോ നാം പഠിച്ചത്. എന്നിട്ടെന്തേ നമ്മുടെ മാനുഷിക ചിന്താഗതി മാറാത്തത്...? ഇവിടെ ആർഭാടങ്ങൾ ആയോ വെറും ആഘോഷങ്ങളായോ നമ്മുടെ പെരുന്നാളുകൾ മാറരുത്. വെടി പൊട്ടിക്കൽ പോലുള്ള പ്രവർത്തനങ്ങൾ നമ്മുടെ സഭ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. എന്ന് നമുക്കറിയാം. പെരുന്നാളുകൾ ഒന്നും പണമുള്ളവനെയോ പണമില്ലാത്തവനെയോ വേർതിരിച്ച് കാണാനുള്ളതല്ല എന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

നമ്മുടെ കർത്താവും അങ്ങനെയല്ലേ പഠിപ്പിച്ചിരിക്കുന്നത്? നീ എത്രത്തോളം വലിയവൻ ആകുന്നുവോ അത്രത്തോളം ചെറിയവൻ ആകുവാൻ ശ്രമിക്കുക എന്ന് സഹായകമാകുന്ന പെരുന്നാളുകൾ ക്രിസ്തീയ മൂല്യങ്ങളിൽ അതി പ്രധാനമാണല്ലോ മറ്റുള്ളവരെ സഹായിക്കുക എന്നത്. ആണ്ടിലൊരിക്കൽ മാത്രം നടത്തപ്പെടുന്ന നമ്മുടെ പെരുന്നാളുകളിൽ നിന്നും അനാവശ്യ ചിലവുകൾ കുറച്ച് അത് ബുദ്ധിമുട്ടുകളിലും സങ്കടങ്ങളിലും കഴിയുന്നവർക്ക് സഹായകമാക്കും വിധം ഉപയോഗിക്കാൻ ശ്രമിക്കുക. ഭവനരഹിതർ, രോഗബാധിതർ, സാമ്പത്തിക പ്രതിസന്ധിയിൽ ബുദ്ധിമുട്ടുന്നവരെയെല്ലാം കണ്ടുപിടിച്ചു അവരെ ചേർത്തു നിർത്തുവാൻ നമ്മൾക്ക് ഓരോരുത്തർക്കും കഴിയട്ടെ. 99 ആടിനെയും വിട്ടിട്ട് കാണാതായ പോയ ഒരു ആടിനെ തേടി പോയ ആട്ടിടയനെ നാം ഓർക്കുന്നില്ല?

ഒരുപക്ഷേ ആ ആട്ടിടയന് 99 ആടിനെയും നഷ്ടപ്പെട്ടേക്കാം. എന്നാൽ ആ കാണാതെ പോയ ആടിനോ 99 വിശുദ്ധന്മാരുടെ സാന്നിധ്യമാണ് നഷ്ടപ്പെട്ടിരിക്കുന്നത് എന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. തന്റെ കാണാതെ പോയ ആടിനെ തേടിപ്പിടിച്ചത് പോലെ നമ്മുടെ ഇടയിൽ നിന്നും. കാണാതെ പോയ ആളുകളെയും നമുക്ക് തേടിപ്പിടിക്കാൻ കഴിയട്ടെ. നിന്നെപ്പോലെ തന്നെ നിൻറെ അയൽക്കാരനെയും സ്നേഹിക്കാൻ കഴിയട്ടെ. ഒരുപക്ഷേ അയൽക്കാരനെ അവൻറെ ബുദ്ധിമുട്ടുകളിലും പ്രയാസങ്ങളിലും സഹായിക്കാതെ നാം പെരുന്നാളുകൾ ആഘോഷിച്ചിട്ട് എന്ത് നന്മയാണ് നേടുന്നത്? ഒരു പെരുന്നാളും മത്സരബുദ്ധിയായി മാറാതിരിക്കട്ടെ അനാവശ്യ ചെലവുകൾ ചുരുക്കി

നിർധനരായ ആളുകളെ സഹായിക്കാനുള്ള ആത്മീയ ഉത്സവമാകട്ടെ ഓരോ പെരുന്നാളുകളും .

## പദങ്ങളുടെ പ്രയോഗം ശരിയായ രീതിയിൽ

### പെരുന്നാൾ Vs തിരുനാൾ

ഇടവകകളിൽ പൊതുവേ കണ്ടുവരുന്ന ഒരു പദപ്രയോഗമാണ്

തിരുനാൾ അല്ലെങ്കിൽ തിരുനാളുകൾ എന്നെല്ലാം എന്നാൽ ഈ പെരുന്നാളും തിരുനാളും ചെറിയ

അർത്ഥ വ്യത്യാസമുണ്ട്. രാജാവിന്റെയോ, പ്രഭുവിന്റെയോ, ദേവന്റെയോ പിറന്നാളിന് തിരുനാൾ എന്നു പറഞ്ഞിരുന്നു. രാജാധിപത്യം മാറി ജനാധിപത്യം വന്നതോടെ തിരുനാളിന് അർത്ഥ പരിവർത്തനം സംഭവിച്ചു. 'ശ്രീ" എന്നതിന്റെ തദ്ഭവമാണ് 'തിരു'. പുണ്യമുള്ള, പരിശുദ്ധമായ, മാനമുള്ള, ഐശ്വര്യമുള്ള, ഭംഗിയുള്ള എന്നെല്ലാം 'തിരു' ശബ്ദത്തിന് അർത്ഥങ്ങൾ.

എന്നാൽ പെരു + നാൾ = പെരുന്നാൾ. വിശേഷദിവസം എന്നർത്ഥം. "പെരു" എന്നതിന് വലിയ, മുഖ്യമായ എന്നെല്ലാമാണ് പൊരുൾ. ശ്രദ്ധിക്കുക നാം സാധാരണ മനുഷ്യരാണ്. അത് കൊണ്ട് തന്നെയാണല്ലോ വിശുദ്ധ കുർബ്ബാനയിൽ സൈദറ പ്രാർത്ഥനയിൽ ഇങ്ങനെ ചൊല്ലുന്നത് 'ഭൂമിയിൽ വെറും പൂഴിയായ എന്നെ നീ, നിന്റെ നിവാസ സ്ഥാനത്തേക്ക് ഉയർത്തിയതിനാൽ നിനക്ക് സ്തുതി, നിനക്ക് സ്തോത്രം'.

എന്നാൽ , പെരുന്നാളിന്റെ കാര്യം വ്യത്യസ്തമാണ്. .

കുറച്ചുകൂടി വ്യക്തമാക്കി പറഞ്ഞാൽ, യേശുവും വിശുദ്ധന്മാരും നമുക്കുവേണ്ടി ത്യാഗം അനുഭവിച്ച് രക്തസാക്ഷിത്വം വരിച്ചവരാണ്. അല്ലാതെ നമ്മെപ്പോലെയുള്ള സാധാരണ മനുഷ്യരായ ഭൂമിയിലെ വെറും പൂഴിയല്ല. ആയതിനാൽ നമ്മുടെ ജന്മദിവസം തിരുന്നാൾ ആയി ആഘോഷിക്കുന്നത് പോലെ വിശുദ്ധന്മാരുടെ വിശേഷ ദിവസങ്ങൾ പെരുന്നാളുകളായി ആഘോഷിക്കണം . പെരുന്നാൾ വലിയ, മുഖ്യമായ ദിവസങ്ങളാണ് എന്നുള്ള ധാരണ ഉണ്ടാവണം. അതുകൊണ്ടുതന്നെയാണ് സഭ വളരെ തീഷ്ണതയോടെ പെരുന്നാളുകളെ കാണുന്നത്

നമ്മുടെ പാരമ്പര്യവും, പൈതൃകവും വരും തലമുറയ്ക്ക്

പറഞ്ഞുകൊടുക്കാൻ നമ്മൾ ഓരോരുത്തരും കടപ്പെട്ടിരിക്കുന്നു അതുകൊണ്ടുതന്നെ



തികച്ചും ആത്മീയ തീഷ്ണതയുള്ളവരായി ജീവിക്കുക എന്നതാണ് നമ്മുടെ ജീവിതത്തിലെ ക്രിസ്തീയ ഉടമ്പടി.


നമ്മുടെ പാരമ്പര്യം പൈതൃകവും നാം കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ് .

സഭയുടെ അച്ചടക്കത്തെയും ആത്മീയതയും നഷ്ടപ്പെടുത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങളും തെറ്റാണല്ലോ ആയതിനാൽ നമ്മുടെ ലിറ്റർജി കമ്മീഷൻ അനുശാസിക്കുന്ന രീതിയിൽ ഓരോ പദങ്ങളും പ്രയോഗങ്ങളും, നമ്മുടെ നോട്ടീസുകളിലും പോസ്റ്ററുകളിലും ഉപയോഗിക്കുന്നതിൽ നാം കുറച്ചുകൂടി ശ്രദ്ധാലു ആകുന്നതിൽ തെറ്റില്ലല്ലോ. പൗരസ്ത്യ സഭകൾ കത്തോലിക്ക കൂട്ടായ്മയിൽ പ്രവേശിച്ചതിനു ശേഷം അവർ നൂറ്റാണ്ടുകളായി കാത്തുസൂക്ഷിച്ച അവരുടെ പാരമ്പര്യം നിഷേധിക്കാൻ തയ്യാറായിരുന്നില്ല എന്ന വസ്തുത നാം ഓർക്കണം അതിശ്രേഷ്ഠവും സമ്പന്നവുമായ നമ്മുടെ ആരാധനാ പൈതൃകം ചൈതന്യം ചോർന്നു പോകാതെ നമുക്ക് സംരക്ഷിക്കാം.

സഭയുടെ ആരാധനാ മൂല്യങ്ങളും തത്വങ്ങളും വരും തലമുറയ്ക്ക് പകർന്നു കൊടുക്കുവാനും നമുക്ക് ഓരോരുത്തർക്കും സാധിക്കട്ടെ.



# കുട്ടികളിലും കൗമാരക്കാരിലും ദന്ത ആരോഗ്യവും സംരക്ഷണവും ചികിൽസകളും.







Dr Vinod Mathew Mulamoottil
Asst Professor public Health Department
Pushpagiri College of Dental Sciences Thiruvalla
drmathewvinod@gmail.com
9447219903


**മുഖസൗന്ദര്യം,** നിരതെറ്റിയ പല്ലുകൾ, പല്ലുകൾക്കിടയിലെ വിടവുകൾ, വിസ്ഡം ടൂത്ത് വരുമ്പോൾ ഉള്ള വേദന നീർക്കെട്ട്,വായനാറ്റം എന്നീ പ്രശ്നങ്ങളാണ് കൗമാരക്കാർ നേരിടുന്ന പ്രധാന ദന്ത ആരോഗ്യ പ്രശ്നങ്ങൾ. പ്രായഭേദമന്യേ ഭക്ഷണകാര്യങ്ങളിൽ പുതിയ ശീലങ്ങൾ ഉണ്ടായിട്ടുണ്ട് ശുചിത്വത്തിന്റെ കാര്യത്തിൽ കേരളീയർ വളരെയധികം ശ്രദ്ധിക്കുന്നുണ്ട് എന്നുള്ളത് ശരിയാണ് എങ്കിലും കൃത്യമായ രീതിയിൽ ഉള്ള ശ്രദ്ധ ആണോ ഉള്ളതെന്ന് എന്ന് നാം പരിശോധിക്കേണ്ടത് ആവശ്യമാണ്. രണ്ടുനേരം പല്ലു തേക്കുന്നത് നല്ലതാണ് പക്ഷേ ഇത് ശരിയായ രീതിയിൽ തന്നെ ആണോ ചെയ്യുന്നത് എന്ന് പരിശോധിക്കേണ്ടത് ആവശ്യമാണ്, ആരോഗ്യപരമായ ഭക്ഷണരീതി ആണോ എന്ന് പരിശോധന നടത്തുന്നതിന് ഒപ്പം പല്ലുകൾക്കും വായ്ക്കും ആവശ്യമുള്ള ശുചീകരണം കൃത്യമായി നടക്കുന്നുണ്ടോ എന്നും പരിശോധിക്കേണ്ടത് അനിവാര്യമാണ്. തിരക്കിട്ട ഈ കാലഘട്ടത്തിൽ കുട്ടികളും മുതിർന്നവരും വീട്ടിലെ ഭക്ഷണത്തിനൊപ്പം ഫാസ്റ്റ് ഫുഡ് ഇഷ്ടപ്പെടുന്നു. ഇത് അമിതമാക്കു മ്പോൾ മറ്റ്

ആരോഗ്യപ്രശ്നങ്ങൾ ഒപ്പം തന്നെ ദന്ത വായ പ്രശ്നങ്ങളും ഉണ്ടാകുന്നതായി കാണുന്നു. നല്ല ശീലങ്ങൾ എല്ലാം തന്നെ മാതാപിതാക്കളും ഗുരുക്കൻമാരും നല്ല സുഹൃത്തുക്കളും പഠിപ്പിച്ചു തന്നിട്ടുള്ളതാണ്.

പല്ലു തേക്കാനും വായ വൃത്തിയാക്കുവാനും കുളിക്കുവാനും ശീലങ്ങൾ ചെറുപ്പത്തിൽതന്നെ സ്വായത്തം ആയതാണ് എന്നാൽ ഇത് കാലക്രമേണ ഒരു ചടങ്ങായി മാറാറുണ്ട്. അതിനുള്ള ഉപയോഗം കൃത്യമല്ലാത്ത ആകുകയും ചെയുന്നു. ചെറുപ്പത്തിൽ മുതലുള്ള ദന്ത വായ സംരക്ഷണം ജീവിതകാലം മുഴുവൻ പ്രയോജനം ചെയ്യുന്നു .ഇതിന് കൃത്യമായ സംരക്ഷണം ശ്രദ്ധിക്കാതിരുന്നാൽ ഒരു സമയത്ത് എല്ലാ പ്രശ്നങ്ങളും കൂടെ ഒരുമിച്ച് ഉണ്ടാവുകയും പല്ലുകൾക്ക് നഷ്ടം സംഭവിക്കുന്നത് കാരണമാകുകയും ചെയ്യും ചെറുപ്പത്തിൽതന്നെ ദന്ത വായ ആരോഗ്യം സംരക്ഷിക്കുന്ന അതുവഴി നല്ല ചിരിയും ആരോഗ്യമുള്ള നല്ല പല്ലുകളും സ്വന്തമാക്കാവുന്നതാണ്. കാഴ്ചയ്ക്കുള്ള പ്രാധാന്യം പോലെതന്നെ ഭക്ഷണം ചവച്ചരച്ച് കഴിക്കുവാനും പല്ലുകൾ ആവശ്യമാണ് . പല്ലുകളെ ശരീരത്തിലെ അവയവം ആയി മനസ്സിലാക്കി അതിനെ ഉപയോഗം ജീവിതകാലം മുഴുവൻ നിൽക്കേണ്ടതാണ് എന്ന് മനസ്സിലാക്കുകയും ചെയ്യണം കുട്ടിക്കാലം മുതൽ നല്ല ദന്ത വായ ആരോഗ്യശീലം വളർത്തിയെടുക്കണം അതിനായി ഏതാനും വഴികൾ നമുക്ക് നോക്കാം:

ദിവസവും രണ്ടുനേരം കൃത്യമായി പല്ലുതേയ്ക്കുക എന്നതാണ് ഏറ്റവും പ്രധാനമായി നമ്മൾ കുട്ടികളെ പഠിപ്പിക്കേണ്ടത് കുട്ടികൾ ചെറിയ പ്രായത്തിൽ അവരുടെ മുഖസൗന്ദര്യത്തിന് വളരെയധികം പ്രാധാന്യം നൽകുന്നില്ല എന്നാൽ കൗമാരത്തിൽ എത്തുമ്പോൾ അവർക്ക് സൗന്ദര്യ ബോധം കൂടുതൽ ആയി തുടങ്ങും. കൃത്യമായ ദന്തസംരക്ഷണം നടന്നില്ല എങ്കിൽ അത് പല്ലുകളിൽ കറ , വായ്നാറ്റം പല്ലു വേദന പല്ല് എടുത്ത് കളയേണ്ട അവസ്ഥ ഇവയിലേക്ക് നയിക്കുന്നു. ദന്ത വായ സംരക്ഷണത്തിനായി ഇന്ന് ഒരുപാട് ഉല്പന്നങ്ങൾ വിപണിയിൽ ലഭ്യമാണ് അതിൽ നമ്മുടെ



പല്ലുകൾക്കും മോണയ്ക്കും ആവശ്യമുള്ളത് ഏതാണ് എന്ന് മനസ്സിലാക്കി തിരഞ്ഞെടുക്കുവാനും കൃത്യമായി ഉപയോഗിക്കാനും ശ്രദ്ധിക്കണം പല്ല് തേയ്പ്പി നോട് ഒപ്പം തന്നെ ദന്തൽ ഫ്ലോസ്സിങ്ങ് ഈ കാലത്തെ ഭക്ഷണ രീതികൾക്ക് ആവശ്യമാണ്. ആഹാരകാര്യങ്ങളിൽ പ്രത്യേകമായ ശ്രദ്ധ ചെലുത്തണം ഭക്ഷണത്തിൽ പച്ചക്കറികൾ പഴവർഗങ്ങൾ നാരുകളടങ്ങിയവ എന്നിവ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

കുട്ടികളിൽ ചെറിയ പ്രായത്തിൽ തന്നെ പുകവലി മറ്റു ലഹരിപദാർത്ഥങ്ങൾ ഇവയുടെ ദൂഷ്യവശങ്ങളേ പറ്റി കൃത്യമായി പറഞ്ഞ് മനസ്സിലാക്കണം സ്കൂളുകളിൽ ഇതിനുള്ള ബോധവൽക്കരണവും ഇതിന്റെ ദൂഷ്യ വശങ്ങൾ ഉൾക്കൊണ്ട പോസ്റ്റുകളും പ്രദർശിപ്പിക്കണം.

## ദന്ത സംരക്ഷണംകൗമാരത്തിൽ

### 1. ടൂത്ത്പേസ്റ്റ്ടൂത്ത് ബ്രഷും

പേസ്റ്റും കൊണ്ട് ദിവസവും രണ്ടുനേരം 3 മിനിറ്റ് മുതൽ 5 മിനിറ്റ് വരെ കണ്ണാടിയിൽ നോക്കി ശരിയായ രീതിയിൽ പല്ലുതേയ്ക്കാൻ ശീലിക്കണം. പല്ലുകളുടെയും മോണയുടെയും ബലത്തിനും ആരോഗ്യത്തിന് ഇത് അത്യാവശ്യമാണ് കാലത്തെ എഴുന്നേറ്റാലുടൻ പല്ലുതേയ്ക്കുക രാത്രിയിൽ ഉറങ്ങുന്നതിനു മുൻപ് എന്നതിനേക്കാൾ

രാത്രി ഭക്ഷണത്തിന് ശേഷം ഉടൻ പല്ല് തേയ്ക്കുക എന്നതാണ് പ്രായോഗികം

2. പല്ലു തേക്കുന്ന രീതി മോണയ്ക്ക് നേരെ 45 ഡിഗ്രി ചരിച്ച് പല്ല് ശരിയായ രീതിയിൽ അമിത ബലം കൊടുക്കാതെ പല്ലു തേക്കുന്നത്പല്ലിന്റെയും മോണയുടെ സംരക്ഷണത്തിന് ആവശ്യമാണ്.

3 ദന്തൽ ഫ്ലോസുകൾ ഉപയോഗിക്കുന്നത് പല്ലിനെയും മോണയുടെയും ആരോഗ്യത്തിന് നിലനിർത്തുന്നതിന് വളരെയധികം സഹായകമാണ് ഇത് രണ്ടു പല്ലുകൾക്കിടയിൽ അടിഞ്ഞു കൂടിയ ഭക്ഷണ അവശിഷ്ടങ്ങളെ പൂർണമായി നീക്കം ചെയ്യുന്ന ഈ ഭാഗത്താണ് ഏറ്റവും കൂടുതൽ പോട് വരുവാനുള്ള സാധ്യത

4. നല്ല ദിനചര്യ ശീലങ്ങൾക്കൊപ്പംനല്ല ആഹാര ശീലങ്ങളും പല്ലിന്റെ യും മോണയുടെയും ശരീരത്തെയും ആരോഗ്യത്തിന് അത്യാവശ്യമാണ്

5 മധുരപാനീയങ്ങളും മധുരപലഹാരങ്ങളുടെ യും മൈ ദാ അടങ്ങിയിട്ടുള്ള ആഹാരസാധനങ്ങളുടെ അമിതമായ ഉപയോഗം പല്ലുകളിൽ പോട് ഉണ്ടാക്കാനായി കാരണമാകുന്നു പല്ലിലും മോണയിലും പറ്റിപ്പിടിച്ചിരിക്കുന്ന ഇതിൻറെ അവശിഷ്ടങ്ങൾ വൃത്തിയാക്കുവാൻ സാധിക്കാതെ വരുമ്പോൾ പോടുകൾക്കും മോണ രോഗങ്ങൾക്കും കാരണമാകും.

6. ധാരാളം വെള്ളം കുടിക്കുന്നത് പല്ലുകളുടെയും മോണയുടെയും ആരോഗ്യത്തിന് ഉത്തമമാണ് കാരണം ഉമിനീര് കൂടുതൽ ഉൽപാദിപ്പിക്കപ്പെടുന്നത് വെള്ളം കുടിക്കുന്നതിലൂടെ ആണ് ഉമിനീരിൽ അടങ്ങിയിട്ടുള്ള പലതരത്തിലുള്ള ധാതുക്കളും എൻസ!!ൈ!!മുകളും പല്ലുകളിൽ പോട് ഉണ്ടാകാതിരിക്കുവാനും പുളിപ്പ് ഉണ്ടാകാതിരിക്കുവാനും ദഹനത്തിനും സഹായിക്കുന്നു. പൂർണ്ണ ആരോഗ്യം ഉള്ള ഒരു വ്യക്തിക്ക് ഒരു ലിറ്റർ മുതൽ ഒന്നര ലിറ്റർ വരെ ഉമിനീര് ഉണ്ടാകും ഇതിൽ 90 ശതമാനവും ദഹനത്തിനായി വയറ്റിലേക്കു തന്നെ പോകുന്നു. കുടിക്കുന്ന വെള്ളത്തെ ആശ്രയിച്ചാണ് ഉമിനീരിന്റെ ഉൽപാദനം.

7. ഇതൊക്കെയാണെങ്കിലും വർഷത്തിലൊരിക്കൽ ഒരു ദന്തഡോക്ടറെ കണ്ട് പ്രശ്നങ്ങൾ എന്തെങ്കിലും ഉണ്ടോ എന്ന് പരിശോധിക്കേണ്ടത് അത്യാവശ്യമാണ്.

വായ്ക്കുള്ളിൽ ഉണ്ടാകുന്ന വെളുത്തതും ചുവന്നതും ആയിട്ടുള്ള പാടുകളും തടിപ്പുകളും പ്രശ്നം ഉള്ളതാണോ എന്ന് പരിശോധിച്ചു പ്രാരംഭഘട്ടത്തിൽ തന്നെ ചികിത്സിക്കാനായി ഈ പരിശോധന നമ്മെ സഹായിക്കുന്നു.

## കൗമാരക്കാരിൽ കാണുന്ന സാധാരണ ദന്ത പ്രശ്നങ്ങൾ

### 1.ദന്തക്ഷയം പോട്

ദന്തക്ഷമാണ് കുട്ടികളിലും കൗമാരക്കാരിലും കൂടുതലായി കാണപ്പെടുന്നത് ചെറിയ പ്രായത്തിൽ പിറ്റ് ആന്റ് ഫിഷർ സീലൻറ് പോലെയുള്ള പ്രതിരോധ ചികിത്സകൾ ചെയ്താൽ ഒരു പരിധിവരെ ദന്തക്ഷയം നമുക്ക് തടയുവാനായി സാധിക്കും കുഞ്ഞുങ്ങളിൽ അഞ്ചു വയസ്സു മുതൽ 12 വയസ്സുവരെയുള്ള സമയത്ത് പാൽ പല്ലുകളും സ്ഥിരദന്തങ്ങളും സമ്മിശ്രമായി കണ്ടുവരുന്ന പ്രായമാണ് ഈ പ്രായത്തിൽ പുതിയതേത് പഴയത് എത് എന്നു മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുള്ള കാലമാണ് ഒരു ഡോക്ടറെ കണ്ടു പരിശോധിച്ചാൽ കുട്ടിയുടെ കാര്യം കൃത്യമായി പറഞ്ഞു മനസ്സിലാക്കിത്തരും. ഇതിനോടൊപ്പം ആഹാരകാര്യത്തിൽ ക്രമീകരണങ്ങൾ വരുത്തുകയും കൃത്യം ആയിട്ടുള്ള ശുചീകരണ ഉപാധികളും രീതികളും ഉപയോഗിക്കുകയും ചെയ്താൽ ദന്ത വായ രോഗങ്ങൾ തടയുവാനായി സാധിക്കും എന്നാൽ ഇത് കൂടുതലായി ബാധിച്ചിട്ടുണ്ടെങ്കിൽ ഫലപ്ര

ദമായ ചികിത്സകൾ നൽകി നിലനിർത്തുവാൻ ശ്രമിക്കുക.

## 2.മോണരോഗം

പല്ലുകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന പ്ലാക്ക് നമുക്ക് നഗ്നനേത്രങ്ങൾകൊണ്ട് കാണുവാനായി സാധിക്കില്ല. ഇത് രോഗാണുക്കളുടെ ഒരു കോളനിയാണ് ,പേസ്റ്റിൽ അടങ്ങിയിരിക്കുന്ന ആൻറി മൈക്രോബിയൽ കണ്ടൻസ് ബ്രഷ് ചെയ്യുമ്പോൾ ഈ പ്ലാക്കും ഭക്ഷണ അവശിഷ്ടങ്ങളും പൂർണമായും നീക്കം ചെയ്യും ഇതിനോടൊപ്പം വാർഷികം ആയിട്ടുള്ള പല്ലു ക്ലിനിംഗ് കാൽകുലസ് അഥവാ ചെത്തൽ
പൂർണമായും നീക്കം ചെയ്യുന്നു ഈ ചികിത്സ കൃത്യമായി ചെയ്താൽ നല്ലൊരു ശതമാനം മോണ രോഗങ്ങൾ ഉണ്ടാകാതിരിക്കാൻ സഹായിക്കുന്നു.

## 3.നിരതെറ്റിയതും കൂടി നിൽക്കുന്നതുമായ പല്ലുകൾ

കൗമാരക്കാർ നേരിടുന്ന പ്രധാന പ്പെട്ട ഒരു സൗന്ദര്യ വിഷയമാണ് നിരതെറ്റിയ പല്ലുകൾ ഇതിൽ കറകളും കൂടി അടിഞ്ഞു കൂടുമ്പോൾ
മോശമാക്കുന്നു കൃത്യമായ അവലോകനം നടത്തി പല്ലുകൾ നിരതെറ്റിയതിന് ചികിത്സ ലഭ്യമാക്കേണ്ടതാണ് . കുട്ടികളുടെ പല്ലിൽ കമ്പി ഇടുന്ന കാര്യത്തിൽ ധാരണകളും തെറ്റിധാരണകളും ഉണ്ട് . ഇതിൽ പ്രധാനമായും ഉള്ള തെറ്റിധാരണ 12 വയസ്സ് കഴിഞ്ഞിട്ടാണ് പല്ലിൽ കമ്പി ഇടണ്ടത് എന്നതാണ്.
ഇത് ഭാഗികമായി ശരിയാണ് . പല്ലിൽ കമ്പി ഇടുന്ന പഠനത്തിന്റെ നിർവ്വചനം തന്നെ ഇത് വളർച്ചയും വികാസവും എന്ന വാക്കിൽ ആണ് തുടങ്ങുന്നത്. ഇതിനാൽ തന്നെ ഇത് വളർച്ചയുടെ കാലഘട്ടത്തിൽ ചെയ്യേണ്ട ചികിൽസയായി മനസ്സിലാക്കണം.
പല്ലുകൾ വന്നു തുടങ്ങുമ്പോൾ തന്നെ നിരീക്ഷിക്കുകയും ആറു വയസ്സു മുതൽ സൂക്ഷമമായി പഠന നിരീക്ഷണം നടത്തുകയും എല്ലിന്റെയും മുഖത്തിന്റെയും വളർച്ചയ്ക്ക് ആവശ്യമായ അപ്ലയൻസുകൾ നൽകി ക്രമീകരിച്ചാൽ 12 വയസ്സിനു ശേഷം നടത്തേണ്ട ചികിൽസ ഒഴിവാകുകയോ സങ്കീർണ്ണത കുറയ്ക്കുകയോ ചെയ്യും.
ഹാബിറ്റുകൾ : മൗത്ത് ബ്രീത്തിംഗ് , നാക്കു തള്ളൽ, വിരൽ കുടി, എന്നിവ ഉണ്ടോ എന്ന് പരിശോധിക്കണം ഉണ്ടെങ്കിൽ നിരത്തുവാൻ ഉള്ള ചികിൽസ നടത്തണം.

നിര തെറ്റലിന്റെസാധ്യത ആറ് വയസ്സു മുതൽ നിരീക്ഷണത്തിൽ വരുത്തുകയും ചികിത്സകൾ പല ഘട്ടങ്ങളായി ലഭ്യമാക്കുകയും വേണം.
പല്ലിൽ കമ്പിയിടുന്ന ചികിൽസ കൃത്യമായി പഠനം നടത്തി നടത്തേണ്ട ചികിൽസ ആണ് ഓരോരുടെയും മുഖത്തിന്റെ ഷേപ്പ്,മുഖത്തിന്റെ അസ്തിയുടെ ഷേപ്പ് ,പല്ലിന്റെയും വേരിന്റെയും പൊ
സിഷൻ, പല്ലിന്റെ വലിപ്പം, എല്ലിന്റെയും അസ്തിയുടെയും തുടർ വളർച്ച സാധ്യത ഇവയെല്ലാം കണക്കിൽ എടുത്താണ് ചികിൽസ നിർണ്ണയിക്കുന്നത്.

## 4. എല്ലിന്റെ ഉള്ളിൽ കുടുങ്ങി കിടക്കുന്ന അവസ്ഥ ഇംപാക്റ്റഡ് ടീത്ത് :

സാധാരണയായി അവസാനത്തെ
നാല് പല്ലുകൾ വിസ്ഡം ടൂത്ത് ആണ് കൂടുതലായി ഇംപാക്റ്റ് ആയിട്ട് കാണുന്നത്



എക്സ്റേ പരിശോധനയിലൂടെ അതിന്റെ പൊസിഷൻ മനസ്സിലാക്കി ആവശ്യം ഉണ്ടെങ്കിൽ ഡോക്ടറുടെ നിർദ്ദേശ പ്രകാരം ഇത് നീക്കം ചെയ്യുന്നത് ഭാവിയിൽ വേദനയും നീരും വായ തുറക്കുവാൻ പറ്റാത്ത അവസ്ഥയുണ്ടാകുന്നതും ഒഴിവാക്കുവാനായി സാധിക്കും ഈ പല്ലുകൾ എടുത്തു കളയുന്നത് ആ ഭാഗത്തെ ബ്രഷിംഗ് കൃത്യമായി നടത്തുവാനും സാധിക്കും. ഇത് എടുത്തു കളഞ്ഞാൽ പല്ല് വയ്ക്കേണ്ട ആവശ്യം ഇല്ല. കൗമാരപ്രായക്കാർ പ്രത്യേകിച്ച് പെൺകുട്ടികൾ 18 വയസ്സിനും 20 വയസ്സിനും ഇടയിൽ ഓ പി ജി എക്സറേ പരിശോധന നടത്തി ഈ പല്ലുകളുടെ പൊസിഷൻ അറിയണം. ഇതു കൃത്യമായി വരാൻ സാധ്യത ഉണ്ടോ എന്ന് പരിശോധന നടത്തി സാധ്യത ഇല്ല എങ്കിൽ ഡോക്ടറുടെ നിർദ്ദേശ പ്രകാരം എടുത്തു കളയണം . സ്ത്രീകൾക്ക് ഗർഭ കാലത്ത് ഈ പല്ലുകൾക്ക് വേദന ഉണ്ടായാൽ ചികിൽസയും മരുന്നും നൽകുന്നത് ബുദ്ധിമുട്ടാണ് . ഈ പല്ലുകൾ ഉൾഭാഗത്തെ മോണയിലും ചളളയിലും കടിച്ച് മുറിവുകൾ ഉണ്ടാകുന്നത് നല്ലതല്ല. കൂർത്ത അഗ്രങ്ങൾ ഉള്ള പല്ലുകൾ വായിൽ ഉണ്ടാക്കുന്ന ഉണങ്ങാത്ത മുറിവുകളും ഓറൽ കാൻസറിന് ഒരു കാരണം ആണ്. പുകവലി, മുറുക്കാൻ , പാൻ എന്നീ ശീലങ്ങൾ ഇതിനുള്ള സാധ്യത കൂട്ടുന്നു.

നല്ല ആരോഗ്യ ശീലങ്ങൾ ചെറുപ്പത്തിൽ തന്നെ ശീലിക്കുന്നത് വളരെ ഉപകാരപ്രദമാണ് മാതാപിതാക്കൾ പല്ലു തേക്കുന്നത് കൃത്യമായി കുട്ടികളെ പഠിപ്പിച്ചു കൊടുക്കുക അതിന് ആദ്യം പരിശോധന നടത്തേണ്ടത് നിങ്ങൾക്ക് (മാതാപിതാക്കൾക്ക്) ഇത് കൃത്യമായി അറിയാമോ എന്നുള്ളതാണ്, കൃത്യമായി അറിയില്ലെങ്കിൽ ഒരു ഡോക്ടറുടെ സഹായത്തിൽ പഠിച്ചെടുക്കുന്നത് നല്ലതാണ്. ദന്ത ചികിത്സകൾ വളരെയധികം ചിലവേറിയ ചികിത്സകളാണ് എന്ന് നമുക്കറിയാമല്ലോ ചികിത്സയിലേക്ക് എത്താതിരിക്കാൻ സമയോചിതമായ പ്രതിരോധ ചികിത്സകളും പരിപാലനവും നൽകിയാൽ മതിയാവും വർഷത്തിലൊരിക്കലുള്ള പരിശോധന ഡോക്ടറുടെ നിർദ്ദേശപ്രകാരം ആവശ്യാനുസരണമുള്ള ചികിത്സകൾ ഇതെല്ലാം സങ്കീർണമായ പ്രശ്നങ്ങളിൽ നിന്നും നല്ല ഒരു പരിധി വരെ രക്ഷനേടുവാൻ സഹായകരമാകും.



ജോബി ബേബി

# മാലാഖമാർക്ക് കെണിയൊരുക്കുന്നവർ


ലേഖകൻ
കുവൈത്തിൽ മിനിസ്ട്രിഓഫ് ഹെൽത്തിന്റെ കീഴിൽ
രജിസ്റ്റേർഡ് നഴ്സായി ജോലി നോക്കുന്നു
Email- jobybaby1989@gmail.com


ദൈവത്തിന്റെ സ്വന്തം മാലാഖമാരെക്കുറിച്ച് വാതോരാതെ സംസാരിക്കുന്ന കാലമാണിത്.എല്ലാക്കാലവും പ്രത്യേകിച്ച് മഹാമാരിക്കാലത്ത് സാന്ത്വനത്തിന്റെയും ആശ്വാസത്തിന്റെയും കിരണങ്ങളായി അവർ ദിവസത്തിന്റെ ഭൂരിഭാഗം സമയവും കർമ്മനിരതരാകുന്ന കാഴ്ചയും നാം കണ്ടു. ജീവിതത്തിലെ കഷ്ടപ്പാടുകളും ദു:ഖങ്ങളും മനസിലൊതുക്കിയാണ് അവരിൽ പലരും ആതുരസേവനം നടത്തുന്നത്. ഒന്നുമില്ലായ്മയിൽ നിന്ന് പഠനത്തിനായി കിടപ്പാടം പോലും പണയപ്പെടുത്തിയാണ് പലരും ഈ രംഗത്തേക്ക് എത്തിയത്. ഉയർന്ന ശമ്പളത്തിനായി വിദേശങ്ങളിലേക്ക് പോകുകയെന്നത് അവരുടെ സ്വപ്നമാണ്. കടം വീട്ടുകയെന്ന ആഗ്രഹമായിരിക്കും മനസുനിറയെ. എവിടെ നിന്നെങ്കിലും കടം വാങ്ങിയ പണം റിക്രൂട്ട്മെന്റ് ഏജൻസികൾക്ക് നൽകുമ്പോൾ പ്രതീക്ഷകളുടെ പൂക്കാലമാണ്. എന്നാൽ,ജോലിത്തട്ടിപ്പുകളുടെ പ്രധാന മേഖലയായി നഴ്സിംഗ് മാറി. വാഗ്ദാനം ചെയ്ത ജോലിയും ശമ്പളവുമില്ലാതെ ദൈവത്തിന്റെ സ്വന്തം നാട്ടിലെ മാലാഖമാർ വിദേശങ്ങളിൽ ദുരിത ജീവിതം നയിക്കുകയാണ്. അത്തരത്തിൽ വിവിധ രാജ്യങ്ങളിൽ പോകാനായും അവിടെ ചെന്നും തട്ടിപ്പിനിരയായ മലയാളി നഴ്സുമാർ നിരവധിയാണ്. ഈ തട്ടിപ്പുകൾക്ക് അറുതി വരുത്തേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞു. അത്തരത്തിൽ വിവിധ രാജ്യങ്ങളിൽ തട്ടിപ്പിനിരയായ മലയാളികൾ ഉൾപ്പെടെയുള്ള നഴ്സുമാരുടെ ജീവിതത്തിലേക്കുള്ള എത്തിനോട്ടമാണ് ഈ ലേഖനത്തിൽ.

# യൂറോപ്യൻ രാജ്യങ്ങളിലെ നഴ്സിംഗ് തട്ടിപ്പ്

ഒരു കാലത്ത് കേരളത്തിൽ നിന്നടക്കം അറേബ്യൻ രാജ്യങ്ങളിലേക്ക് വലിയ തോതിലുള്ള കുടിയേറ്റം നടന്നിരുന്നു.മെച്ചപ്പെട്ട ജീവിത സാഹചര്യവും ഉയർന്ന ശമ്പളവുമായിരുന്നു നഴ്സുമാരുടെ ഗൾഫ് രാജ്യങ്ങളിലേക്കുള്ള വ്യാപകമായ കുടിയേറ്റത്തിന് കാരണം.എന്നാൽ ഈ ട്രെൻഡിൽ ഇപ്പോൾ വലിയ രീതിയിലുള്ള മാറ്റങ്ങൾ ഉണ്ടായി.നഴ്സുമാരുടെ കുടിയേറ്റ ഭൂമിക അറേബ്യക്ക് പുറത്തേക്ക് വ്യാപകമായി പറിച്ച് നടപ്പെട്ടു. കാലക്രമേണ ഈ സ്ഥാനത്ത് യൂറോപ്പും അമേരിക്കയും കാനഡയുമൊക്കെ കടന്നുവന്നു.ഇന്ന് ഏറ്റവും കൂടുതൽ മലയാളികളടക്കമുള്ള ആരോഗ്യപ്രവർത്തകർ കടന്ന് ചെല്ലുന്നത് യൂറോപ്പിലേക്കാണ്.മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളോടും തൊഴിലിനോടുമൊപ്പം വിദ്യാഭ്യാസവും ഇതിനൊരു പ്രധാന കാരണമായി തീർന്നു.ഇത്തരത്തിൽ വ്യാപകമായ കുടിയേറ്റ സംസ്കാരം ആരോഗ്യപ്രവർത്തകർക്കിടയിൽ പ്രത്യേകിച്ചും നഴ്സുമാർക്കിടയിൽ ജോലി സംബന്ധമായ പല തട്ടിപ്പുകൾക്കും കാരണമായി.

അതിൽ പ്രധാനമായും കെയറർ തൊഴിൽ മേഖലയിൽ ഉണ്ടായ തട്ടിപ്പുകളാണ്.2020 ഡിസംബറിൽ സീനിയർ കെയർ വർക്കർ, 2022 ഫെബ്രുവരിയിൽ കെയർ വർക്കർ എന്നീ തൊഴിൽ വിഭാഗങ്ങളെ സ്കിൽഡ് വർക്കർ വിസയ്ക്ക് യു.കെ യിൽ യോഗ്യതയുള്ളവയാക്കി.എന്നാൽ കുറച്ച് നാളുകളായി തട്ടിപ്പിന്റേയും കടുത്ത മനുഷ്യാവകാശ ലംഘനത്തിന്റെയും,മാനസിക സംഘർഷങ്ങളുടെയും ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് കെയർ ഹോമുകളിലെ "കെയറർ" എന്ന തൊഴിലിനായി ഇന്ത്യയിൽ നിന്നും,പ്രത്യേകിച്ച് കേരളത്തിൽ നിന്നും വന്നവർ പങ്കുവച്ചുകൊണ്ടിരിക്കുന്നത്.കെയർ ഹോമുകളിൽ തൊഴിൽ ചെയ്യുന്നവർക്ക് മാനേജർമാരിൽ നിന്നും, മാനേജ്മെന്റിൽ നിന്നും നിരന്തരം പിരിച്ചുവിടൽ ഭീഷണി നേരിട്ട് കൗൺലിങ്ങിന് വിധേയരാകുന്ന കാഴ്ചയും കാണാൻ കഴിയുന്നു.ഇത്തരത്തിലെ പീഡനങ്ങൾ കണ്ടില്ല എന്ന് നടിക്കാനാണ് ഏജൻസികൾ ഭീഷണിപ്പെടുത്തുന്നത്.എന്ന് ജോലിയിൽ പ്രവേശിക്കാൻ കഴിയുമെന്നു പോലും കൃത്യമായി ധാരണയില്ലാതെ നാട്ടിൽ നിന്ന് വന്ന മനുഷ്യർ പലവിധ ചാരിറ്റി സംഘടനകളുടെയും ഫുഡ് ബാങ്കുകളുടെയും ഔദാര്യത്തിൽ മാത്രം ജീവിച്ചു പോകുന്ന സ്ഥിതിയും അവിടെ ഉണ്ട്.എന്തിന് അവിടെ വന്നതിന് ശേഷം തങ്ങളുടെ തൊഴിൽ ദാദാവിന്റെ ലൈസൻസ് നഷ്ടപ്പെട്ടു എന്ന ഞെട്ടിക്കുന്ന സത്യം അറിഞ്ഞ് നാട്ടിലേക്ക് തിരിച്ചു ഡിപ്പോർട്ട് ചെയ്യപ്പെടുന്ന നിമിഷം കാത്തിരിക്കുന്നവർ വരെയുണ്ട് അവിടെ.ഇവർക്ക് നേരിട്ട കനത്ത സാമ്പത്തിക മാനസിക ആഘാതങ്ങൾക്ക് കൃത്യമായ പരിഹാരം പോലും കാണാതെ തിരിച്ചു പോകാനോ മറ്റു ജോലി കണ്ട് പിടിക്കാനോ പറഞ്ഞ് തടി തപ്പുന്ന കാഴ്ചയാണ് ഏജൻസികളുടെ ഭാഗത്തുനിന്ന് കാണാൻ കഴിയുന്നത്. കൂടുതലും വളരെ പിന്നാക്കസാഹചര്യത്തിൽ നിന്നും എത്തുന്നവരാണ് ഇത്തരം ഏജൻസികളുടെ



തട്ടിപ്പുകളിൽ വീഴുന്നത്. നാട്ടിൽ വീട് പണയം വച്ചോ കടം വാങ്ങിയോ യുകെയിലേക്ക് പോരുന്ന ഇത്തരക്കാർ ഇവിടെ വന്നതും നാട്ടിലെ ബാധ്യതകൾ കൊണ്ട് എന്ത് നിലയിലും ചൂഷണം ചെയ്യപെടാവുന്ന നിലയിലേക്ക് എത്തിപ്പെടുന്നു.അവിടെ യുകെയിലെ ഉയർന്ന ജീവിതചിലവുകൾ കൂടിയാകുമ്പോൾ അവരുടെ അവസ്ഥ ദയനീയമാകുന്നു. പലരും ഫുഡ് ബാങ്കുകളെ ആശ്രയിച്ചും ഇന്ത്യൻ സമൂഹത്തിന്റെ സഹായങ്ങളിലും തുടരുന്ന സാഹചര്യമാണുള്ളത്.നാട്ടിലെ ബാധ്യതകൾ കാരണം അവർക്ക് തിരിച്ചു പോകാനോ, ഏജൻസികളുടെ സഹായമോ ഒന്നും ലഭിക്കുന്നുമില്ല. ചില ഏജൻസികൾ പരാതിയുമായി ഇരകൾ പോകാതിരിക്കാൻ ഭീഷണിപ്പെടുത്തുന്നുമുണ്ട്. കോംപീറ്റൻസി ഇല്ല എന്ന് പറഞ്ഞ് ചില മാസങ്ങൾക്ക് ശേഷം മാത്രം പിരിച്ചു വിടപ്പെടുന്നവർക്ക് പരാതി പറയാനുള്ള മാനസികാവസ്ഥ പോലും ഇല്ലാതാകുന്നു. തങ്ങളുടെ വിസ സ്പോൺസർക്ക് വേണ്ടി മാത്രമല്ലാതെ 20 മണിക്കൂർ പുറത്ത് തൊഴിൽ ചെയ്യാനുള്ള നിയപരമായ അവകാശം ഉണ്ടെന്നിരിക്കെ,പല കെയർ ഹോമുകളും ആഴ്ചയിൽ ഒരു മണിക്കൂർ ജോലി കൊടുത്തില്ലെങ്കിലും, മറ്റൊരു ജോലി ചെയ്യാൻ അനുവദിക്കുന്നില്ല.ഇതുകൊണ്ട് വലിയ സാമ്പത്തിക പ്രതിസന്ധിയാണ് മലയാളികൾ അനുഭവിക്കുന്നത്.വലിയ തോതിലുള്ള കെയർ വർക്കർ വിസയിലൂടെ യൂറോപ്യൻ രാജ്യങ്ങളിൽ മറ്റ് നിരവധി രാജ്യങ്ങളിൽ നിന്നുള്ള ആളുകളുടെ വരവാണ് ഉണ്ടായത്.

## ഗൾഫ് നാടുകളിലെ നഴ്സിംഗ് തട്ടിപ്പ്

നഴ്സിംഗ് തട്ടിപ്പിന് ഓരോ തവണയും പുതിയ മാർഗങ്ങളാണ് പരീക്ഷിക്കപ്പെടുന്നത്. ഗൾഫ് രാജ്യങ്ങളിൽ ജോലിയുണ്ടെന്ന് വിശദീകരിച്ച് സോഷ്യൽ മീഡിയയിൽ പരസ്യം നൽകുന്നതാണ് പുതിയ രീതി.ബന്ധപ്പെടുന്നവരോട് ബയോഡേറ്റ ഇമെയിൽ ചെയ്യാൻ നിർദ്ദേശിക്കും .യഥാർത്ഥത്തിൽ തട്ടിപ്പുകാർ പറയുന്ന ആശുപത്രിയിൽ ആ സമയം നഴ്സിംഗ് റിക്രൂട്ട്മെന്റ് നടക്കുന്നുണ്ടാകും.ബയോഡേറ്റ അയയ്ക്കുന്നവരോട് ഒഴിവ് നികത്തി എന്നാകും ആദ്യം അറിയിക്കുക. എന്തെങ്കിലും ഒഴിവ് വന്നാൽ അറിയിക്കാമെന്നും പറയും.ഇത് വിശ്വാസം നേടിയെടുക്കാനുള്ള തന്ത്രമാണെന്ന് തുടക്കത്തിൽ ഉദ്യോഗാർത്ഥികൾക്ക് മനസിലാകില്ല. പിന്നീട് ഒഴിവുണ്ടെന്ന് പറഞ്ഞ് മൊബൈലിലേക്ക് കോൾ എത്തും.ബയോഡേറ്റ പരിശോധിച്ചാണ് യോഗ്യത ഉറപ്പാക്കിയതെന്ന് അറിയിക്കും. ബയോഡേറ്റയിലെ യോഗ്യത അനുസരിച്ചായിരിക്കും തട്ടിപ്പ് സംഘം കെണിയൊരുക്കുക. ഉടനെ പണം നൽകണമെന്നും മറ്റുള്ളവർ കാത്തുനിൽക്കുകയാണെന്നും പറയുന്നതോടെ ഉദ്യോഗാർത്ഥികൾ ചോദിക്കുന്ന പണം കൈമാറും. പണം ലഭിച്ച് കഴിഞ്ഞാൽ ഇവരെക്കുറിച്ച് ഒരറിവുമുണ്ടാകില്ല.

# പരിഹാര മാർഗ്ഗങ്ങൾ

○ ഇത്തരം ക്രൂരമായ തൊഴിൽ ചൂഷണങ്ങൾക്കെതിരെ സമഗ്രമായ ബോധവൽക്കരണവും സർക്കാരിൽ നിന്നുള്ള ശക്തമായ ഇടപെടലുകളും ഉടനടി വേണം.

○ ഇന്ത്യയിലും കേരളത്തിലുമുള്ള ഇത്തരം തട്ടിപ്പ് റിക്രൂട്ട്മെന്റ് ഏജൻസികളെ എത്രയും പെട്ടന്ന് കണ്ടെത്തി നിയന്ത്രിക്കുകയും,പണവും തൊഴിലും നഷ്ടമായവർക്ക് ഉടനടി നീതി നടപ്പിലാക്കാൻ ഒരു അന്വേഷണം പ്രഖ്യാപിക്കുകയുമാണ് വേണ്ടത്.ശക്തമായ റെഗുലേറ്ററി സംവിധാനം സർക്കാരുകൾ ഏർപ്പെടിത്തിയില്ലെങ്കിൽ ഇത്തരം നഗ്നമായ മനുഷ്യാവകാശലംഘനങ്ങൾ തുടർന്നുകൊണ്ട് ഇരിക്കും.

○ നഴ്സിംഗ് ജോലിയുമായി ബന്ധപ്പെട്ട പരസ്യങ്ങൾ കണ്ട് എടുത്ത് ചാടുന്നതിന് മുമ്പ് ഉദ്യോഗാർത്ഥികൾ സ്ഥാപനത്തെക്കുറിച്ച് നിർബന്ധമായും വിശദ അന്വേഷണം നടത്തണം.വിശദാന്വേഷണത്തിൽ ഒരു പരിധി വരെ തട്ടിപ്പിൽ നിന്ന് രക്ഷപ്പെടാം. റിക്രൂട്ട്മെന്റ് ഏജന്റുമാർ തട്ടിപ്പിനായി വിരിക്കുന്ന വലയ്ക്ക് പിന്നിലെ കണ്ണികൾ ഉന്നതരാണ്. എമിഗ്രേഷൻ വിഭാഗത്തിലെ ഉദ്യോഗസ്ഥർ മുതൽ പട്ടിക നീളും. ഈ തട്ടിപ്പിന് അറുതി വരുത്താൻ അന്വേഷണ ഏജൻസികൾ മാത്രം വിചാരിച്ചാൽ നടക്കില്ല. കേന്ദ്ര സംസ്ഥാന സർക്കാരുകൾ വിഷയം ഗൗരവമായി കാണുകയും ഉചിത നടപടികൾ സ്വീകരിക്കുകയുമാണ് വേണ്ടത്.

○ വിദേശ രാജ്യങ്ങളിൽ ജോലിക്ക് അപേക്ഷിക്കുമ്പോൾ കമ്പനി പ്രതിനിധികളുമായി നേരിട്ട് സംസാരിക്കാൻ ശ്രദ്ധിക്കുക. പ്രധാനപ്പെട്ട എല്ലാ കമ്പനികളുടെയും വെബ്സൈറ്റുകളിൽ കരിയേർസ്
ലിങ്ക് കാണാം. അതിൽ നിന്ന് ഇമെയിലോ, ഫോൺ നമ്പറോ വഴി പ്രതിനിധികളെ ബന്ധപ്പെടാം.അല്ലെങ്കിൽ കമ്പനി കോൾ സെന്ററുകളിൽ ബന്ധപ്പെടാം.

○ ഏതു രാജ്യത്തും ജോലിക്ക് വരണമെങ്കിൽ ഔദ്യോഗികമായി ഒപ്പുവയ്ക്കപ്പെട്ട ഓഫർ ലെറ്റർ ലഭിക്കണം. അതിന് ആദ്യം ടെക്നിക്കൽ വിഭാഗത്തിന്റെയും എച്ച്.ആർ വിഭാഗം നടത്തുന്ന ഇന്റർവ്യൂകളും പാസാവണം. ഓഫർ ലെറ്റർ ലഭിച്ചാലും ജോലിയിൽ പ്രവേശിക്കാൻ എംപ്ലോയ്മെന്റ് വിസ വേണം. അതിന് മുമ്പ് തൊഴിൽ മന്ത്രാലയത്തിന്റെ ഓഫർ ലെറ്റർ ലഭിക്കും. ഇത് ലഭ്യമായാൽ മാത്രമേ എംപ്ലോയ്മെന്റ് വിസയ്ക്കുള്ള യോഗ്യതയാവുന്നുള്ളൂ. ഇതെല്ലാം പൂർത്തിയായാലേ പൂർണമായും വിശ്വാസയോഗ്യമായ ജോലി ലഭിച്ചെന്ന് സ്ഥിരീകരിക്കാനാവൂ.

○ അഭിമുഖമോ, വിശ്വസനീയമായ ഓഫർ ലെറ്ററോ ഇല്ലാതെ ഏജൻസി മുഖേന നൽകുന്ന ജോലി വാഗ്ദാനം കണ്ണടച്ചു വിശ്വസിക്കരുത്.ഇടനിലക്കാരെ പരമാവധി ഒഴിവാക്കി നേരിട്ട് സ്ഥാപനവുമായി ബന്ധപ്പെട്ട് വിവരങ്ങൾ സ്ഥിരീകരിക്കുക.

○ യുകെയിൽ നിങ്ങൾക്ക് ജോലി നൽകിയ കമ്പനി വിവരങ്ങൾ അറിയുവാൻ: https://www.gov.uk/get-information-about-a-company യു കെയിൽ നിങ്ങളുടെ കമ്പനിക്ക് സ്പോൺസർഷിപ്പ് ലൈസൻസ് ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ: https://www.gov.uk/government/publications/register-of-licensed-sponsors-workers എന്നീ ലിങ്കുകൾ ഉപയോഗിക്കാം.

" കേരളസർക്കാർ സംശയനിവാരണത്തിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91 8802012345 വിദേശത്തു നിന്നും (മിസ്ഡ് കോൾ സൗകര്യം) ബന്ധപ്പെടാവുന്നതാണ്. norka-roots.org , www.nifl.norkaroots.org ലഭ്യമാണ്.



Adv Shini Mary Sanu
kerala high court

legal

# ഏകീകൃത സിവിൽകോഡ്





**ഇന്ത്യ**യിലെ പ്രധാന മതജാതി വൈജാത്യങ്ങൾക്കനുസരിച്ച് ഓരോ വ്യക്തിക്കും പ്രത്യേകംപ്രത്യേകം ബാധകമാകുന്ന രീതിയിൽ ഇപ്പോൾ നിലവിലുള്ള വ്യക്തി നിയമത്തെ നീക്കി എല്ലാ ഇന്ത്യക്കാർക്കും ഒരേ രീതിയിൽ ബാധകമാകുന്ന തരത്തിൽ ഒരു പൊതു വ്യക്തി നിയമ സംഹിത വേണം എന്ന ആവശ്യത്തിനേയും തർക്കത്തിയേയും കുറിക്കുന്ന പദമാണ് ഏകീകൃത സിവിൽ കോഡ്. ഇത് വ്യക്തികളുടെ വിവാഹം, വിവാഹമോചനം, പരമ്പരാഗത സ്വത്ത്, ദത്ത്, ജീവനാംശം എന്നീ വിഷയങ്ങളിൽ പൊതു

വായ നിയമം കൊണ്ടുവരാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇന്ത്യൻ ഭരണഘടയിലെ നിർദ്ദേശകതത്ത്വങ്ങളിലെ 44ാം വകുപ്പനുസരിച്ച് ഇന്ത്യയിൽ ഏകീകൃത സിവിൽ നിയമം കൊണ്ടു വരേണ്ടുന്നത് ഭരണകൂടത്തിന്റെ കടമയായി കണക്കാക്കുന്നു.

സമകാലീന ഭാരതത്തിൽ മതജാതി അധിഷ്ഠിത വർഗ്ഗീകരണവും വ്യക്തി നിയമവും നിലനിൽക്കുന്നതിനാൽ, ഒരു ഏകീകൃത സിവിൽ നിയമം അത്യാവശ്യമാണ് എന്ന് ഇതിനെ അനുകൂലിക്കുന്നവർ വാദിക്കുന്നു. എന്നാൽ സ്വത്തവകാശം നിയമാവകാശം മാത്രമാണെന്നിരിക്കേ ഇത്തരം നിയമത്തിന് പ്രസക്തിയില്ല എന്ന് എതിർവാദവുമുണ്ട്.

## നിലവിൽ രാജ്യത്തെ വ്യക്തിനിയമങ്ങളിൽ 'ഏകരൂപം' ഇല്ലേ?

നിലവിൽ രാജ്യത്തുള്ള മിക്ക സിവിൽ നിയമങ്ങൾക്കും ഏകീകൃത സ്വഭാവമാണുള്ളത്. കരാർ നിയമം, സിവിൽ പ്രൊസീജ്യർ കോഡ്, ചരക്ക് വിൽപന നിയമം, സ്വത്ത് കൈമാറ്റ നിയമം, പങ്കാളിത്ത നിയമം, മുതലായവ ഇതിന് ഉദാഹരണമാണ്. ഇതിൽ തന്നെ പല നിയമ വ്യവസ്ഥകളിലും ചില സംസ്ഥാനങ്ങൾ ഭേദഗതികളും വരുത്തിയിട്ടുണ്ട്. രാജ്യത്തെ മത, സിവിൽ നിയമങ്ങളിൽ അടക്കം ഈ വ്യത്യാസം കാണാൻ സാധിക്കും.

ഇന്ത്യയിലെ മത നിയമങ്ങൾ നിരവധി വൈവിധ്യങ്ങൾ നിറഞ്ഞതാണ്. രാജ്യത്തെ വ്യത്യസ്ത ഹിന്ദു വിഭാഗങ്ങൾക്കിടയിൽ പോലും നിയമ വ്യവസ്ഥകൾക്ക് മാറ്റമുണ്ട്. സമാനമായി ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങൾക്കിടയിലെ നിയമങ്ങൾക്കിടയിലും നിരവധി വ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ട്.

ഇന്ത്യയുടെ വടക്ക് കിഴക്കൻ മേഖലകളിൽ 200ലധികം ഗോത്രങ്ങൾക്കിടയിൽ അവരുടേതായ വ്യത്യസ്തമായ ആചാര നിയമങ്ങൾ നിലനിൽക്കുന്നു. ഭരണഘടയിൽ നാഗാലാൻഡ്, മേഘാലയ, മിസോറാം സംസ്ഥാനങ്ങളിലെ മത വിഭാഗങ്ങൾക്കും ഭരണഘടന പ്രത്യേക സംരക്ഷണം നൽകുന്നുണ്ട്.

## എന്തുകൊണ്ട് എതിർക്കപ്പെടുന്നു?


രാജ്യത്തെ ഒന്നിപ്പിക്കുന്ന നിയമ നിർമാണം എന്ന നിലയിലാണ് ഏകീകൃത സിവിൽ കോഡിനെ പിന്തുണയ്ക്കുന്നവർ ഉയർത്തുന്ന വാദം. എന്നാൽ രാജ്യത്തെ ന്യൂനപക്ഷങ്ങൾക്ക് എതിരാണ് ഈ നിയമം എന്ന് പ്രതികൂലിക്കുന്നവരും വാദിക്കുന്നു. ചില രാഷ്ട്രീയ കക്ഷികൾക്ക് പുറമെ മുസ്ലീം വ്യക്തി നിയമ ബോർഡ് ഉൾപ്പെടെ ഏകീകൃത സിവിൽ കോഡിന് എതിരെ രംഗത്തെത്തിയിട്ടുണ്ട്.

രാജ്യം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി, തൊഴിലില്ലായ്മ, പണപ്പെരുപ്പം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ നിന്ന് ശ്രദ്ധ തിരിക്കാനാണ് ഇപ്പോൾ ഈ വിഷയം ഉയർത്തിക്കൊണ്ട് വരുന്നത് എന്നും വിമർശകർ ചൂണ്ടിക്കാട്ടുന്നു

# പ്രൊജക്ട് സൂപ്പർവൈസറിൽ നിന്നും

# കെ.എസ് ചിത്ര വരെ.....

## എഴുതിയതോ 100 ൽ പരം ഹിറ്റ് ഗാനങ്ങൾ.



തയാറാക്കിയത് : ലിബി




**മലങ്കര** സുറിയാനി കത്തോലിക്കാ സഭയിലെ മാവേലിക്കര ഭദ്രാസനത്തിലെ മാവേലിക്കര വൈദീക ജില്ലയിലെ ഹരിപ്പാട് ഇടവക യിലെ സി.ജി ചെറിയാ

നും തങ്കമ്മ ചെറിയാനും 1980 സെപ്റ്റംബർ മാസം 18 ആം തീയതി സംഗീത ലോകത്തിന് വളരെയധി കം സംഭാവനകൾ ചെയ്യുക എന്ന പ്രധാന ദൗത്യവുമായി വേണ്ടി ശ്രീ. സുമോദ് ചെറിയാൻ ഭൂജാതനാ യി.

2001 മുതൽ ദുബായിൽ MEP പ്രോജക്ട് ഓഫീസർ ആയി ജോലി ചെയ്തിരുന്ന അദ്ദേഹം.

2017 ലാണു തന്റെ കൈയ്യിലുള്ള ഡയറി യിൽ മനസ്സിൽ വന്ന കുറച്ച് വരികളെ എഴു തി പിടിപ്പിച്ചത്....ഓരോ വരികളും എഴുതി

കോർക്കുമ്പോഴും അദ്ദേഹം അറിഞ്ഞില്ല സംഗീതം എന്ന മൂക്ഷരങ്ങളുടെ ലോകത്തേക്കാണു താൻ എഴുതി കയറുന്നതെന്ന്. ആദ്യ ഗാനം തന്നെ കെസ്റ്റർ എന്ന സ്വർഗ്ഗീയ ഗായകൻ ആണു പാടിയത്."നൊമ്പരം' എന്ന സൂപ്പർ ഹിറ്റ് ആൽബത്തിലെ 'നിൻ തിരുരക്തത്തിൻ ഫലത്താലാണു നാഥാ. ഞാൻ ഇന്നീഭൂവിൽ നിൽപ്പൂ..'ഈ ഗാനം ജന ലക്ഷങ്ങളാണു ഏറ്റെടുത്തത്...അതു കഴിഞ്ഞ് ഓരോ പാട മുൻപ്പൊട്ട് പോകുമ്പോഴും വരികളിലെ മാധുര്യവും,അർത്ഥ തലങ്ങളും കാത്ത് സൂക്ഷിക്കാൻ സുമോദ് എന്ന എഴു

ത്തുകാരൻ വളരെയധികം ശ്രദ്ധ കൊടുത്തിരുന്നു എല്ലാ ഗാനങ്ങളും ദൈവകൃപയാൽ വളരെ മികച്ച സൂപ്പർ ഹിറ്റ് ങ്ങളാണ്. ഏകദേശം 100 ൽ പരം അദ്ദേഹത്തിന്റെ തൂലികയിൽ നിന്നും പിറവി കൊണ്ടു. കെസ്റ്റർ എന്ന സ്വർഗ്ഗീയ ഗായകൻ അദ്ദേഹം എഴുതിയ 13 ഗാനങ്ങൾ ആണ് ആലപിച്ചിരിക്കുന്നത്.അതിൽ എടുത്ത് പറയാൻ സാധിക്കുന്ന ഇവയാണു. നൊമ്പരം,നിറവ്,കനലെരിയും കാൽ വരി,യേശുവിന്നമ്മ,സ്നേഹ ചുംബനം അങ്ങനെ നീളുന്നു.മധു ബാലകൃഷ്ണൻ എന്ന പ്രശസ്ത ഗായകന്റെ ഉറ്റ സുഹൃത്ത് കൂടിയാണു ശ്രീ സുമോദ്. അദ്ദേഹം രചിച്ച" 14 ഗാനങ്ങൾ മധു ബാലകൃഷ്ണൻ ആലപിച്ചിട്ടുണ്ട്.

ചിത്ര അരുൺ എന്ന ഗായികയുടെ എക്കാലത്തേയും മരിയൻ ഹിറ്റ് ഗാനവും ശ്രീ സുമോദിന്റെ വരികളിൽ നിന്നാണു പിറവി കൊണ്ടത്."മറിയം എന്ന മ്മ മറിയം' എന്ന സൂപ്പർഹിറ്റ് ആൽബത്തിലെ 'ഉള്ളുരുകുമ്പോൾ എന്നെ ചേർത്ത് പിടിച്ചവൾ അമ്മ' എന്ന ഗാനവും" 'അമ്മേ അമ്മമാതാവേ'എന്ന മരിയൻ ഗാനവും ആ വർഷം ഹിറ്റടിച്ചു. യേശു



വിന്നമ്മ എന്ന മരിയൻ ഗാനം കെസ്റ്റർ എന്ന സ്വർഗ്ഗീയ ഗായകന്റെ സ്വര മാധുര്യത്തിൽ വീണ്ടും വിരിഞ്ഞു. ശ്രീസുമോദ് എഴുതിയ മരിയൻ ഗാനങ്ങൾ എല്ലാം തന്നെ വളരെ മികച്ച ഹിറ്റുകൾ ആണ്.

എത്രയോ പാട്ടുകാർ,എത്രയോ ഗാനങ്ങൾ എല്ലാം അദ്ദേഹത്തിന്റെ കൈകളിൽ ഭദ്രമാണ്. 2023 ൽ വീണ്ടും ഒരു മരിയൻ ഗാനം കൂടി അദ്ദേഹം രചിച്ചു അത് ആലപിച്ചത് മലയാള പിന്നണി ഗായകൻ എം ജി ശ്രീകുമാറാണു.'ആകാശ നീലിമ പോലെ' ഇപ്പോഴും ജനഹൃദയങ്ങളിൽ സ്ഥനം പിടിച്ച് ഏവരും ഏറ്റു പാടുന്ന ഗാനവും അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് ഉണർന്നത് ആണ്.

അശാമ ഇഹമശൈര എന്ന ഒരു യൂട്യൂബ് ചാനൽ അദ്ദേഹത്തിന്റെ സ്വന്തമാണ്.വളരെ മികച്ച ഗാനങ്ങൾ മാത്രം ഇറക്കുന്ന ചാനൽ എന്ന പ്രത്യേകത ആണ് ഈ ചാനലിനുള്ളത്. പുലർക്കാല ചിന്ത എന്ന 50 ഓളം എപ്പിസ്സോഡ് സുമോദ് എഴുതി മലയാളത്തിലെ ഒട്ടുമിക്ക പ്രഗൽഭ ഡബ്ബിംഗ് ആർട്ടിസ്റ്റുകളും,ഡയറക്ടേർസ്സും,ഗായകരും മറ്റുള്ള വ്യക്തികളുടെ ശബ്ദ മാധുര്യത്തിൽ ഇറക്കിയിട്ടുണ്ട്. ഇവക്കെല്ലാം ചുക്കാൻ പിടിക്കുന്നത് ശ്രീ സുമോദ് തന്നെയാണ്. മികച്ച ഒരു കോർഡിനേറ്റർ കൂടിയാണു ഇദ്ദേഹം ഏത് ഗാനത്തേയും കീറി മുറിച്ച് കറക്ഷൻ പറഞ്ഞ് കൊടുക്കാൻ അദ്ദേഹത്തിനുള്ള കഴിവ് പ്രശംസ അർഹിക്കുന്നതാണ്.

ക്രിസ്തീയ ഗാനങ്ങൾ മാത്രമല്ല




അദ്ദേഹം രചിച്ചത് . പ്രണയ ഗാനവും ,ഓണപാട്ടും കവിതകളും,എല്ലാം തനിക്ക് വഴങ്ങുമെന്ന് ഇതിനോടകം അദ്ദേഹം തെളിയിച്ച് കഴിഞ്ഞു.മനസ്സിൽ പെട്ടെന്ന് തെളിഞ്ഞ് വരുന്ന വാക്കുകളും ആശയങ്ങളും പെട്ടെന്ന് വരികളാക്കാൻ അദ്ദേഹത്തിന് സാധിക്കും.മലയാള പിന്നണി ഗാന രംഗത്ത് ഒട്ടുമിക്ക പാട്ടുകാരും അദ്ദേഹത്തിന്റെ സുമോദിന്റെ വരികളിൽ ഗാനം ആലപിച്ച് കഴിഞ്ഞു.

## സ്വപ്ന സാക്ഷാത്ക്കാരം പൂവണിയുന്നു.

കെ എസ് ചിത്രക്ക് വേണ്ടി എഴുതിയത് രണ്ട് ഗാനങ്ങൾ ആണ് അദ്ദേഹം രചിച്ചത് .അദ്ദേഹത്തിന്റെ സ്വപ്ന സാക്ഷാത്ക്കാരം പൂവണിഞ്ഞ നിമിഷം ആയിരുന്നു അത്.2022 ലെ സൂപ്പർ ഹിറ്റ് ക്രിസ്തുമസ്സ് ഗാനം ആയിരുന്ന ഇമ്മാനുവേൽ

പൊൻപൈതലേ എന്ന ആൽബത്തിലെ 'ഇമ്മാനുവേൽ പൊൻപൈതലേ' എന്ന് തുടങ്ങുന്ന ഗാനം അദ്ദേഹം രചിച്ചത് ആണ് . ഏവരും നെഞ്ചോട് ചേർത്ത് വച്ച ,ലാളിത്യം നിറഞ്ഞ വരികളിൽ ആ തെളിഞ്ഞത് ഉണ്ണിയീശോയുടെ സ്നേഹവും,പുഞ്ചിരിയും,താരാട്ടുമായിരുന്നു.കെ എസ് ചിത്രയുടെ എക്കാലത്തേയും ഹിറ്റ്ഗാനം എന്ന പേരും ഇമ്മാനുവേൽ പൊൻപൈതൽ നേടിയെടുത്തു.

2023 ൽ ഇറങ്ങിയ ഒരു ക്രിസ്തുമസ്സ് ഗാനമായിരുന്നു 'പാതിരാമുത്ത്'എന്ന ആൽബം.ശ്രീമതി രാജ ലക്ഷ്മി അഭിരാം ആയിരുന്നു ആ ഗാനം ആലപിച്ചത്...ആ വർഷത്ത് ഹിറ്റടിച്ച ഗാനവും ശ്രീ സുമോദിന്റെ വരികളിൽ പിറന്നതാണു ജനങ്ങളിൽനിന്ന് മികച്ച പ്രതികരണമായിരുന്നു ഈ ക്രിസ്തുമസ്സ് ഗാനത്തിന് ലഭിച്ചത്.

പിന്നീട് 2024 ൽ വീണ്ടും കെ എസ് ചിത്രക്ക് വേണ്ടി തൂലിക ചലിപ്പിച്ച സുമോദ് 'പാപരഹിതൻ' എന്ന സൂപ്പർ ഗോൾഡൻ ഹിറ്റ് ഗാനം രചിച്ചു.ഇമോഷണൽ ഫീലിൽ ഇറങ്ങിയ ഈ നോമ്പ് ഗാനം കേട്ട് കരയാത്തവരായി ആരും തന്നെ ഉണ്ടോ എന്ന് സംശയം ആണ്.ശ്രീമതി കെ എസ് ചിത്ര വിങ്ങി പൊട്ടി കരഞ്ഞുകൊണ്ടാണ് ഈ ഗാനം ആലപിച്ചത് .അത്ര മനോഹരമായിരുന്നു അദ്ദേഹം എഴുതിയ ആ വരികൾ. കാൽവരിയിലേക്കുള്ള ഒരു പ്രയാണം" വരികളിൽ കൂടി ശ്രോതാക്കളിൽ മനസ്സിലേക്ക് നിറക്കുകയായിരുന്നു ശ്രീ സുമോദ്.

വളരെ മികച്ച ഒരു ഗസൽ ഗാനത്തിന്റെ പണിപ്പുരയിലാണു അദ്ദേഹം ഇപ്പോൾ. അതോടൊപ്പം തന്നെ മറ്റ് ഗാനങ്ങളും അദ്ദേഹം രചിക്കുന്ന തിരക്കിലാണ് ഈ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ വരികൾക്ക് സംഗീതം കൊടുത്ത എല്ലാവരെയും അദ്ദേഹം നന്ദിയോടെ ഓർക്കുന്നു.അവരോടുള്ള കടപ്പാടും,സ്നേഹവും,ബഹുമാനവും ജീവിത കാലം വരെയും കാത്ത് സൂക്ഷിക്കുമെന്നും അദ്ദേഹം പറയുന്നു.ഏവരേയും സ്നേഹത്തോടെ ചേർത്ത് നിർത്തുന്ന ഒരു നല്ല മനസ്സിന്റെ ഉടമകൂടിയണു ശ്രീ സുമോദ് ചെറിയാൻ.നല്ല സുഹൃത്ത് വലയങ്ങൾ കാത്ത് സൂക്ഷിക്കുന്ന വ്യക്തിയാണ് അദ്ദേഹം. കൂട്ടുകാരോടെല്ലാം നല്ല സഹകരണമുള്ള സ്വഭാവത്തിന് ഉടമയാണ് അതോടോപ്പം പുതിയ വ്യക്തികളെ സംഗീതലോകത്തേക്ക് കൈപിടിച് കയറ്റുന്ന ഒരു വ്യക്തികൂടിയാണു ഇദ്ദേഹം.

2001 മുതൽ ദുബായിൽ ജോലിചെയ്യുന്ന ശ്രീ സുമോദ് ചെറിയാൻ കുടുംബസമേതം ദുബായിൽ ആണ് താമസിക്കുന്നത്. ഭാര്യ അനി സുമോദ്. മക്കൾ : അബിൻ സുമോദ് , അതുൽ സുമോദ് , ഐമ മേരി സുമോദ്.



# കൃപാകരം






Fr. Jubi Peter Kuzhinapurathu
Yesu Krupalaya Pastoral Centre
Kadaba, DK , Karnataka

പുത്തൂർ ഭദ്രാസനം, ദക്ഷിണ കന്നഡ വൈദിക ജില്ല, കടബ യേശു കൃപ പാസ്റ്ററൽ സെന്ററിൽ കഴിഞ്ഞ 2 വർഷമായി ഞാൻ താമസിച്ചുവരുന്നു. ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ മക്കാറിയോസ് പിതാവ് “ കൃപാകരം “ എന്ന് നാമകരണം ചെയ്ത് അനുഗ്രഹിച്ച ഒരു പ്രേഷിത ശ്രുശ്രൂഷയാണ് ഇന്ന് ഈ ലേഖനത്തിലൂടെ ഞാൻ നിങ്ങളെ പരിചയപ്പെടുത്തുന്നത്. 2021 ൽ ഞാൻ നൂജിബാൽത്തല കല്ലുഗുണ്ടെ, വിമലഗിരി ഇടവകകളുടെ വികാരി ആയി ശ്രുശ്രൂഷ ചെയ്ത് വരവേ, എന്റെ അജപാലന ശ്രദ്ധയിൽ ചില കുടുംബങ്ങളിലെ പ്രശ്നങ്ങളുടെ അടിസ്ഥാന കാരണം മദ്യപാനമാണെന്ന് മനസ്സിലാക്കുന്നത്. ഉപദേശത്തിലൂടെയും പരമാവധി പല രീതിയിലൂടെയും മദ്യപാന ശീലത്തിൽ നിന്നും വ്യക്തികളെ പിന്തിരിപ്പിക്കാൻ പരിശ്രമിച്ചു. എന്നാൽ കാര്യമായ ഒരു പുരോഗതിയും ഒരാളിലും കണ്ടില്ല. ആ കാലയളവിൽ ആണ് മദ്യപാനം മൂലം പൂർണ്ണമായും തകർന്ന് പോയ ഒരു വ്യക്തിയുടെ കുടുംബത്തെ പല പ്രതിസന്ധികളെയും എതിർപ്പുകളെയും തരണം ചെയ്ത് ഞാൻ ഏറ്റെടു

ത്തതും എന്റെ സുഹൃത്തുക്കളുടെ സഹായത്താൽ ഒരു ഭവനം നിർമ്മിച്ച് അവർക്ക് നൽകിയതും. ഭർത്താവിന്റെ മദ്യപാനം മൂലം സമനില തെറ്റിയ ഭാര്യയെ ബഹുമാനപ്പെട്ട ഉടട സിസ്റ്റേഴ്സിന്റെ സഹായത്താൽ സാധാരണ നിലയിലേക്ക് തിരികെ എത്തിച്ചതും, എന്നാൽ മദ്യപാനിയായ കുടുംബ നാഥനെ മാത്രം രക്ഷിക്കാൻ സാധിച്ചിരുന്നില്ല. അപ്പോഴാണ് എന്നെ ഈ ശ്രുശ്രൂഷയ്ക്ക് നിയമിച്ച
കർത്താവ് എന്നോട് അയാളെ എന്റെ കൂടെ കൊണ്ട് വന്ന് നിർത്തിക്കൂടെ എന്ന ഉൾപ്രേരണ നൽകിയത്.
ഞാൻ തെല്ലും സംശയത്തിന് ഇടയില്ലാതെ അതനുസരിച്ച് അപ്രകാരം ചെയ്തു. അദ്ദേഹം 60 വർഷത്തോളമായി ശീലമാക്കിയ മദ്യപാനം ഉപേക്ഷിച്ചു. ഒരാഴ്ചക്കാലം എന്റെ കൂടെ താമസിച്ചതിന് ശേഷം തിരികെ വീട്ടിലേക്ക്
പോയി. താമസിയാതെ ഉടട സിസ്റ്റേഴ്സിന്റെ പരിചരണത്തിലായിരുന്ന ഭാര്യയും അയാളോടൊപ്പം പുതുതായി പണികഴിപ്പിച്ച ആ വീട്ടിലേക്ക്
പോയി വളരെ മാതൃകാപരമായി ജീവിച്ചു. പല ഇടങ്ങളിലായിരുന്ന മക്കളും സ്വഭവനത്തിലേക്ക് തിരികെയെത്തി. ഈ ഉത്തമ
മാതൃക ജീവിതത്തിൽ ആകൃഷ്ട്ടരായി പല വലിയ കുടിയന്മാരും മദ്യപാനം നിർത്തി എന്നത് ഏറ്റം സന്തോഷം നൽകുന്ന വാർത്തയായിരുന്നു. ഈ സ്വാധീനം, ഇടവകയിലെ ചില ആളുകളിൽ മദ്യപാനത്തിന്റെ
ആസക്തിയിൽ നിന്ന് വിടുതൽ വേണമെന്ന ആവശ്യബോധം ഉണർത്തി. ഇതിനിടയ്ക്ക് ഒരു
മദ്യപാനിയായ ഭർത്താവിനെ അവരുടെ കുടുംബപ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി മംഗലാപുരം ഗവ ആശുപത്രിയിൽ കൊണ്ട് പോയി. അങ്ങനെ ആണ് ഇതുമായി ബന്ധപ്പെട്ട ഒരു ഹോസ്പിറ്റലിൽ മിനിസ്ട്രി രൂപപ്പെട്ടത്. അക്കാലത്ത് ആ ഇടവകയിൽ നിന്നും ഒരു യുവാവ്, എന്നെ കൂടി
കുടി നിർത്താൻ സഹായിക്കണമെന്ന ആവശ്യവുമായി എന്നെ സമീപിച്ചു. അപ്പോൾ ഞാൻ അഭിവന്ദ്യ
പിതാവിന്റെ അനുവാദത്തോടെ ഈ ആവശ്യമായി വരുന്നവരെ ഹോസ്
പിറ്റലിൽ കൊണ്ട് പോയ ശേഷം ഒരാഴ്ച എന്റെ കൂടെ നിർത്തി പോന്നു. എന്നാൽ അവരിൽ കണ്ടു വന്ന, മദ്യത്തിൽ നിന്നും പിന്മാറുമ്പോൾ ഉണ്ടാകുന്ന ചില ആരോഗ്യ പ്രശ്നങ്ങൾ മാത്രമാണ് പരിഹരിക്കപ്പെട്ടത് എന്ന് എനിക്ക് ബോധ്യമായി. തുടർന്ന് അഭിവന്ദ്യ പിതാവ് ഈ കാര്യങ്ങളിൽ കൂടുതൽ അറിവ് ലഭിക്കുന്നതിനായി കോട്ടയം ട്രാഡായിൽ ഒരു ഡിപ്ലോമ കോഴ്സിൽ പങ്കെടുക്കുവാൻ അനുവാദം തന്നു.

തുടർന്ന്, ഈ ശ്രുശ്രൂഷ ഈ കാലയളവിൽ ദൈവം ആവശ്യപ്പെടുന്നതാണ് എന്ന തിരിച്ചറിവിൽ കടബ പട്ടണത്തിൽ നിന്നും ഒരു കിലോമീറ്റർ മാത്രം ദൂരമുള്ള യേശുകൃപ പാസ്ററൽ സെന്റർ കെട്ടിടത്തിൽ അത്യാവശ്യ
പുനരുദ്ധാരണങ്ങൾ ഒക്കെ ചെയ്ത് വാസയോഗ്യമാക്കി. 'കൃപ കിരണം ' എന്ന് നാമകരണം ചെയ്ത് ഇവിടെ പ്രവർത്തനം ആരംഭിച്ചു. മനുഷ്യന് അസാധ്യമായത് ദൈവത്തിന് സാധ്യമാണ് എന്ന് വ്യക്തമാക്കുന്ന ഒരു പ്രേഷിത കർമ്മമാണ് ഇവിടെ കണ്ടുവരുന്നത്. കഴിഞ്ഞ 2 വർഷമായി 102 പേരോളം ഇവിടെ വന്നു പോയിട്ടു




ണ്ട്. അവരിൽ 70 ഓളം പേർ മദ്യാസക്തി നിയന്ത്രിച്ച് ജീവിക്കാൻ, ദൈവത്തിൽ പരിപൂർണ്ണമായി ശരണപ്പെട്ട് ജീവിക്കുന്നു. ഈ നിയന്ത്രിതാവസ്ഥയെ പിന്തുടരുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന അഅ എന്ന ചുരുക്കപേരുള്ള **Alcoholic Anonymous** ഗ്രൂപ്പിന്റെ ഔദ്യോഗിക ഉദ്ഘാടനം മാർച്ച് മാസം 10 ആം തിയ്യതി അഭിവന്ദ്യ പിതാവ് ഇവിടെ വെച്ച് നിർവഹിച്ചു. കഴിഞ്ഞ 8 മാസമായി എല്ലാ ഞായറാഴ്ചകളിലും അ മീറ്റിംഗ് ഇവിടെ നടക്കുന്നുണ്ട്.

മദ്യപാനം നിയന്ത്രിച്ച് ജീവിക്കുന്നവർ തങ്ങളുടെ സുന്ദരമായ ജീവിതാവസ്ഥയിലേക്ക് മദ്യപാനികളായ മറ്റുള്ളവരെയും എത്തിക്കുന്നതിൽ ശ്രദ്ധിക്കുന്നുണ്ട് എന്നതും ഈ പ്രേഷിത ശുശ്രൂഷയുടെ അനുഗ്രഹമാണ്. ഈ പ്രവർത്തനങ്ങൾക്ക് സാമ്പത്തികമായും സാന്നിധ്യം കൊണ്ടും പ്രോത്സാഹനം കൊണ്ടും കൂടെ നിൽക്കുന്ന അനേകരുണ്ട്. വിദൂരസ്ഥരും സമീപസ്ഥരുമായ അനേകർ ഇവിടെ വന്ന് ദൈവീക ശക്തിയാൽ ഞങ്ങൾ മദ്യപാനത്തെ വരുതിയിലാക്കും എന്ന് മനസ്സിൽ ഉറപ്പ് വരുത്തി ആത്മവിശ്വാസത്തോടെ തിരികെ പോകുന്നു. മംഗലാപുരം ഗവ. ഹോസ്പിറ്റലിലെ ചികിത്സയും 21 ദിവസത്തെ ഇവിടുത്തെ വാസവും പ്രാർത്ഥനയും ദിവ്യകാരുണ്യ സന്നിധിയിലുള്ള അവരുടെ വിട്ട് കൊടുക്കലും വിചിന്തനത്തിനും അവസരം നൽകുന്നു. മറ്റാരുടെയും പ്രേരണ കൂടാതെ ഇവിടെ വരുന്നവർക്ക് മാത്രമാണ് 100 ശതമാനവും ഫലം പ്രാപിക്കാൻ സാധിക്കുന്നത് എന്നുള്ളതും ശ്രദ്ധേയമായ ഒരു സത്യമാണ്. ഈ ശുശ്രൂഷ ഈ കാലയളവിന്റെ ഒരു പരിശുദ്ധാത്മപ്രചോദനമാണെന്ന് വ്യക്തിപരമായി ഞാൻ തിരിച്ചറിയുന്നു. പ്രാർത്ഥനകളിലും പ്രോത്സാഹനങ്ങളിലും ഈ ദൈവജന ശുശ്രൂഷയെ കൂടി ഉൾപ്പെടുത്തണമേ...

മദ്യപാന ശീലം ക്രമേണ വളർന്ന് വളർന്ന് മദ്യത്തിന്റെ ആശ്രിതരും അടിമകളുമായി മദ്യപാനികളെ മാറ്റുന്നു. ഒരിക്കലായി മദ്യപാന അടിമത്വം സംഭവിച്ച് കഴിഞ്ഞാൽ അത് ശാരീരികവും മാനസികവുമായ വൈകല്ല്യങ്ങൾ ഉളവാക്കും. അത് രോഗാവസ്ഥയിലേക്ക് മദ്യപാനിയെ എത്തിക്കും. ഒരിക്കൽ മദ്യപാന രോഗം ബാധിച്ചാൽ അത് ചികിത്സിച്ചു പൂർണ്ണമായും ഭേദമാക്കാൻ ആവില്ല. മറിച്ച് ദൈവാശ്രയ ബോധത്തിലും ആഴമായ എളിമയിലും ഈ ദുരവസ്ഥ തിരിച്ചറിഞ്ഞ് സ്വയം നിയന്ത്രിച്ച് ജീവിക്കാൻ ആണ് സാധിക്കുക. ഇതാണ് ഇവിടെ നിന്നും നൽകി വരുന്ന ഉൾക്കരുത്ത്. ഇത് ഒരു വ്യക്തിയുടെ സ്വയതീരുമാനവും സമൂഹത്തിന്റെ പിന്തുണയുമാണ് ആവശ്യപ്പെടുന്നത്.

ഒപ്പം, വളരെ വ്യക്തിപരമായി പറഞ്ഞാൽ ഇവിടെ നിരന്തരം സംഭവിച്ചു കൊണ്ടിരിക്കുന്നത് ഒരു ദിവ്യകാരുണ്യ അത്ഭുതമാണ്. അതായത്, വ്യക്തി അധിഷ്ഠിതമായി എന്നെ പ്രാർത്ഥനയ്ക്കായും ഈ ശുശ്രൂഷയുടെ ചില പ്രായോഗിക ബുദ്ധിമുട്ടുകളും ക്ലേശങ്ങളും പരിഗണിച്ചും ദിവ്യകാരുണ്യം 24 മണിക്കൂറും ഇവിടുത്തെ ചാപ്പലിൽ എഴുന്നള്ളിച്ച് വെയ്ച്ചിരിക്കുകയാണ്. ഇത് എന്റെ വളരെ വ്യക്തിപരമായ ഒരു ആവശ്യമായി പരിഗണിച്ച അഭിവന്ദ്യ പിതാവ് വളരെ സ്വകാര്യമായ ഒരു അനുവാദം തന്നിട്ടുണ്ട്. ഇത് പരസ്യമായ പൊതു ആരാധനയ്ക്ക് വേണ്ടി അല്ല. ഈ ശുശ്രൂഷയുടെ ആത്മീയ ബലത്തിനായിട്ടാണ്. ഇവിടെ താമസിക്കുന്ന മദ്യപാന രോഗികൾ ദിവ്യകാരുണ്യ ഈശോയുടെ മുമ്പിൽ സാഷ്ടാംഗം വീണു കിടന്നു പ്രാർത്ഥിക്കുന്നത് സ്ഥിരം കാഴ്ച്ചയാണ്. അത് ജാതി മത ഭേദമന്യേ, ഈ നാട്ടുകാരായ ഹൈന്ദവർ പോലും അപ്രകാരം ഈശോയുടെ മുമ്പിൽ കമിഴ്ന്നു വീണു കിടന്നു പ്രാർത്ഥിക്കുന്നത് പലവട്ടം കണ്ടിട്ടുണ്ട്. ഈ കഴിഞ്ഞ ദിവസങ്ങളിൽ ഈശോ നൽകിയ ഉൾക്കാഴ്ച്ച, ഏത് വലിയ മദ്യപാനി യെയും നീ എന്റെ മുൻപിൽ കൊണ്ട് വന്ന് നിർത്തുക. അവരിലേക്ക് ഞാൻ ശക്തിയായി എന്റെ കൃപ പ്രവഹിപ്പിക്കും. അപ്പോൾ അവർക്ക് അനുഭവപ്പെടാൻ സാധ്യത ഉള്ള എല്ലാ ബുദ്ധിമുട്ടുകളും സൗഖ്യമാകും എന്നാണ്. ഈ ബോധ്യം കിട്ടിയ അന്ന് മുതൽ വന്നിട്ടുള്ള എല്ലാ മദ്യപാനികളെയും ഞാൻ ദിവ്യ കാരുണ്യ ഈശോയുടെ മുമ്പിൽ കൊണ്ട് വന്ന് കരങ്ങൾ ഉയർത്തി പിടിച്ച് നിർത്തി പ്രാർത്ഥിപ്പിക്കാറുണ്ട്. ജാതി മത ഭേദമില്ലാതെ എല്ലാവരിലും ഈശോ നൽകുന്ന സൗഖ്യം നമ്മെയും എപ്പോഴും അത്ഭുതപരവശരാക്കാറുണ്ട്. ദൈവത്തിന്റെ അനന്തമായ കാരുണ്യം അത് മറ്റുള്ളവരും അനുഭവിക്കുന്നതും തൊട്ടറിയുന്നതും കാണുമ്പോൾ ഏറെ സന്തോഷവും. കൂടാതെ ഈശോ നൽകിയ ബോധ്യം എന്തെന്നാൽ, മദ്യത്തിനും മയക്കുമരുന്നിനും അടിമകളായ മനുഷ്യർ പിശാച് തട്ടിയെടുത്ത ആത്മാക്കൾ എന്നാണ്. നമ്മുക്ക് പിശാചിന്റെ കൈയ്യിൽ നിന്നും ഈ ആത്മാക്കളെ കർത്തനിലേക്ക് തിരികെ കൊണ്ട് വരാൻ ശ്രമിക്കാം. ദൈവത്തിനു സ്തുതി...

# ഓർമ്മയിൽ ആചാര്യന്മാർ



ആചാര്യേശാ നിൻരഹസ്യങ്ങൾ
പരികർമിച്ചൊരു ആചാര്യന്നേകുക
പുണ്യം നാഥാ സ്തോത്രം!

www.manivilaku.com

## Thiruvananthapuram

| | |
|---|---|
| Rt. Rev. Msgr. C.T. Kuruvila | 22-05-1997 |
| Rev. Fr. Xavier Njayappallil | 19-05-1998 |
| Rev. Fr. Varghese Edathil | 03-05-1996 |
| Rev. Fr. Mathew Kalayil | 16-05-2006 |
| Rev. Fr. Mathew Elanjickal | 20-05-2002 |
| Rev. Fr. Kurian Elanjimattom | 01-05-1982 |
| Rev. Fr. Joshua Thekkecharuvil (Kumbazha) | 21-05-1983 |
| Rev. Fr. Joseph Palathumthalackal | 13-05-1949 |
| Rev. Fr. Joseph Mathew Chalkadavil | 18-05-1985 |
| Rev. Fr. John Konniyoor | 04-05-2009 |
| Rev. Fr. Gevarghese Kilannamannil | 24-05-1935 |
| Rev. Fr. Geevarghese Kuttiyil (Kattanam) | 16-05-1966 |
| Rev. Fr. Abraham Valuparampil | 29-05-2005 |

## Pathanmthitta

| | |
|---|---|
| Rev. Fr. Philipose Nadamala | 21 May 2019 |

## Bathery

| | |
|---|---|
| REV. FR. THOMAS MANALEL | 1987-05-04 |
| REV. FR. PHILIP CHACKALAMURIYIL | 1993-05-20 |
| REV. FR. KURIAN KUZHIMURIYIL | 1998-05-03 |
| REV. FR. GEORGE VAZHAYIL | 2014-05-21 |

www.manivilaku.com

## Triruvalla

| | |
|---|---|
| Rt. Rev. John Melamparampil Remban | 14, May 2011 |
| Rev. Fr. Zacharias Kumblakkunnel | 27 May 1992 |
| Rev. Fr. P. M. Abraham Puthenpeedikayil | 23 May 2004 |
| Rev. Fr. Kuriakose Thalichira | 14 May 1982 |
| Rev. Fr. John Kunnath | 19 May 1989 |
| Rev. Fr. Jacob Vazhuthalakatt | 25 May 1990 |
| Rev. Fr. George Panakezham | 26 May 2021 |
| Rev. Fr. Abraham Kalakkudi | 24 May 2012 |

## Muvattupuzha

| | |
|---|---|
| Fr. Francis Puthuparambil | 7 May 2017 |

ഓർമ്മയിൽ ആചാര്യന്മാർ



# ഓർമ്മയിൽ ആചാര്യന്മാർ

[illegible]

ആചാര്യേശാ നിൻരഹസ്യങ്ങൾ
പരികർമിച്ചൊരു ആചാര്യന്നേകുക
പുണ്യം നാഥാ സ്തോത്രം!

## Bethany

| | |
|---|---|
| Fr. Raphael Cherupuzhathottathil OIC | 13/2005 |
| Fr. Sebastian J. Kuttikattil OIC (73) | 15/2015 |
| Fr. Joseph Valakuzhy OIC | 18/2015 |
| Fr. Thomas Mavileth OIC | 23/2012 |

www.manivilaku.com

# വന്ദ്യ സന്ന്യാസിനിമാർ

"നിൻ ദയയിങ്കൽ ശരണിതയായ്
നിദ്രയടഞ്ഞൊരു സോദരിയെ നിൻ മഹിമോദയ
ദിവസത്തിൽ നിൻ കാരുണ്യം കാട്ടേണം"

## Thiruvananthapuram

| | |
|---|---|
| Sr. Sebia SIC | May 01 |
| Sr. Archana SIC | May 03 |
| Mother Denha SIC | May 13 |
| Sr. Segdas SIC | May 18 |
| Sr. Smirtha SIC | May 19 |

## Thiruvalla

| | |
|---|---|
| Sr. Martha SIC | May 04 |
| Sr. Monica SIC | May 09 |
| Sr. Sr. Bernaditha SIC | May 24 |
| Sr. Beninja SIC | May 31 |

## Bathery

| | |
|---|---|
| Sr. Nirmala SIC | May 05 |

## Pathanamthitta

| | |
|---|---|
| Sr. Agnes SIC | May 27 |

## Muvattupuzha

| | |
|---|---|
| Sr. Rita Mary SIC | May 11 |

## Daughters of Mother Mary

| | |
|---|---|
| Sr. Mary Francina DM | May 01 |
| Sr. Betty DM | May 09 |
| Sr. Reetha DM | May 10 |
| Sr. Mary Elizabeth DM | May 10 |
| Sr. Theophine DM | May 11 |
| Sr. Brigit DM | May 17 |
| Sr. Benedict DM | May 19 |
| Sr. Marcelina DM | May 20 |
| Sr. Mary Michael DM | May 23 |
| Sr. Helen DM | May 27 |
| Sr. Paula DM | May 28 |
| Sr. Lucy DM | May 31 |
| Sr. Mary Clottilda DM | May 31 |



# ടൈം ലൈൻ

# മലങ്കര സഭ മെയ് മാസത്തിൽ

**1926 മെയ് 1 :** ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെ മെത്രാഭിഷേകം (മലങ്കര ഓർത്തഡോക്സ് സഭയിൽ). നിരണത്തുവച്ച് നടന്ന ഈ മെത്രാഭിഷേകത്തിന് പരി ശുദ്ധ ബസേലിയോസ് കാതോലിക്കാ ബാവാ (വാക ത്താനം മാർ പീലക്സിനോസ്) മുഖ്യകാർമ്മികനും കണ്ടനാട് മെത്രാപ്പോലീത്താ യൂയാക്കിം മാർ ഈവാനിയോസ്, നിരണം മെത്രാപ്പോലീത്താ മാർ ഗ്രീഗോറി യോസ് (പിന്നീട് മൂന്നാം കാതോലിക്കാ ബാവാ) എന്നീ തിരുമേനിമാർ സഹകാർമ്മികരുമായിരുന്നു

**1933 മെയ് 12 :** ഹൈരാർക്കി സ്ഥാപി തമായതിനുശേഷമുള്ള പ്രഥമ ദിവ്യബലി മാർ ഈവാനിയോസ് പിതാവിന്റെ കാർമി കത്വത്തിലും, യാക്കോബ് മാർ തെയോഫിലോസ് തിരു മേനിയുടെ സഹകാർമികത്വത്തിലും പാളയം സമാധാന രാജ്ഞി പ്രോ കത്തീഡ്രലിൽ.

**1933 മെയ് 25:** മലങ്കര ഓർത്തഡോക്സ് സഭയിലെ നിരണം മെത്രാപ്പോലീത്താ ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെ മെത്രാഭിഷേകം (മലങ്കര ഓർത്ത ഡോക്സ് സഭ).

**1950 മെയ് 5 :** തിരുവല്ലാ ഭദ്രാസനാദ്ധ്യക്ഷനായി ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം.

**1989 മെയ് 25 :** തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയുടെ കൂദാശ.

**2005 മെയ് 14:** മോറാൻ മോർ സിറിൽ ബസേലിയോസ് തിരുമേനി യുടെ മേജർ ആർച്ചുബിഷപ്പ് കാതോലിക്കാ സ്ഥാനാരോഹണം.

**2005 മെയ് 16:** തിരുവനന്തപുരത്ത് കാതോലിക്കേറ്റ് സെന്ററിന്റെ ശിലാശീർവാദകർമ്മം പൗരസ്ത്യ തിരുസംഘത്തിന്റെ അധ്യക്ഷൻ ഇഗ്നാസ് കർദ്ദിനാൾ മൂസാ ദാവൂദ് നിർവഹിച്ചു.

**2006 മെയ് 15 :** തിരുവല്ലാ അതിഭദ്രാസന സ്ഥാപനം, തിരുവല്ലാ കേന്ദ്രമായി മെത്രാപ്പോലീത്തൻ പ്രവിശ്യയുടെ സ്ഥാപനം.

**2007 മെയ് 2 :** തിരുവല്ല അതിഭദ്രാസന മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായി അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയുടെ സ്ഥാനാരോഹണം.

**2013 മെയ് 19:** മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ റോമിലെ തന്റെ സ്ഥാനിക ദൈവാലയമായ (titular church) സെന്റ് ഗ്രിഗോറിയോ 7ാമന്റെ ബസിലിക്കായുടെ ചുമതല ഏറ്റെടുത്തു.


**2015 മെയ് 1 :** ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസന ത്തിന്റെ ഉദ്ഘാടനവും ഭദ്രാസനത്തിന്റെ പ്രഥമ മെത്രാൻ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരു മേനിയുടെ സ്ഥാനാരോഹണവും ഡൽഹിയിൽ.

**2015 മെയ് 30 :** കഡ്കി സെന്റ് എഫ്രേം എക്സാർക്കേറ്റിന്റെ ഉദ്ഘാ ടനവും പ്രഥമ എക്സാർക്കായി അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയുടെ സ്ഥാനാരോ ഹണവും പൂനെയിൽ.

ചുരുങ്ങിയ മാസങ്ങൾകൊണ്ട് മണിവിളക്ക് കൂടുതലായി വായിക്കപ്പെടുന്നുണ്ട് എന്നത് നിങ്ങളുടെ മെസേജുകളിലൂടെ മനസ്സിലായി. കൂടുതലായുള്ള നിർദ്ദേശങ്ങളെ തുടർന്ന്, ഇപ്രാവശ്യം മുതൽ ഉൾപേജുകളിലെ അക്ഷരങ്ങൾ കൂടുതൽ വായനയോഗ്യമാകുന്ന വിധം മാറ്റങ്ങൾ വരുത്താൻ ശ്രമിച്ചിട്ടുണ്ട്. 'മണിവിളക്ക്' ൽ നിന്നും ഇനിയും എന്താണ് പ്രതീക്ഷിക്കുന്നതെന്ന് അറിയാൻ ആഗ്രഹമുണ്ട്...




തിരുവല്ല പാലത്തിങ്കൽ സണ്ണി അലക്സാണ്ടറുടെയും ലൈസ സണ്ണിയുടെയും മകൻ **ഷെബിൻ അലക്സ് സണ്ണിയും** കോട്ടയം തറയിൽ ഹൗസ് സ്കറിയാ ജോസഫിന്റെയും ബീന സ്കറിയയുടെയും മകൾ **അന്ന സ്കറിയയും** തമ്മിലുള്ള വിവാഹം ഏപ്രിൽ മാസം 25ആം തീയതി അഭിവന്ദ്യ ആബൂൻ എബ്രഹാം മാർ യൂലിയോസ് തിരുമേനി (മൂവാറ്റുപുഴ ബിഷപ്പ് എമിരറ്റസ്) മുഖ്യ കർമികത്വത്തിൽ നടത്തപെട്ടു.




Managing Editor & Published by Mr. Tojo p thomas, Published from Parankammoottil H,Valakuzhy P.O
Vennikulam, Pathanamthitta, Kerala. and BIJU GEEVARGHESE CHANDANAPALLY
Cover & layout Manivilaku Homelab
EMail: editor@manivilaku.com